Reg. No. C. 101, M. 2193

വരിസംഖ്യ
സത്യദീപം
പ്രതിവർഷം അഞ്ചൽ 6 0-0
പ്രതിവർഷം തപാൽ 6-8-0
ഒറ്റപ്രതി 0-2 0

വരിസംഖ്യ
മലബാർ മെയിൽ
പ്രതിമാസം അഞ്ചൽ 1- 8 0
പ്രതിമാസം തപാൽ 1-12 0
ഒറ്റപ്രതി 0- 1 0

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 22 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1124 മേടം 22 | ലക്കം 35



12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ ഗുരുപ്പട്ട സുവർണ്ണജൂബിലീസ്മാരകമായി പ്രതിഷ്ഠിതമായ ഒല്ലൂർ ഫൊ. പള്ളിയുടെ പുതിയ മുഖവാരം 10-4-49 ൽ തൃശ്ശൂർമെത്രാൻ തിരുമനസ്സുകൊണ്ടു ആശീർവ്വദിക്കുകയും അതിനെത്തുടർന്നുണ്ടായ ജൂബിലിയോഗത്തിൽ തിരുമേനി അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. തദവസരത്തിൽ എടുത്ത ഫോട്ടോ.

ബാലരംഗം

# ഓറട്ടറിയിലെ പാപ്പാഭക്തി

"ജയശബ്ദമുടൻ ദിഗന്തസ-
ഞ്ചയമൊട്ടുക്കു മുഴങ്ങിയേററവും.
സ്വായമപ്പുരമത്ഭുതം മഹോ-
ദയമായ് ക്ഷുബ്ധത പൂണ്ടസിന്ധു
പോൽ."

പ്രിയ കുഞ്ഞുങ്ങളേ,

ബോസ്കോഅച്ചനും കുട്ടികൾക്കും ഓറട്ടറിയിൽ എന്നും ഉല്ലാസദിനങ്ങളായിരുന്നു. മ്ളാനതയുടേയും ആകുലതയുടേയും ശീതക്കാററു ആ മതിൽക്കെട്ടിനകത്തു കടക്കാൻ ഒരിക്കലും അനുവദിച്ചിരുന്നില്ല. എന്നാൽ ഇന്നു അവിടെ അത്ഭുതപൂർവ്വമായ ഒരു ആഘോഷദിവസമാണ്. ഒൻപതാം പീയൂസ് മാർപ്പാപ്പാതിരുമനസ്സുകൊണ്ട് ഓറട്ടറിയിലെ കുട്ടികൾക്കു നൽകുന്നതിനായി 60 ഡസൻ ജപമാലകൾ വാങ്ങിച്ച്, പരിശുദ്ധപിതാവുതന്നെ അവയെ ആശീർവദിച്ച്, ട്യൂറിനിലെ പേപ്പൽപ്രതിനിധിവഴി ഫാദർ ജോൺബോസ്കോയ്ക്കു അയച്ചുകൊടുത്തിരിക്കുന്നു. ക്രിസ്തുനാഥന്റെ വികാരിയുടെനേർക്കു അവർക്കുള്ള സ്നേഹാദരങ്ങളെ സവിശേഷം പ്രദർശിപ്പിക്കുന്നതിലേക്കു ഒരു തിരുനാളായിട്ടു ഇന്നു കൊണ്ടാടുകയാണ്. വിശുദ്ധ കുർബാനയും വാഴ്‌വും പ്രസംഗവും കഴിഞ്ഞു പ്രസ്തുത ജപമാലകളും കഴുത്തിൽ ധരിച്ചുകൊണ്ടു ഓറട്ടറി ബാലന്മാർ പുറത്തേക്കു് ഇറങ്ങിവരുന്ന ആരവമാണ് ഈ കേൾക്കുന്നതു്.

മാർപ്പാപ്പാതിരുമനസ്സുകൊണ്ടു പൈതൃകമായ ഈ സമ്മാനം കുട്ടികൾക്കു അയച്ചുകൊടുക്കുന്നതിനു ഒരു പ്രത്യേക കാരണമുണ്ടു്. അതു അവരുടെ അനുകരണീയമായ പാപ്പാഭക്തിയല്ലാതെ വേറൊന്നുമല്ല. പരിശുദ്ധപിതാവിനു ആയിടെ വ്യാകുലതനിറഞ്ഞ ഒരു കാലസന്ധിയായിരുന്നു. മാർപ്പാപ്പായുടെ ഭരണത്തിൻകീഴിലിരുന്ന രാജ്യഭാഗങ്ങളിൽ വേദവിരോധികളായ മീണ്ടോമാസ്സ്ക്കാരുടെ നേതൃത്വത്തിൽ 1848-ാമാണ്ടോടെ ഒരു വിപ്ലവം സമാരംഭിച്ചിരുന്നു. ഒൻപതാം പീയൂസുതിരുമേനി കപിരിനൽ അരമനയിൽനിന്നു വേഷപ്രച്ഛന്നനായി നേപ്പിൾസ്‌രാജ്യത്തുള്ള ഗേയ്ററ എന്ന സ്ഥലത്തേക്കു മാറിപ്പാർക്കേണ്ടതായിട്ടുപോലും വന്നുകൂടി. തിരുസ്സഭാസന്താനങ്ങളെയെല്ലാം വല്ലാതെ സന്താപനിമഗ്നരാക്കിയ ഒരു സംഭവമായിരുന്നു അതു്. തങ്ങളുടെ വാത്സല്യപിതാവിനെ ഈ ആപൽഘട്ടത്തിൽ ആശ്വസിപ്പിക്കുന്നതിനും സഹായിക്കുന്നതിനും വേണ്ടി ലോകമൊട്ടുക്കുള്ള കത്തോലിക്കാരാജ്യങ്ങൾ "പത്രോസിന്റെ കാശ്" എന്നനാമത്തിൽ ഒരു ധനശേഖരം നടത്തി മാർപ്പാപ്പായ്ക്കു അയച്ചുകൊണ്ടിരുന്നു. തിരുസ്സഭയുടെ ധനകാര്യപരിപാടികൾ ഇതുകൊണ്ടാണ് അന്നു നിർവ്വഹിക്കപ്പെട്ടുപോന്നതു്.

ട്യൂറിൻപട്ടണത്തിൽ നടന്ന ഈ ധനശേഖരണവിഷയത്തിൽ ഓറട്ടറിബാലന്മാരും അവരുടെ അച്ചനും ഗണനീയമായ ഒരു പങ്കു വഹിക്കുകയുണ്ടായി. അവർ പിരിച്ചെടുത്ത തുക ഒന്നിച്ചുചേർത്തു്, ഒരു മംഗളപത്രസഹിതം പരിശുദ്ധപിതാവിനു അയച്ചുകൊടുത്തു. ഈ അനാഥബാലഗണത്തിന്റെ പിതൃഭക്തിപ്രകടനം മാർപ്പാപ്പായെ സവിശേഷം സ്പർശിക്കതന്നെചെയ്തു. അവരുടെ പണവും മംഗളപത്രവും ഒൻപതാംപീയൂസ് സ്നേഹപൂർവ്വം സൂക്ഷിച്ചുവച്ചിരുന്നു. രണ്ടുകൊല്ലത്തെ പ്രവാസാനന്തരം റോമിലേക്കു പുറപ്പെടുന്നതിനുമുമ്പ് പരിശുദ്ധപിതാവു ആ തുകകൊണ്ടു് മേല്പറഞ്ഞ വണ്ണംജപമാലകൾ വാങ്ങിപ്പിക്കയും, പ്രത്യേകാശീർസ്സോടെ സ്ലെയിററുസെക്രട്ടറി കർദ്ദിനാൾവഴി ഓറട്ടറിയിലേക്കു അവ അയച്ചുകൊടുക്കുകയുമാണുണ്ടായതു്. ഇററലിയിലെ പ്രധാനപത്രങ്ങളെല്ലാം ഈ സംഭവവിവരങ്ങൾ ശ്രദ്ധേയമാംവണ്ണംപ്രസിദ്ധപ്പെടുത്തിയതോടെ ഓറട്ടറിയുടെ കീർത്തി പൂർവ്വാധികം വർദ്ധിച്ചു.

പ്രിയ കുഞ്ഞുങ്ങളേ, നിങ്ങളുടെ ബാലഹൃദയങ്ങളിൽ ഗാഢഗാഢം പതിയേണ്ട ഒരു വിഷയമാണിതു്. കത്തോലിക്കാതിരുസ്സഭ ഒരു വലിയ ശരീരമാണ്. അതിന്റെ ദൃശ്യനായ തലവൻ ആരാണ്? നമ്മുടെ കർത്താവിന്റെ പ്രതിപുരുഷനായ മാർപ്പാപ്പാ. നാം ഓരോരുത്തരുമോ? ആ വലിയ ശരീരത്തിന്റെ ഓരോ അംഗങ്ങൾ. നമ്മുടെ ശരീരത്തിന്റെ ശിരസ്സിനെ നാം എത്ര കാര്യമായി കരുതുന്നു, എത്ര ശ്രദ്ധയോടെ സൂക്ഷിക്കുന്നു? അതുപോലെതന്നെ, നാം അംഗങ്ങളായിരിക്കുന്ന ആ ശരീരത്തിന്റെ തലയായ പരിശുദ്ധപിതാവിനെ നാം പരിഗണിക്കണം.

ഫാദർ ബോസ്കോ പരിശുദ്ധസിംഹാസനത്തോടുള്ള ഭക്തിയിൽ അദ്വിതീയനായിരുന്നു. തന്റെ കുട്ടികളെയും അദ്ദേഹം ഇതു യഥാവിധി പരിശീലിപ്പിച്ചു. അതിനാൽ പരിശുദ്ധപിതാവിന്റെ നാമശ്രവണമാത്രയിൽ ഓറട്ടറി ബാലന്മാരുടെവിശ്വാസം ഉജ്ജ്വലിച്ചിരുന്നു. നമ്മുടെ ബാലരംഗത്തിലെ കുട്ടികളുടെയും ഒരു വിശേഷലക്ഷണം ഇതായിരിക്കട്ടെ. നമ്മുടെ പൊതുപിതാവിന്റെ നേർക്കുള്ള ഭക്തി, അദ്ദേഹത്തെ സഹായിക്കുന്നതിനുള്ള ആസക്തി, ഈ വിഷമഘട്ടങ്ങളിൽ സതീക്ഷ്ണം അദ്ദേഹത്തിനുവേണ്ടി പ്രതിദിനം പ്രാർത്ഥിക്കുന്നതിനുള്ള ശുഷ്കാന്തി, പാപ്പാദിനാഘോഷങ്ങളുംമററും മോടിപിടിപ്പിക്കുന്നതിനുള്ള ഉത്സാഹം, ഇതിലെല്ലാം നിങ്ങൾ മുന്നിട്ടുനിൽക്കുന്നുണ്ടോ? എന്നാൽ നിങ്ങൾക്കു കത്തോലിക്കാതിരുസ്സഭയുടെ ഉത്തമമക്കളാണെന്നു അഭിമാനിക്കാം. വി. അംബ്രോസിസുപുണ്യവാന്റെ സുപ്രസിദ്ധമായ ഒരു വചനം ഓർത്തുകൊള്ളണം. Ubi Petrus ibi Ecclesia. പത്രോസ് എവിടെയോ അവിടെയാണു സഭ.

### ജന്മദിനസമ്മാനങ്ങൾ

മേയ്മാസത്തിൽ നാല്പത്തിരണ്ടു ആൺകുട്ടികളുടേയും നാല്പതു പെൺകുട്ടികളുടേയും ജന്മദിനങ്ങളാണുള്ളതു്. പരിശുദ്ധ അമ്മയുടെ തിരുമാസത്തിൽ പിറക്കാൻ ഭാഗ്യംസിദ്ധിച്ച കുഞ്ഞുമക്കൾക്കെല്ലാവർക്കും വല്യച്ചന്റെ ഹൃദയംഗമമായ ആശിസ്സ്. സ്നേഹംനിറഞ്ഞ മാതാവു നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ! അവിടുത്തെ കറയററ മക്കളായി വളന്നുവരുന്നതിനു വേണ്ട വരപ്രസാദങ്ങൾ കാലവർഷപ്രവാഹംപോലെ നിങ്ങളുടെമേൽ ചിന്തുമാറാകട്ടെ!! സമ്മാനാർഹരുടെപേരുകൾ താഴെ ചേർക്കുന്നു.

1. കെ. ഒ. ഉലഹന്നൻ, കീത്താപ്പള്ളിൽ, രാമപുരം. നമ്പർ 79.
2. പൗലോസ് ആൻറണി പറുക്കാരൻ, തുമ്പൂർ. നമ്പർ 183.
3. എൻ. എസ്. അന്ന, നെല്ലിക്കാതെരുവിൽ, രാമപുരം. നമ്പർ 64.
4. കുഞ്ഞായി ദേവസി, തുമ്പൂർ. നമ്പർ 194.

### ലേഖനപ്രദർശനം

1. അബ്രാഹം വറുഗീസ്, മാടത്തിനകത്തുവീട്, "പാറത്തോട്". നമ്പർ310. തിരുഹൃദയഭക്തി
2. ടി. എം. തോമസ്, പൂത്തുറുക്ക. നമ്പർ 468. ജപാപ്പസ്തോലസഭ.
3. അന്നക്കുട്ടി മുണ്ടപ്ലാക്കൽ, രാമപുരം. നമ്പർ 126. തിരുഹൃദയസ്വരൂപം.
4. മേറി ജോസഫ്, എളപ്പപാറയ്ക്കൽ, കാഞ്ഞിരപ്പള്ളി. നമ്പർ 332. വി. മറിയം മഗ്ദ്ദലീത്താ അലക്കോക്ക്.

### വണക്കമാസം

എന്നു പറഞ്ഞാൽ നമ്മുടെ അമ്മ-ദൈവമാതാവിന്റെ പ്രത്യേകവണക്കത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന മേയ്മാസത്തെയാണു എല്ലാവരും മനസ്സിലാക്കുന്നതു്. ഇതാ മേയ്മാസം ആരംഭിച്ചിരിക്കുന്നു. കുട്ടികളുടെ മാസമാണിതു്. വണക്കമാസം വായിക്കുന്നതു അവരാണ്, ജപം എത്തിക്കുന്നതു അവരാണ്, പാട്ടുപാടുന്നതു അവരാണ്, മാലകോർക്കുന്നതു അവരാണ്, രൂപം അലംകരിക്കുന്നതു അവരാണ്, തിരികൾ കത്തിക്കുന്നതു അവരാണ്. എല്ലാം അവരുതന്നെ. അതുപോലെ ധാരാളമായിട്ടുള്ള അനുഗ്രഹങ്ങൾ ഈ നല്ല അമ്മ തന്റെ കുഞ്ഞുമക്കൾക്കു വാരിവിതറിത്തരികയും ചെയ്യും, സംശയമില്ല. ചെറുപ്പകാലത്തെ വണക്കമാസാഘോഷങ്ങളെപ്പററി ഓർക്കുമ്പോൾ ഇപ്പോഴും ആനന്ദം തോന്നുന്നു. ആകയാൽ ഈവിധത്തിൽ അമ്മയെ പ്രസാദിപ്പിപ്പാൻതക്ക സകലമാർഗ്ഗങ്ങളും മത്സരബുദ്ധിയോടെ കുഞ്ഞുങ്ങൾ ഈ മാസത്തിൽ കണ്ടെത്താൻ ശ്രമിക്കണം. ഒരുകാര്യംകൂടിയുണ്ടു്. താഴത്തെ നോട്ടീസ്ബോർഡിൽ നോക്കുക.

### നോട്ടീസ് ബോർഡ്

ഒരു പ്രത്യേകകാര്യമാണ്. വല്യച്ചൻ നിങ്ങൾക്കായി ഒരു "തിരുസ്സഭാവിജയം" എഴുതിയിട്ടുണ്ടു്. പദ്യമാണ്. ഒരു നൂററാണ്ടിനു ഒരു പൂറുപദ്യംവീതമുള്ള ഒരു തിരുസ്സഭാചരിത്രംതന്നെ. പത്തുനൂറു വൃത്തങ്ങളിലാണ് രചിച്ചിട്ടുള്ളതു്. രണ്ടുദ്ദേശമാണു ഈ പുസ്തകംകൊണ്ടു കരുതിയിട്ടുള്ളതു്. ഒന്നു്, തിരുസ്സഭാചരിത്രവിഷയങ്ങൾ എളുപ്പത്തിൽ നിങ്ങൾ ഹൃദിസ്ഥമാക്കണമെന്നുള്ളതു്. വേറൊന്നു് നിങ്ങൾക്കു കവിതാവാസന സിദ്ധിക്കണമെന്നുള്ളതു്. വല്യച്ചൻ വലിയ കവിയുംമററുമല്ല. എങ്കിലും വല്യച്ചന്റെ ചെറിയചെറിയ കവിതകൾ മൂലമായി പല നല്ല കവികൾ നമുക്കുണ്ടായിട്ടുണ്ടു്. അതു നിങ്ങളുടെ തലമുറയിലും തുടന്നുപോവാനിടയാകണം. എൽത്തുരുത്തിൽനിന്നു പുറപ്പെടുന്ന റവ. ഫാദർ വിൽഫ്രിഡിന്റെ "കിരണം" ഗ്രന്ഥാവലിയിൽ ചേർത്തു ഒന്നും രണ്ടും ശതകങ്ങൾ പരിശുദ്ധപിതാവിന്റെ ഒരു ജൂബിലിസ്മാരകമായി, ഒന്നാം പുസ്തകമായിട്ട് ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കയാണ്. നാലണയേ വിലവച്ചിട്ടുള്ളു. വി. പി. ആയിട്ടും മററും വരുത്തുന്നതു കൂടുതൽ നഷ്ടമായിരിക്കും. അതിനാൽ നാലേമുക്കാലണയ്ക്കു തപാൽസ്റ്റാമ്പോ, കൊച്ചി അഞ്ചൽസ്റ്റാമ്പോ, സെൻറു് ജോസഫ്സ് പ്രസ്സ്മാനേജർ, എൽത്തുരുത്തു്, തൃശ്ശൂർ എന്ന മേൽവിലാസത്തിൽ അയച്ചുകൊടുത്താൽ പുസ്തകം കിട്ടും. ആദ്യം സ്റ്റാമ്പയക്കുന്ന പന്ത്രണ്ടുപേർക്കു് നാലണവിലയുള്ള "അത്ഭുതലൂർദ്ദ്" എന്ന കഥാപ്രസംഗപുസ്തകം സമ്മാനമായിട്ടും അയച്ചുതരാൻ ഏർപ്പാടുചെയ്തിട്ടുണ്ടു്. അതിനും പുറമേ വല്യച്ചനെപ്പററി ഓരോ വിവരങ്ങളറിവാൻ ഓരോ എഴുത്തിലും നിങ്ങൾ എഴുതാറുണ്ടല്ലോ. "തിരുസ്സഭാവിജയ"ത്തിനു പ്രൊഫസർ ഉലഹന്നൻമാപ്പിള എം. എ. എഴുതിയിട്ടുള്ള അവതാരികയും, കെ. ഇ. ജോബു് എം. എ. എൽ. ററി. അവർകളുടെ ആമുഖവും വായിച്ചുനോക്കിയാൽ കുഞ്ഞുങ്ങളുടെ ഈ ജിജ്ഞാസയ്ക്കും ഏതാണ്ടൊരു ശമനമുണ്ടാകാതിരിക്കയില്ല. അങ്ങനെ ഒരുവെടിക്കു പലപക്ഷി. എല്ലാവർക്കും മേയ്മാസമംഗളം.

എന്നു സ്വന്തം വല്യച്ചൻ.

## നിങ്ങൾക്കറിയാമോ?

താഴെപറയുന്ന ശ്ലീഹന്മാരുടെ പ്രേഷിതരംഗങ്ങൾ എവിടെയെല്ലാമായിരുന്നു? 1. വി. പത്രോസ് 2. വി. പൗലോസ് 3. വി. അന്ത്രയോസ്.

(ഉത്തരങ്ങൾ 11-ാം പേജിൽ)


# ഫ്റീ ഇൻഡ്യാബാങ്ക് ക്ലിപ്തം

## കോട്ടയം

### തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം

| | |
|---|---|
| പലിശനിരക്കു കറൻറു | 1½ ശതമാനം |
| സേവിംഗ്സ് | 3 |
| ഷോർട്ട് നോട്ടീസ് | 3 |
| സ്ഥിരനിക്ഷേപം | |
| 6 മാസകാലാവധി. | 4 |
| 12 | 4½ |
| 24 | 5 |

ഇതിനുംപുറമെ ആവശ്യക്കാർക്കു് 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ്‌സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണ്.

ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം
പാലാ, കിടങ്ങൂർ, പൊൻകുന്നം,
നെടുങ്കുന്നം, ചങ്ങനാശ്ശേരി, ഉല്ലല


## സാഹിത്യോപഹാരം

(സി. കെ. മററം)

റവ. ഫാദർ വെള്ളാപ്പാടിന്റെ പൗരോഹിത്യ രജതജൂബിലി സ്മാരകമായി വിരചിതമായ കൃതിതല്ലജത്തിന്റെ ശീർഷകമാണ് "സാഹിത്യോപഹാരം".

ഈ ലഘുകാവ്യത്തിലെ ഇതിവൃത്തം, നമ്മുടെ ദിവ്യരക്ഷാനാഥന്റെ ചെയ്തികളെ അധികരിച്ചു പ്രഥമസുവിശേഷകനും കവിയുടെ നാമഹേതുകനുമായ വിശുദ്ധ മത്തായി എഴുതിയ സുസംവാദമാണ്. മഞ്ജരി, പാന തുടങ്ങിയുള്ള ദ്രാവിഡവൃത്തങ്ങളിൽ അക്ലിഷ്ടവും സുന്ദരവുമായ രീതിയിൽ രചിക്കപ്പെട്ട ഒരു ഖണ്ഡകാവ്യമാണിതു്. ഫാദർ വെള്ളാപ്പാട്ട് ചെറുപ്പത്തിലെതന്നെ ശ്ലോകങ്ങൾ മനഃപാഠമാക്കുന്നതിലും ശ്ലോകങ്ങളെഴുതുന്നതിലും അതീവതല്പരനായിരുന്നു. റവ. ഫാദേഴ്സ്, കുടകശ്ശേരി, ഏണിയേക്കാട്ട്, കുക്കമററം, വെള്ളാപ്പാട്ട്, ചേന്നാട്ട് എന്നീ വൈദികന്മാർ കാവ്യസരണിയിൽക്കൂടി നിരർഗ്ഗളമായി നൃത്തംചെയ്യുന്ന കാഴ്ച ഏതു സഹൃദയനേയും പുളകംകൊള്ളിക്കും. ഇവരുടെ ഇതരവിഷയവ്യാപൃതികൊണ്ടല്ലായിരുന്നെങ്കിൽ ഇവരും മഹാകവികളാകുമായിരുന്നു എന്നുവേണം ഊഹിക്കുവാൻ. ഈ പഞ്ചകവികളിൽ കുക്കമററംദിവംഗമിച്ചെങ്കിലും അദ്ദേഹത്തിനു ഒരു മഹാകാവ്യം രചിക്കുവാൻ സാധിച്ചുവെന്നും, റവ. ഫാദർ ലേത്തുസ്—മറെറാരു വൈദികകവി!—സാക്ഷ്യംവഹിച്ചിട്ടുണ്ടല്ലോ.

സന്യാസസഭാംഗങ്ങളായ കവികൾ! ഫാദർ സൈമൺ, ഫ്ലോറിൻ തുടങ്ങിയുള്ളവരുടെ കാര്യം ഞാനിവിടെ വിസ്മരിക്കുന്നില്ല. ഫാദർ വെള്ളാപ്പാട്ട അവർകളുടെ സാഹിത്യോപഹാരത്തിലെ

"ചുററിനടന്നു പുലികൾ നായാടീടും
ഒററയായൊരുമാൻപേടപോലവെ"

എന്നും മററുമുള്ള ഈരടികളിൽ ഉപമാലങ്കാരം, ദ്വിതീയാക്ഷരപ്രാസം, തുടങ്ങിയുള്ള കാവ്യഗുണങ്ങളുടെ അംശങ്ങൾ സമൃദ്ധിയായി കാണാവുന്നതാണ്. ഫാദർ വെള്ളാപ്പാട്ട വേറെയും ചില കാവ്യങ്ങൾ രചിച്ചിട്ടുള്ളതായി അറിയുന്നു. ഇവയും അചിരേണ പ്രകാശിച്ചുകാണ്മാനാഗ്രഹിക്കുന്നു. ഫാദർ മത്ത്യൂവിന്റെ കാവ്യങ്ങളിൽ ഭാവനാരസം തുളുമ്പുന്നതായി നമുക്കു കാണാം. ഇതാണ് സാഹിത്യോപഹാരത്തിന്റെ ഒരുമെച്ചം. എന്റെ വിനീതമായ നമസ്കാരം ജൂബിലേറിയന്നു്.

രണ്ടു മൂന്നു നൂററാണ്ടുകളെങ്കിലും ഭാരതത്തിന്റെ പൊതുവേയും കേരളത്തിന്റെ പ്രത്യേകിച്ചും അമൂല്യനിധിയായിരുന്നു വിശുദ്ധ മത്തായിയുടെ മൂലസുവിശേഷം. സുറിയാനിഭാഷയിൽ വിരചിതമായ ഏകസുവിശേഷമാണിതു്. ഈ സംപൂജ്യപുസ്തകം നമ്മുടെ പിതാവു്, ഇവിടെ കൊണ്ടുവരികയും നമ്മുടെ കൈവശത്തിലേല്പിക്കുകയും ഉണ്ടായതായിട്ടു നമുക്കു പാരമ്പര്യമുണ്ടു്. ആ സുറിയാനി സുവിശേഷകനാണ് ഫാദർ വെള്ളാപ്പാടിന്റെ നാമകാരണൻ! സാഹിത്യോപഹാരത്തിന്റെ ഇതിവൃത്തം അദ്ദേഹത്തിന്റെ സുവിശേഷവും. ഇതു സമീചീനമായിരിക്കുന്നു!

വിമർശനവീഥി

# ഗലീലിയോയെ എന്തുകൊണ്ട് കുററംവിധിച്ചു?

ഗലീലിയോ കേസിൽ അദ്ദേഹത്തെ കുററംവിധിച്ച വൈദികാധികാരികളുടെ ഭാഗത്താണു് കൂടുതൽ ന്യായമുള്ളതെന്നു് അവിശ്വാസികളായ പണ്ഡിതന്മാർപോലും സമ്മതിക്കുന്ന വസ്തുതകൾ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. കത്തോലിക്കാസഭ ഔദ്യോഗികമായിത്തന്നെ പ്രകൃതിശാസ്ത്രത്തിൻെറ (സയൻസ്) പുരോഗതിയെ തടയുന്ന നയമാണു് സ്വീകരിച്ചിരിക്കുന്നതെന്നുള്ള ആക്ഷേപത്തിനു പ്രസ്തുതകേസു്. ഉദാഹരണമായി എടുക്കുവാൻ പാടില്ലെന്നും ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. ശാസ്ത്രത്തിൻെറ പുരോഗതിക്കു കത്തോലിക്കാവൈദികരും അവൈദികരും എന്നും എവിടെയും നല്കിയിട്ടുള്ള സഹകരണങ്ങൾതന്നെ പ്രസ്തുത ആക്ഷേപത്തെ ഖണ്ഡിക്കുന്നുണ്ടു്. ഗലീലിയോയുടെ കാലത്തെപ്പററി പ്രത്യേകിച്ചും പറയുന്നപക്ഷം പ്രസ്തുതാക്ഷേപം അടിസ്ഥാനരഹിതമാണെന്നു കാണാം. പിന്നീടു കർദ്ദിനാളായിത്തീർന്ന ലയോപോൾഡു് ദേമെഡിച്ചി എന്ന പ്രഭു പ്രകൃതിശാസ്ത്രങ്ങളുടെ, പ്രത്യേകിച്ചു ഗ്രഹശാസ്ത്രപഠനത്തിൻെറ പോഷണത്തിനായി ഫ്ളോറൻസിൽ ഒരു അക്കാഡമി ഏർപ്പെടുത്തിയിരുന്നു. ഈ സ്ഥാപനത്തിലെ അംഗങ്ങളിൽ റിനാൾഡീനി, ഒലീവാ, മെവാറെല്ലി എന്ന സുപ്രസിദ്ധ കത്തോലിക്കാ പണ്ഡിതന്മാർ ഉൾപ്പെട്ടിരുന്നു. മാർപ്പാപ്പായുടെ ഭരണത്തിനു കീഴ്പ്പെട്ടിരുന്ന ബൊലോഞ്ഞാപട്ടണത്തിൽ റിച്ചി, മൊൺടൽബാനി എന്ന സുപ്രസിദ്ധ കത്തോലിക്കാ ഗണിതശാസ്ത്രജ്ഞന്മാർ പ്രവൃത്തനങ്ങൾ നടത്തിയിരുന്നു. റിച്ചിയോളി, ഗ്രിമാൾഡി എന്ന പ്രസിദ്ധ ശാസ്ത്രജ്ഞന്മാരായ ജസ്വീററു് വൈദികരും അക്കാലത്താണു ജീവിച്ചിരുന്നതു്. പാരീസ് നക്ഷത്രബംഗ്ളാവു് വിഖ്യാതമാക്കിത്തീർത്ത കസീനിയും, കസ്റെറല്ലി, ഡവീസി മുതലായ മററനേകം പണ്ഡിതന്മാരും അക്കാലത്താണു വിരാജിച്ചിരുന്നതു്. മെസ്സവക്കാ എന്ന ശാസ്ത്രജ്ഞൻ ഗ്രഹശാസ്ത്രസംബന്ധമായ തൻെറ പ്രസിദ്ധീകരണം നടത്തിയിരുന്നതും അക്കാലത്താണു്. കസീനിയെന്ന ശാസ്ത്രജ്ഞൻ സാറേറൺ എന്ന ഗ്രഹത്തിൻെറ ഉപഗ്രഹങ്ങൾ റോമയിൽവച്ചാണു് അന്നു കണ്ടുപിടിച്ചതു്. മെഗലോട്ടിയെന്ന ശാസ്ത്രജ്ഞൻ വാൽനക്ഷത്രങ്ങളുടെ പഠനം അന്നു നടത്തിയിരുന്നു. പ്ലാററിയെന്ന ശാസ്ത്രജ്ഞൻ സൂര്യഗ്രഹണങ്ങളുടെ അത്ഭുതാവഹങ്ങളായ കണ്ടുപിടുത്തങ്ങൾ നടത്തിയതും അക്കാലത്താണു്. തന്മൂലം ഗലീലിയോയുടെ കാലം പ്രത്യേകിച്ചും കത്തോലിക്കാ വൈദികാധികാരികൾ ശാസ്ത്രത്തിൻെറ സംരക്ഷകന്മാരായിരുന്നുവെന്നാണു് തെളിയുന്നതു്. ഗലീലിയോ ഉന്നയിച്ച പുതിയ സിദ്ധാന്തം അദ്ദേഹത്തിനു വളരെ മുൻപു് കൊപ്പർനിക്കസ്സ് എന്ന വൈദികൻ കണ്ടുപിടിക്കയുണ്ടായെന്നും, അതുള്ളടക്കി അദ്ദേഹം രചിച്ച ഗ്രന്ഥം പ്രസിദ്ധീകരിച്ചതു് വൈദികാധികാരികളുടെ സഹായത്താലാണെന്നും മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

### ഗലീലിയോ വേദപുസ്തകത്തിൽ കൈവച്ചു

എന്നാൽ പിന്നെയെന്തുകൊണ്ടാണു ശാസ്ത്രജ്ഞനായ ഗലീലിയോയെ വൈദികാധികാരികൾ കുററം വിധിക്കാനിടയായതെന്ന ചോദ്യം ആവിർഭവിക്കുന്നു. അതിനു മറുപടി, അദ്ദേഹം ശാസ്ത്രത്തിൻെറ സീമ വിട്ടു് വേദപുസ്തകരംഗത്തിലേക്കു കടന്നതുകൊണ്ടാണെന്നാണു്. ബൈബിളിൻെറ കാര്യത്തിൽ കത്തോലിക്കാസഭ സ്വീകരിച്ചിട്ടുള്ളതും, ഒരു കത്തോലിക്കനെന്ന നിലയിൽ ഗലീലിയോ സ്വീകരിക്കേണ്ടതുമായ നിലയെപ്പററിയാണു് ആദ്യം പറയുവാനുള്ളതു്. ബൈബിൾ മുഴുവനും ദൈവനിവേശിതഗ്രന്ഥമാണെന്നും, തന്മൂലം അതിൽ യാതൊരബദ്ധവും ഉണ്ടാകാൻ പാടില്ലെന്നും; അതിലെ വാക്യങ്ങൾക്കു് അതിൻെറ പ്രധാനകർത്താവായ ദൈവം വിവക്ഷിച്ചിരിക്കുന്ന അർത്ഥമെന്തെന്നു പഠിപ്പിക്കുവാനുള്ള ദൈവദത്തമായ അധികാരവും വരവും കത്തോലിക്കാസഭയ്ക്കാണെന്നും ഉള്ള നിലയെപ്പററിയാണു് ഇവിടെ പറയുന്നതു്. പ്രകൃതിവ്യാപാരങ്ങളെ സംബന്ധിക്കുന്ന പല പ്രസ്താവങ്ങളും ബൈബിളിലുണ്ടല്ലോ. അവയെ വ്യാഖ്യാനിക്കുന്നതിൽ തിരുസ്സഭ ചില സംഗതികൾ മാർഗ്ഗദർശകങ്ങളായി സ്വീകരിക്കുന്നുണ്ടു്. പതിമൂന്നാം ലെയോ മാർപ്പാപ്പാ അവയെപ്പററി പറയുന്നതിങ്ങനെയാണു്: "വിശുദ്ധഗ്രന്ഥകാരന്മാർ പ്രകൃതിയുടെ രഹസ്യങ്ങളെ പരിശോധിച്ചു കണ്ടുപിടിക്കുവാൻ ശ്രമിച്ചിട്ടില്ല; പ്രകൃതിവ്യാപാരങ്ങളെ ഏറെക്കുറെ അലങ്കാരഭാഷയിലോ, അതാതുകാലങ്ങളിൽ ജനസാമാന്യം ഉപയോഗിച്ചുപോന്നിരുന്ന പദങ്ങളാലോ വിവരിക്കുകയും പ്രതിപാദിക്കുകയുമാണു് അവർ ചെയ്തിട്ടുള്ളതു്; പ്രസ്തുതഭാഷയും പദങ്ങളും ഏററവും വലിയ ശാസ്ത്രജ്ഞന്മാർപോലും ഇക്കാലത്തു് അനുദിനം പലപ്പോഴും ഉപയോഗിക്കുന്നുമുണ്ടു്." ഇതിൻെറ അർത്ഥം പ്രകൃതിവ്യാപാരങ്ങളെക്കുറിച്ചുള്ള വേദപുസ്തകത്തിലെ പ്രസ്താവങ്ങൾ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചേ കഴിയൂ എന്നില്ലെന്നാണല്ലോ. 16-ാം ശതാബ്ദത്തിലെ പ്രകൃതിശാസ്ത്രജ്ഞന്മാരും വേദശാസ്ത്രജ്ഞന്മാരും ഈ സംഗതി വിസ്മരിച്ചുപോയി. അന്നു സ്വീകരിക്കപ്പെട്ടിരുന്ന ശാസ്ത്രസിദ്ധാന്തങ്ങൾക്കനുരൂപമായി വേദപുസ്തകവാക്യങ്ങൾ വ്യാഖ്യാനിക്കാൻ ഇരുകൂട്ടരും ശ്രമിക്കുകയാണുണ്ടായതു്.

### "സൂര്യചന്ദ്രന്മാർ നിശ്ചലങ്ങളായി"

പഴയനിയമത്തിൽ ജോഷ്വായുടെ ഗ്രന്ഥം പത്താമദ്ധ്യായം 12, 13 വാക്യങ്ങളിൽ, ഇസ്രായേൽക്കാരും അവരുടെ ശത്രുക്കളുംതമ്മിൽ യുദ്ധം നടന്നുകൊണ്ടിരിക്കവേ ശത്രുക്കളെ മുഴുവനായി തോല്പിക്കുവാൻവേണ്ടി പകൽ നീണ്ടുകിട്ടത്തക്കവണ്ണം സൂര്യചന്ദ്രന്മാർ നിശ്ചലരാകണമെന്നു ഇസ്രായേൽ നേതാവായ ജോഷ്വാ ദൈവത്തോടു പ്രാർത്ഥിച്ചെന്നും, തദനുസരണം സൂര്യചന്ദ്രന്മാർ നിശ്ചലരായെന്നും പ്രസ്താവിച്ചിട്ടുണ്ടു്. വേദപുസ്തകത്തിലെ ഈ പ്രസ്താവത്തെ അന്നത്തെ പണ്ഡിതന്മാർ, വേദശാസ്ത്രജ്ഞന്മാരും പ്രകൃതിശാസ്ത്രജ്ഞന്മാരും, അക്ഷരാർത്ഥത്തിലാണു് മനസ്സിലാക്കിയതു്. കാരണം, അന്നത്തെ ശാസ്ത്രലോകം സ്വീകരിച്ചിരുന്ന സിദ്ധാന്തം ഭൂമി നില്ക്കുന്നുവെന്നും സൂര്യൻ ഭൂമിയെ ചുററുന്നുവെന്നുമായിരുന്നു. അതിനെതിരായി സൂര്യൻ നില്ക്കുകയും, ഭൂമി അതിനെ ചുററുകയും ചെയ്യുന്നുവെന്ന സിദ്ധാന്തമാണു് കൊപ്പർനിക്കസ്സും അദ്ദേഹത്തെ തുടർന്നു ഗലീലിയോയും സ്വീകരിച്ചതു്. കൊപ്പർനിക്കൻ സിദ്ധാന്തം കേവലം പ്രകൃതിശാസ്ത്രത്തെ സംബന്ധിച്ചതാണെങ്കിലും വേദപുസ്തകവാക്യങ്ങൾക്കു വിരുദ്ധമാണെന്നുള്ള സങ്കല്പത്താൽ പ്രസ്തുതസിദ്ധാന്തം സ്വീകരിക്കാൻ പാടില്ലെന്നായിരുന്നു അന്നത്തെ വൈദികാധികാരികളുടെ വിധി. ആ വിധി നൽകുവാൻ അവരെ പ്രേരിപ്പിച്ച സംഗതികളും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. പ്രോട്ടസ്റ്റൻറുമതവിപ്ലവത്തിൻെറ ഫലമായി വേദപുസ്തകത്തിൻെറ പുതിയ വ്യാഖ്യാനങ്ങളെ സംശയദൃഷ്ട്യാ കത്തോലിക്കാമതാധികാരികൾ വീക്ഷിക്കുന്ന കാലമായിരുന്നു അതു്. ഗലീലിയോയും അദ്ദേഹത്തിൻെറ കൂട്ടുകാരനായ ഫാദർ ഫൊസ്കാറീനിയും കൊപ്പർനിക്കൻ സിദ്ധാന്തം തെളിയിക്കുവാൻ വേദപുസ്തകത്തിൽനിന്നു ന്യായങ്ങൾ നൽകുവാനും ശ്രമിച്ചുകൊണ്ടിരുന്നു. നാട്ടുഭാഷകളിൽ പുതിയ സിദ്ധാന്തത്തെപ്പററി ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചു് ബഹുജനങ്ങളുടെ ഇടയിൽ വിശ്വാസസംബന്ധമായ അസ്വസ്ഥതകളുണ്ടാക്കുവാൻ ചിലർക്കു് അതൊരു സന്ദർഭവുമായിരുന്നു. ആ കാലഘട്ടത്തിൽതന്നെ ഇററലിയിൽ അവിശ്വാസം പ്രചരിപ്പിച്ചു് സകല മതങ്ങളെയും തകിടംമറിക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്ന ഒരു കക്ഷിയുമുണ്ടായിരുന്നു. ഈ കക്ഷി ഗലീലിയോയ്ക്കു് സകല സഹായങ്ങളും ചെയ്തുകൊടുത്തുകൊണ്ടാണിരുന്നതു്.

### ഗലീലിയോ തെളിയിച്ചില്ല

### കൊപ്പർനിക്കൻ സിദ്ധാന്തം

പിന്നീടു ശാസ്ത്രലോകത്തിൽ സർവ്വസമ്മതമായി സ്വീകരിക്കപ്പെട്ടെങ്കിലും, അതു തെളിയിക്കുവാൻ ഗലീലിയോ നൽകിയ ന്യായങ്ങൾ ശാസ്ത്രദൃഷ്ട്യാതന്നെ പര്യാപ്തങ്ങളായിരുന്നില്ല. തന്മൂലം എതിരാളികളായ പണ്ഡിതന്മാരിൽ ബോദ്ധ്യം ജനിപ്പിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല. ലാപ്ലാസ് എന്ന സുപ്രസിദ്ധ ഗ്രഹശാസ്ത്രജ്ഞൻതന്നെ സമ്മതിക്കുന്നുണ്ടു്, ഗലീലിയോ നൽകിയ തെളിവുകൾ ചില സാമ്യങ്ങളെ മാത്രം ആധാരപ്പെടുത്തിയവയായിരുന്നെന്നു്. അന്നത്തെ ശാസ്ത്രജ്ഞന്മാരിൽ പലരും ഗലീലിയോയുടെ പുതിയ സിദ്ധാന്തത്തെ എതിർക്കുകയാണു ചെയ്തിട്ടുള്ളതു്. ടൈക്കോ ബ്രാഹി, ബേയ്ക്കൺ പ്രഭു മുതലായ മഹാശാസ്ത്രജ്ഞന്മാർ ഈ ഗണത്തിൽപ്പെടുന്നു. ഈ പരിതസ്ഥിതികളിൽ വേദപുസ്തകം വ്യാഖ്യാനിക്കുവാൻ ദൈവദത്തമായ അധികാരം തനിക്കാണെന്നു സകാരണം വിശ്വസിക്കുന്ന കത്തോലിക്കാസഭയിലെ അധികാരികൾ വേദപുസ്തകത്തിലെ വാക്യങ്ങൾക്കു പ്രത്യക്ഷത്തിൽ വിരുദ്ധമായിക്കണ്ട പുതിയ ശാസ്ത്രസിദ്ധാന്തം സ്വീകരിക്കുകയോ പഠിപ്പിക്കുകയോ ചെയ്യരുതെന്നു ഗലീലിയോയെ നിരോധിച്ചതിൽ ആശ്ചര്യത്തിനു വകയില്ലല്ലോ. ഈ നിരോധനത്തിൻെറ സ്വഭാവവും പ്രത്യേകം അനുസ്മരിക്കേണ്ടതാണു്. കൊപ്പർനിക്കൻസിദ്ധാന്തം ശാസ്ത്രത്തിൻെറ ഊഹമായി (Hypothesis) പഠിപ്പിക്കുന്നതു നിരോധിച്ചിരുന്നില്ല. അതൊരു ശാസ്ത്രവസ്തുതയാണെന്നുള്ള വാദത്തെയാണു് നിരോധിച്ചിരുന്നതു്. താഴെക്കാണുന്ന സാക്ഷ്യങ്ങളിൽനിന്നു് ഇതു സ്പഷ്ടമായി തെളിയുന്നുണ്ടു്. ലയൺസിലെ മെത്രാനായ കാമുവേൽ 1651-ൽ എഴുതിയ വേദശാസ്ത്രഗ്രന്ഥത്തിൽ ഇപ്രകാരമൊരു ചോദ്യം ഉന്നയിച്ചിരുന്നു: "കൊപ്പർനിക്കൻ സിദ്ധാന്തം ശാസ്ത്രവസ്തുതയാണെന്നു് പണ്ഡിതന്മാർ തെളിയിക്കുന്നപക്ഷം എന്തു സംഭവിക്കും?" അതിനദ്ദേഹംതന്നെ ഇങ്ങനെ മറുപടി പറയുന്നു: "അങ്ങനെ തെളിയിക്കുന്നപക്ഷം ജോഷ്വായുടെ വാക്കുകൾ അലങ്കാരപ്രയോഗമായി വ്യാഖ്യാനിക്കുവാൻ കർദ്ദിനാളന്മാർ നമ്മെ അനുവദിക്കും." ഗലീലിയോ കേസിൻെറ ആരംഭത്തിൽതന്നെ (1615 ഏപ്രിൽ 1-ാംനു-) അദ്ദേഹത്തിൻെറ കൂട്ടുകാരനായ ഫാദർ ഫൊസ്കാറീനിക്കു് കർദ്ദിനാൾ ബല്ലർമിൻ ഇപ്രകാരം എഴുതുകയുണ്ടായി: "കൊപ്പർനിക്കൻ സിദ്ധാന്തം യഥാർത്ഥത്തിൽ എന്നെങ്കിലും തെളിയിക്കപ്പെട്ടന്നെങ്കിൽ, അതിനെതിരാണെന്നു കാണപ്പെടുന്ന വേദപുസ്തകവാക്യങ്ങൾ വ്യാഖ്യാനിക്കുന്നതിൽ നാം കൂടുതൽ ശ്രദ്ധയുള്ളവരായിരിക്കേണ്ടിവരുമെന്നു പറയുവാൻ ഞാനാഗ്രഹിക്കുന്നു. പ്രസ്തുത വാക്യങ്ങളുടെ അർത്ഥം നമുക്കു മനസ്സിലാകുന്നില്ലെന്നാണു് അപ്പോൾ പറയേണ്ടതു്; അല്ലാതെ യഥാർത്ഥമാണെന്നു തെളിയിക്കപ്പെട്ട സംഗതി അയഥാർത്ഥമാണെന്നു നമുക്കു പ്രസ്താവിച്ചുകൂടാ. എന്നാൽ അത്തരം തെളിവു് എന്നെങ്കിലും നൽകപ്പെടുമെന്നു് ഞാൻ വിചാരിക്കുന്നില്ല" ഈ വാക്കുകളുടെ അർത്ഥം സ്പഷ്ടമാണല്ലോ. ഗലീലിയോ തൻെറ വാദത്തെ തെളിയിക്കാഞ്ഞതുകൊണ്ടും, അതു അന്നത്തെ പണ്ഡിതലോകത്തിൻെറ അഭിപ്രായത്തിനു വിരുദ്ധമായിരുന്നതുകൊണ്ടും, വിശിഷ്യാ വേദപുസ്തകവാക്യങ്ങൾക്കു് അതു വിപരീതമായി കാണപ്പെട്ടതുകൊണ്ടുമാണു് വൈദികാധികാരികൾ അതിനെ നിരോധിച്ചതു്. വേദപുസ്തകവാക്യം അന്നു പണ്ഡിതലോകം സ്വീകരിച്ചിരുന്ന സിദ്ധാന്തത്തിനനുസരണമായി അവർ വ്യാഖ്യാനിച്ചു. ആ സിദ്ധാന്തം തെററാണെന്നും പുതിയ കൊപ്പർനിക്കൻസിദ്ധാന്തം ശരിയാണെന്നും തക്ക ന്യായങ്ങളാൽ തെളിയിക്കുന്നപക്ഷം അതനുസരിച്ചു വേദപുസ്തകവാക്യങ്ങൾ വ്യാഖ്യാനിക്കുവാൻ നിരോധമുണ്ടാകുമായിരുന്നില്ല. വേദപുസ്തകവാക്യത്തിനു അതിൻെറ പ്രധാനകർത്താവായ ദൈവം വിവക്ഷിച്ചിരിക്കുന്ന അർത്ഥം യാഥാർത്ഥ്യത്തിനു യോജിച്ചിരിക്കണമല്ലോ. കൊപ്പർനിക്കൻസിദ്ധാന്തമാണു് യഥാർത്ഥമെന്നു ന്യായങ്ങളാൽ തെളിയുന്നപക്ഷം അതാണു് ദൈവം വിവക്ഷിച്ചിരിക്കുന്ന അർത്ഥമെന്നുള്ളതിനു സംശയമില്ല. തന്മൂലം ആ അർത്ഥത്തിൽ വേദവാക്യം സഭാധികാരികൾ വ്യാഖ്യാനിക്കുകയും ചെയ്യും. ഇന്നു വ്യാഖ്യാനിക്കുന്നതു ആ അർത്ഥത്തിലാണുതാനും.

### ഗലീലിയോയുടെ അവിവേകം

ഇപ്പറഞ്ഞവയ്ക്കും പുറമേ വേറൊരു സംഗതിയും കൂടി ഗലീലിയോയെ കുററം വിധിക്കുവാൻ പ്രേരണ നല്കിയിരുന്നു. അതു അദ്ദേഹത്തിൻെറ വിവേകശൂന്യമായ മനോഭാവമാണു്. കൊപ്പർനിക്കൻ സിദ്ധാന്തത്തിനു തക്ക തെളിവുകൾ ഗലീലിയോ നല്കിയില്ലെങ്കിലും അതു യഥാർത്ഥമാണെന്നുള്ള ദൃഢമായ ബോദ്ധ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതു വച്ചുകൊണ്ടു് അതിനെതിരായ അഭിപ്രായം സ്വീകരിക്കുന്നവരെ അദ്ദേഹം കഠിനമായി ആക്ഷേപിച്ചിരുന്നു. ഈ നിന്ദാഭാവം എതിരാളികളെ അദ്ദേഹത്തിൻെറ വിരോധികളാക്കിത്തീർത്തു മാത്രമല്ല, കൊപ്പർനിക്കൻ സിദ്ധാന്തം താൻ പഠിപ്പിക്കുകയില്ലെന്നു വൈദികക്കോടതിയിൽ ആദ്യം സമ്മതിച്ചെങ്കിലും, പിന്നീടു് ഒരു പുതിയ ഗ്രന്ഥമെഴുതുകയും അതിൽ അദ്ദേഹം പഴയ ആക്ഷേപവർഷങ്ങൾ ആവർത്തിക്കുകയും ചെയ്തു. ഇതൊരു വെല്ലുവിളിയായിട്ടാണു് വൈദികാധികാരികൾ ഗണിച്ചതു്. ഇതിൻെറയെല്ലാം ഫലമായിട്ടാണു് അദ്ദേഹത്തെ വൈദികാധികാരികൾ കുററം വിധിക്കുകയും ശിക്ഷിക്കുകയും ചെയ്തതു്.

### പീഡിപ്പിച്ചിട്ടില്ല

കേസിൻെറ ആരംഭംമുതൽ അവസാനംവരെ ഗലീലിയോയോടു് വളരെ മാനമായും ഉപചാരത്തോടുകൂടിയുമാണു് വൈദികാധികാരികൾ പെരുമാറിപ്പോന്നതു്. കേസിൻെറയിടയ്ക്കു് ഗലീലിയോ റോമയിൽ വന്നപ്പോൾ വളരെ "ഉദാരവും ഉത്കൃഷ്ടവുമായ" സ്വീകരണമാണദ്ദേഹത്തിനു നല്കപ്പെട്ടതു്. അന്നത്തെ മാർപ്പാപ്പാ ഊർബൻ എട്ടാമൻ ഗലീലിയോയുടെ സ്നേഹിതനായിരുന്ന പഴയ കർദ്ദിനാൾ ബർബെറീനിയായിരുന്നു. തിരുമനസ്സുകൊണ്ടദ്ദേഹത്തിനു് ഒരു പെൻഷൻ അനുവദിച്ചു. റോമാക്കാരനല്ലാത്ത സ്ഥിതിക്കു് റോമയിൽ താമസിക്കുമ്പോൾ അതു ലഭിക്കുവാൻ ഗലീലിയോയ്ക്കു് അവകാശമുണ്ടായിരുന്നില്ല. സയൻസിനുതന്നെ നല്കപ്പെട്ട സ്ഥിരമായ ഒരു ധനസഹായമായി അതിനെ ഗണിക്കണമെന്നാണു് അകത്തോലിക്കാ പണ്ഡിതന്മാർപോലും പറയുന്നതു്. വൈദികകോടതി ഗലീലിയോയ്ക്കു നല്കിയ ശിക്ഷ തടങ്കലിൽ പാർക്കുവാനും "ഏഴു അനുതാപകീർത്തനങ്ങൾ" ആഴ്ചയിലൊരിക്കൽ മൂന്നുകൊല്ലത്തേക്കു ചൊല്ലുവാനുമായിരുന്നു. "കാരാഗൃഹവാസം" എന്ന പ്രയോഗം അദ്ദേഹത്തിൻെറ കാര്യത്തിൽ തികച്ചും അയഥാർത്ഥമാണു്. വിചാരണദിവസങ്ങളിൽ അദ്ദേഹത്തെ പാർപ്പിച്ചിരുന്നതു് ഒരു വൈദികോദ്യോഗസ്ഥൻെറ വക മനോഹരവും വിശാലവുമായ ഒരു മന്ദിരത്തിലാണു്. ശിക്ഷാവിധിക്കുശേഷം, തടങ്കൽ സ്ഥലങ്ങളായി സുഖകരവും ആഡംബരകരവുമായ ഗൃഹങ്ങൾ ഉപയോഗിക്കുവാൻ അദ്ദേഹത്തിനനുവാദമുണ്ടായിരുന്നു. അദ്ദേഹത്തെ ബന്ധിപ്പിച്ചെന്നോ, പീഡിപ്പിച്ചെന്നോ, കണ്ണുകുത്തിപ്പൊട്ടിച്ചെന്നോ പറയുന്നതു് തീരെ അവാസ്തവമാണു്. മരണത്തിനഞ്ചുകൊല്ലം മുമ്പു് അദ്ദേഹം കുരുടനായിത്തീർന്നുവെന്നതു വാസ്തവം തന്നെ. എന്നാൽ അതു സ്വാഭാവികമായ കാരണത്താലാണു്. അദ്ദേഹത്തിൻെറ മരണസമയത്തു് മാർപ്പാപ്പാ പ്രത്യേകമാശീർവാദമയച്ചുകൊടുത്തു. ഫ്ളോറൻസിലുള്ള വിശുദ്ധ കുരിശിൻെറ ദേവാലയത്തിലാണു് അദ്ദേഹം സംസ്കരിക്കപ്പെട്ടതു്.

### ഗലീലിയോയോടു മാനസാന്തരപ്പെട്ടതി

ഓക്സ്ഫോർഡു് സർവ്വകലാശാലയിലെ ശാസ്ത്രചരിത്രവകുപ്പിലെ മ്യൂസി

പ്രഭാഷണം

# അധികാരത്തിന്റെ അടിത്തറ

"പ്രിയപ്പെട്ടവരേ, അന്യരെന്നനിലയിലും പരദേശികൾ എന്ന നിലയിലും ഞാൻ നിങ്ങളോടപേക്ഷിക്കുന്നു: ആത്മാവിനോടു യുദ്ധംചെയ്യുന്ന ശാരീരികങ്ങളായ സകല ദുരാശകളിൽനിന്നും അകന്നുകൊള്ളുവിൻ. നിങ്ങളെപ്പററി ദുഷിവാക്കുകൾ പറയുന്നവർ നിങ്ങളുടെ നല്ലപ്രവൃത്തികൾ കണ്ടിട്ട് പരിശോധനയുടെ ദിവസത്തിൽ ദൈവത്തെ സ്തുതിക്കേണ്ടതിനായി, നിങ്ങളുടെ നടപടികൾ സകലമനുഷ്യരുടേയും മുമ്പിൽ നല്ലവയായിരിക്കട്ടെ. ദൈവത്തെപ്രതി സകല മനുഷ്യർക്കും കീഴ്പ്പെട്ടിരിക്കുവിൻ. രാജാക്കന്മാർക്കു അവരുടെ അധികാരം നിമിത്തം കീഴ്പ്പെട്ടിരിക്കുവിൻ. ന്യായാധിപന്മാർ കുററംചെയ്യുന്നവരുടെ പ്രതികാരത്തിനും നന്മകൾ ചെയ്യുന്നവരുടെ മഹിമക്കുമായി അങ്ങയാൽ അയക്കപ്പെട്ടിരിക്കകൊണ്ടു് അവർക്കും കീഴ്വഴങ്ങുവിൻ. സ്വതന്ത്രന്മാരായി—തങ്ങളുടെ സ്വാതന്ത്ര്യം സ്വന്തദുഷ്ടതയ്ക്കു ഒരു മറയാക്കപ്പെട്ടിരിക്കുന്ന മനുഷ്യരെപ്പോലെയല്ല, മറിച്ചു് ദൈവത്തിന്റെ ഭൃത്യന്മാരെന്നനിലയിൽ—ദൈവത്തെ അറിയാതിരിക്കുന്ന ഭോഷന്മാരുടെ വായ് നിങ്ങൾ സൽപ്രവൃത്തികൾകൊണ്ടു് അടയ്ക്കണം എന്നാകുന്നു ദൈവത്തിന്റെ ഇഷ്ടം. എല്ലാവരേയും മാനിക്കുവിൻ; നിങ്ങളുടെ സഹോദരന്മാരെ സ്നേഹിക്കുവിൻ; ദൈവത്തെ ഭയപ്പെടുവിൻ; രാജാക്കന്മാരോടു് ബഹുമാനം കാണിക്കുവിൻ. ഭൃത്യന്മാരേ, നിങ്ങളുടെ യജമാനന്മാർക്കു—ഗുണവാന്മാർക്കും ശാന്തന്മാർക്കും മാത്രമല്ല, കഠിനന്മാർക്കും ഉപദ്രവികൾക്കുംകൂടി—ഭയത്തോടെ കീഴ്പ്പെടുവിൻ. അന്യായമായി വന്നുകൂടുന്ന ആകുലതകൾ നല്ല മനസ്സാക്ഷി നിമിത്തം സഹിക്കുന്നവർക്കു ദൈവത്തിന്റെ മുമ്പാകെ കൃപയുണ്ടു്." (ഉയിർപ്പു് 3-ാം ഞായർ ലേഖനം. 1 പത്രോ. II, 11—19)

ഏതൊരു രാഷ്ട്രത്തിലേയും കത്തോലിക്കരായ പൗരന്മാർ രാജ്യഭക്തിയിലും അധികാരാദരത്തിലും ഭരണകർത്താക്കളെ അനുസരിക്കുന്നതിലും അദ്വിതീയരാണെന്നു സൂക്ഷ്മനിരീക്ഷകന്മാരായ ചക്രവർത്തികളും, പ്രസിഡണ്ടുമാരും, മഹാരാജാക്കന്മാരും, മന്ത്രിമാരും പലപ്പോഴും ഉൽഘോഷിക്കാറുണ്ടു്. ഇത്ര മഹത്തായ ഒരു പാരമ്പര്യം കത്തോലിക്കർക്കുണ്ടെങ്കിൽ അതിനുള്ള കാരണവും വി. പത്രോസ് ശ്ലീഹാ ഇന്നത്തെ ലേഖനത്തിൽ ഉന്നയിക്കുന്നുണ്ടു്. രാജാക്കന്മാർക്കും ന്യായാധിപന്മാർക്കും യജമാനന്മാർക്കും കീഴ്വഴങ്ങുവാൻ വിശുദ്ധൻ നമ്മെ പ്രബോധിപ്പിക്കുന്നു; കാരണം, ഈ അനുസരണം ദൈവത്തെപ്രതി—ദൈവത്തിൽനിന്നു അവർക്കു ലഭിച്ചിട്ടുള്ള അധികാരത്തെപ്രതി—അവർ ദൈവത്താൽ നിയുക്തരായിരിക്കകൊണ്ടു്— ആണെന്നു അപ്പോസ്തലപ്രമുഖൻ സമർത്ഥിക്കുന്നു.

"അധികാരം ജനങ്ങളിൽ സ്ഥിതിചെയ്യുന്നു. ഇന്നത്തെ ജനകീയ മന്ത്രിമാരേയും ഭരണമേധാവികളേയും തിരഞ്ഞെടുക്കുന്നതു് ജനങ്ങളാണു്. തന്നിമിത്തം അവർക്കുള്ള അധികാരം ജനങ്ങളിൽ നിന്നാണു് ലഭിക്കുന്നതു്" എന്നിങ്ങനെയുള്ള അഭിപ്രായഗതി ഇന്നു പലരിലും ഉള്ളതായിക്കാണാം. ക്രിസ്തുവിനെ വധിക്കുവാനും വിട്ടയക്കുവാനുമുള്ള അധികാരം തനിക്കുണ്ടെന്നു പീലാത്തോസ് പ്രഘോഷിച്ചു; അതിനു ക്രിസ്തു ഇപ്രകാരം പ്രത്യുത്തരിച്ചു: "ഉന്നതങ്ങളിൽനിന്നു നൽകപ്പെടാതിരുന്നെങ്കിൽ നിനക്കു എന്റെമേൽ യാതൊരധികാരവും ഉണ്ടാകയില്ലായിരുന്നു." ദൈവദത്തമാണു് സകല അധികാരവും. "ഏതു മനുഷ്യനും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴ്പ്പെട്ടിരിക്കട്ടെ; ദൈവത്തിൽ നിന്നുള്ളതല്ലാതെ അധികാരമില്ല; ഉള്ള അധികാരങ്ങൾ ദൈവത്താൽ ഏൾപ്പെടുത്തപ്പെട്ടിരിക്കുന്നു. ആകയാൽ അധികാരത്തോടു് എതിർത്തുനിൽക്കുന്നവൻ ദൈവത്തിന്റെ കല്പനയോടു് എതിർത്തു നിൽക്കുന്നു. അവയോടു എതിർത്തുനിൽക്കുന്നവൻ ശിക്ഷാവിധി പ്രാപിക്കയും ചെയ്യും" (Rom. Xiii 1—2) ഈ തത്വത്തെ മുറുകെ പിടിച്ചുകൊണ്ടാണു് ക്രിസ്ത്യാനികൾ അനുസരണശീലമുള്ള പൗരന്മാരായി വർത്തിക്കുന്നതു്. "ഞങ്ങൾ നൽകിയ അധികാരമാണു്. അതിനെ ഞങ്ങളുടെ ഇഷ്ടംപോലെ ധിക്കരിക്കാനും തട്ടിമറിക്കാനും ഞങ്ങൾക്കവകാശമുണ്ടു്" എന്നിങ്ങനെയുള്ള മനസ്ഥിതിവെച്ചുപുലർത്തിക്കൊണ്ടു് അധികാരത്തിന്റെ അടിത്തറ മാന്തിക്കഴിഞ്ഞാൽ രാഷ്ട്രസൗധം വീണു തകർന്നുപോകയില്ലേ? അരാജകത്വം വിളയാടുകയില്ലേ?

മനുഷ്യൻ പ്രകൃതിയാൽത്തന്നെ ഒരു സമുദായജീവിയാണു്. ഒരു സമുദായം നിലനിൽക്കണമെങ്കിൽ അതിനു് ഒരു ഭരണാധികാരി കൂടിയേ കഴിയൂ. അതുകൊണ്ടു് ഭരണാധികാരികൾ ഉണ്ടായേ കഴിയൂ എന്നുള്ളതു് മനുഷ്യപ്രകൃതിയിൽത്തന്നെ നിക്ഷിപ്തമായിരിക്കുന്നു. എന്നാൽ മനുഷ്യന്റെ പ്രകൃതി (Nature)യുടെ കർത്താവു് ആരാണു്? ദൈവം. തന്നിമിത്തം മനുഷ്യപ്രകൃതിയിൽനിന്നു നേരിട്ടുത്ഭവിക്കുന്ന ഭരണാധികാരവും ദൈവത്തിൽ നിന്നാണെന്നു സിദ്ധിക്കുന്നു. ദൈവം സാമൂഹ്യജീവിതപ്രകൃതിയോടുകൂടിയ മനുഷ്യനെ സൃഷ്ടിച്ചപ്പോൾ അധികാരത്തേയും സൃഷ്ടിച്ചു. ഈ തത്വം ഭരണകർത്താക്കളും ഭരണീയരും ഒന്നുപോലെ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണു്. എല്ലാമനുഷ്യരും സമന്മാരാണു്. എന്നാൽ സമുദായത്തിന്റെ നിലനില്പിനും ക്ഷേമത്തിനുംവേണ്ടി ചിലർ ഭരണാധികാരം വഹിക്കുന്നുണ്ടെങ്കിൽ, അവർ ആ അധികാരം ദൈവദത്തമാണെന്നു മനസ്സിലാക്കിക്കൊണ്ടു് നീതിനിഷ്ഠയോടും ധാർമ്മികബോധത്തോടും കൂടി ഭരണകൃത്യം നിർവ്വഹിക്കേണ്ടതാണു്. അപ്രകാരംതന്നെ ഭരണീയർ, തങ്ങൾ തിരഞ്ഞെടുത്തയക്കുന്ന പ്രതിനിധികൾക്കും മന്ത്രിമാർക്കും മററു ഭരണമേധാവികൾക്കും അധികാരം ലഭിക്കുന്നതു് ദൈവത്തിൽനിന്നാണെന്നും അവർ ദൈവത്തിന്റെ പ്രതിനിധികളാണെന്നും മനസ്സിലാക്കി തദനുസരമുള്ള ബഹുമാനവും അനുസരണവും അവരോടു പ്രദർശിപ്പിക്കയും വേണം. ഈ വിശ്വാസമില്ലെങ്കിൽ അധികാരികളോടു ആത്മാർത്ഥമായ ബഹുമാനമുണ്ടാകയില്ല; ബഹുമാനമില്ലെങ്കിൽ അനുസരണമില്ല; ധിക്കാരമനസ്ഥിതിയും വിദ്വേഷവും കടന്നുപററുകയും ചെയ്യും.

ഭരണാധികാരികളിൽ പലേ വിഷ്ടകളും പോരായ്മകളും കണ്ടെന്നുവരാം. അധികാരപദപ്രാപ്തിയിൽത്തന്നെ അല്പാല്പം ക്രമക്കേടുകൾ ഉണ്ടായിരിക്കാം. ഒരുപക്ഷെ ഭരണാധിപൻ ഭരണീയരിൽ ചിലരെപ്പോലെ വിജ്ഞാനമോ ഭരണപാടവമോ ഇല്ലാത്തവനായിരിക്കാം. എന്നാൽ, അധികാരത്തിന്റെ നാരായവേരു് ദൈവത്തിൽ ചെന്നെത്തിയിട്ടുണ്ടെന്നു മനസ്സിലാക്കിയിട്ടുള്ള ഒരു ക്രിസ്ത്യാനിക്കു അധികാരബഹുമാനം ഉണ്ടായേ കഴിയൂ. വിമർശനം അനുവദനീയമാണു്. എന്നാൽ അതു സന്മനോഭാവത്തോടും ബഹുമാനത്തോടും കൂടിയതായിരിക്കണം. "പാണ്ഡിത്യത്തിലും പാടവത്തിലും എന്നെക്കാൾ വളരെ താഴ്ന്നവനാണല്ലോ ആ മന്ത്രി..." എന്നു നാം വിചാരിച്ചുപോകരുതു്. മഹാപണ്ഡിതനായിരുന്ന വി. പൗലോസ് ശ്ലീഹാ ഒരു സാധാരണക്കാരനായിരുന്ന അനനിയാസിന്റെ പക്കലേക്കല്ലെ അയക്കപ്പെട്ടതു്? കർദ്ദിനാൾ ന്യൂമൻ വെറും ഒരു സാധാരണ പോളിഷ് വൈദികന്റെ ശിക്ഷണത്തിനു സ്വയം വിധേയനാക്കിയില്ലേ? വി. പത്രോസിനെ—മൂന്നു പ്രാവശ്യം ക്രിസ്തുവിനെ പരസ്യമായി പരിത്യജിച്ച പത്രോസിനെ—മററു ശിഷ്യന്മാർ ബഹുമാനാദരങ്ങളോടെ അനുസരിച്ചിരുന്നില്ലേ? ഇംഗ്ലണ്ടിലെ ചാൻസലറായിരുന്ന വി. തോമസ്മൂർ വളരെ താഴ്ന്ന ഉദ്യോഗത്തിലിരുന്ന തന്റെ പിതാവിന്റെ മുമ്പിൽ എല്ലാദിവസവും പരസ്യമായി മുട്ടുകുത്തി അനുഗ്രഹം വാങ്ങിച്ചിരുന്നില്ലേ? "ഇന്നത്തെ മന്ത്രിമാർക്കും വക്കുപ്പദ്ധ്യക്ഷന്മാർക്കും മെത്രാന്മാർക്കും വികാരിമാർക്കും ഒന്നും അറിഞ്ഞുകൂടാ; യാതൊന്നും അവർ പ്രവർത്തിക്കുന്നില്ല. ഞാനായിരുന്നെങ്കിൽ എല്ലാം എത്ര ഭംഗിയായി നടത്തുമായിരുന്നു! ഞാൻ മന്ത്രിയായിരുന്നെങ്കിൽ......ഞാൻ മെത്രാനായിരുന്നെങ്കിൽ...ഞാൻ ഡയറക്ടറായിരുന്നെങ്കിൽ...ഞാൻ വികാരിയായിരുന്നെങ്കിൽ......" എന്നെല്ലാം ചിലർ തട്ടിമൂളിക്കാറുണ്ടു്. ഇങ്ങനെയുള്ളവർ കുറെ ഉപവിയോടും ദൈവവിശ്വാസത്തോടുംകൂടി സംസാരിക്കട്ടെ. ഇപ്രകാരം വിമർശിച്ചിട്ടുള്ള പലരും അധികാരപദംപ്രാപിക്കുമ്പോൾ കൂടുതൽ അപ്രാപ്തരായിക്കാണപ്പെടുകയല്ലേ പതിവു്?

വിമർശനം എളുപ്പമാണു്; എന്നാൽ ഭരണനിർവ്വഹണം ദുഷ്കരമാണു്. ഇതു നാം നല്ലപോലെ മനസ്സിലാക്കണം. സാമുവേൽ റാണ്ടൽ എന്ന മഹാൻ ഐക്യനാടുകളിലെ ജനപ്രതിനിധി സഭയിലെ സ്പീക്കർ ആയിരുന്നപ്പോൾ ഒരു മെമ്പർ സ്പീക്കറുടെ റൂളിങ്ങുകളേയും തീരുമാനങ്ങളേയും അസഹ്യവും പരിഹാസ്യവുമായ വിധത്തിൽ സദാ ചോദ്യംചെയ്തുകൊണ്ടിരുന്നു. ഒരു ദിവസം ഒരു പ്രധാനവിഷയം ചർച്ചചെയ്തിരുന്ന അവസരത്തിൽ സ്പീക്കർ അദ്ധ്യക്ഷപദത്തിൽനിന്നും മാറി ആ വിമർശകുതുകിയായ മെമ്പറെ തൽസ്ഥാനത്തിരുത്തി. ഫലമോ? ചോദ്യകോലാഹലങ്ങളും കുഴപ്പവും ലഹളയും. സഭാനടപടികൾ നിയന്ത്രിക്കുവാൻ സാധിക്കാതെ ആ മെമ്പർ ഇതികർത്തവ്യതാമൂഢനായി. സ്പീക്കർ വന്നു അദ്ധ്യക്ഷസ്ഥാനംവീണ്ടും സ്വീകരിച്ചതിനുശേഷമേ ക്രമം പാലിക്കപ്പെടുകയും സഭാനടപടികൾ പ്രശാന്തമായി പുരോഗമിക്കയും ചെയ്തുള്ളൂ. ഈ സംഭവത്തിനുശേഷം ആ മെമ്പർ ഒരിക്കലും അവജ്ഞാപരമായ വിമർശനത്തിനു മുതിർന്നില്ല... ആദ്ധ്യാത്മികാധികാരികളും രാജ്യഭരണമേധാവികളും ചുമതലാബോധത്തോടെ പൊതുജനക്ഷേമത്തെ മുൻനിറുത്തിക്കൊണ്ടുള്ള ഭരണം നിർവ്വഹിക്കുവാൻ ഇടവരുന്നതിനായി ജ്ഞാനത്തിന്റെയും നീതിയുടേയും നാഥനായ ദൈവത്തോടു പ്രാർത്ഥിക്കുവാനുള്ള കടമയും നമുക്കുണ്ടു്. (ജെ. ചെമ്മണ്ണൂർ)

റോയിസ് നിറം
സാററിൻ സിൽക്കിൽ
കുർബാനക്കുപ്പായം
തയ്യാറുണ്ടു

കുർബ്ബാനക്കുപ്പായം, കാപ്പ മുതലായ വൈദിക വസ്ത്രങ്ങൾക്കു് കൊളംബോ സാരിവർക്കു്, ബ്രോഡ് വെ–എറണാകുളം.

യത്തിന്റെ ക്യൂറേയ്ററായിരുന്ന ഡോക്ടർ എഫ്. ഷെർവുഡ് ടെയിലർ എം. എ; ബി. എസ് സി; പി എച്ച്. ഡി. എന്ന പണ്ഡിതൻ അവിശ്വാസിയായിരുന്നു. "ഗലീലിയോയും ചിന്താസ്വാതന്ത്ര്യവും" എന്ന വിഷയത്തെ അധികരിച്ചു് യുക്തിവാദി പ്രസിദ്ധീകരണസംഘത്തോടായിട്ടു് ഒരു പ്രസംഗം ചെയ്യുവാൻ അദ്ദേഹം ക്ഷണിക്കപ്പെട്ടു. പ്രസംഗം തയ്യാറാക്കുവാൻവേണ്ടി ഗലീലിയോകേസ്സു് സംബന്ധിച്ചുള്ള മൂലറിക്കാർഡുകൾ അദ്ദേഹം പരിശോധിക്കുകയും പഠിക്കുകയും ചെയ്തു. അതിന്റെ ഫലമായി ഗലീലിയോ കേസിൽ, ഹക്സിലി പറഞ്ഞിരുന്നപോലെ "മാർപ്പാപ്പായുടേയും കർദ്ദിനാളന്മാരുടേയും ഭാഗത്താണു് കൂടുതൽ ന്യായമുള്ളതെന്നു്" അദ്ദേഹം മനസ്സിലാക്കി. ഇതിനെത്തുടർന്നു് കത്തോലിക്കാസഭയെപ്പററി അന്വേഷിക്കുകയും പഠിക്കുകയും, സഭയുടെ അവകാശവാദങ്ങൾ യഥാർത്ഥങ്ങളാണെന്നു ബോദ്ധ്യപ്പെട്ടു് അദ്ദേഹം കത്തോലിക്കനായിത്തീരുകയും ചെയ്തു. ഇംഗ്ലണ്ടിലെ Month എന്ന സുപ്രസിദ്ധ പണ്ഡിതമാസികയുടെ 1943 മാർച്ചു്-ഏപ്രിൽ ലക്കത്തിൽ ഈ വിവരങ്ങൾ ഉൾക്കൊള്ളിച്ചു് അദ്ദേഹംതന്നെ ഒരു ലേഖനം എഴുതുകയുണ്ടായി. അതിൽ അദ്ദേഹം യുക്തിവാദി പ്രസിദ്ധീകരണസംഘത്തെ തന്റെ മാനസാന്തരത്തിനുള്ള ഉപകരണമായി ഉപയോഗിച്ചതിൽ അദ്ദേഹം ദൈവത്തിനു കൃതജ്ഞത പ്രദർശിപ്പിക്കുകയും കത്തോലിക്കാമതവിരോധികൾ ചരിത്രവിഷയങ്ങളെ നിഷ്പക്ഷതയോടുകൂടി പരിശോധിക്കാത്തതിനാൽ തങ്ങൾക്കുതന്നെ വരുത്തിക്കൂട്ടുന്ന ദോഷങ്ങളെ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ടു്. ഈ പണ്ഡിതന്റെ അനുഭവംമാത്രം മതിയല്ലോ ഗലീലിയോകേസ്സു് കത്തോലിക്കാസഭയ്ക്കു് എതിരല്ലെന്നു തെളിയിക്കുവാൻ!



എം. സി. എസ്. എൽ., ല്ലൂർ
പേപ്പൽ ജൂബിലിയാഘോഷങ്ങളിൽ എം. സി. എസ്. എൽ. അംഗങ്ങളായിരുന്ന വാളൻറിയർമാർ

ആരോഗ്യപംക്തി

# കുഷ്ഠരോഗം

(ഡോക്ടർ കൊക്രേയിൻ)

അടുത്തകാലംവരെ, കുഷ്ഠരോഗത്തെപ്പററിയുള്ള എല്ലാ അറിവുകളും, അതിൻെറ വികാരപരമായ അഭ്യൂഹനകളാൽ ആവൃതമായിരുന്നു. മദ്ധ്യകാലങ്ങളിൽ നിലവിലിരുന്ന ഒരു വീക്ഷണകോണിലൂടെയാണ് നാം ഈ രോഗത്തെ പൊതുവെ വീക്ഷിച്ചുവന്നിരുന്നതു്. ഇതിനുള്ള കാരണം കുഷ്ഠം വളരെ പഴക്കമുള്ള ഒരു രോഗമായതാണ്.

## കുഷ്ഠരോഗത്തിൻെറ ചരിത്രം

ഇതു പൗരാണികകാലത്തോളം നീണ്ടുകിടക്കുന്നു. പരമ്പരയായി വളരെ ശതാബ്ദകാലത്തോളം ഈ വിഷയം അജ്ഞതകൊണ്ടു മൂടപ്പെട്ടിരുന്നു. പണ്ടുകാലങ്ങളിൽ നിലവിലുണ്ടായിരുന്ന അറിവുകളെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ് കുഷ്ഠത്തെപ്പററി അടുത്തകാലംവരെയുള്ള എല്ലാ വിവരങ്ങളും. ഈ രോഗത്തെപ്പററി ഇൻഡ്യയിൽ പഴയരേഖകളിലും പ്രതിപാദിച്ചിട്ടുണ്ടു്. ഹിന്ദുക്കളുടെ പുരാണങ്ങളിൽ ഈ ദുരിതത്തെപ്പററി പ്രത്യേകം എടുത്തുപറഞ്ഞിട്ടുണ്ടു്. ലോകത്തിലുള്ള എല്ലാ മതങ്ങളും കുഷ്ഠത്തെ വളരെ അശുദ്ധമായ ഒരു കാര്യമായി കണക്കാക്കിയിരുന്നു എന്നുള്ളതു ആശ്ചര്യകരമായ ഒരു വാസ്തവം മാത്രമാണ്. ഇതിനുള്ള കാരണം കുഷ്ഠം വിവരിക്കപ്പെട്ടിട്ടുള്ള ആദ്യരോഗങ്ങളിൽ ഒന്നായിരുന്നു. മാത്രമല്ല, അക്കാലത്തു സുഖക്കേടും ദൈവശിക്ഷയും തമ്മിൽ ഘടിപ്പിക്കപ്പെട്ടിരുന്നു. മനുഷ്യർക്കു വരുന്ന നിരവധി രോഗങ്ങളെക്കാൾ കൂടുതൽ ആക്ഷേപാർഹമായിട്ടുള്ളതല്ല കുഷ്ഠമെന്നു നാം ഇപ്പോൾ മനസ്സിലാക്കുവാൻ തുടങ്ങിയിരിക്കുന്നു. അതുകൊണ്ടു്, കുഷ്ഠം ദൈവകോപംകൊണ്ടോ, വിരുദ്ധമായ സാമുദായിക ജീവിതംകൊണ്ടോ വന്നുചേരുന്ന ഒരു രോഗമാണെന്നുള്ള യാതൊരു സൂചനയും വാക്കുമൂലമോ, പ്രവൃത്തിമൂലമോ പ്രസ്തുതരോഗം ബാധിച്ചിട്ടുള്ള രോഗികൾക്കു നൽകരുതു്. കുഷ്ഠം ആക്ഷേപാർഹമായ ഒരു രോഗമാണെന്നു അർത്ഥംവരുന്ന യാതൊരു വാക്കുകൾക്കും നമ്മുടെ നിഘണ്ടുവിൽ സ്ഥാനം കൊടുക്കരുതു്.

## ബ്രിട്ടനിൽനിന്നുള്ള പാഠം

ഇന്നും കുഷ്ഠം അധികമായി കണ്ടുവരുന്നതു് ആഫ്റിക്ക—പ്രത്യേകിച്ചു മദ്ധ്യരേഖാപ്രദേശങ്ങളിൽ കിഴക്കു മുതൽ പടിഞ്ഞാറുവരെ—ചൈനാ, കൊറിയ, ജപ്പാൻ, ഇന്ത്യ, തെക്കെ അമേരിക്ക എന്നിവിടങ്ങളിലാണ്. ഇന്ത്യയിൽ കുഷ്ഠം അധികമുള്ള സംസ്ഥാനങ്ങൾ, മദിരാശി, തിരുവിതാംകൂർ—പ്രത്യേകിച്ചു ഇവയുടെ തീരപ്രദേശങ്ങൾ—ഒറീസ, ഐക്യസംസ്ഥാനത്തിൻെറ ചില ഭാഗങ്ങൾ, ബോംബെ, ഹൈദ്രബാദ് എന്നിവയാണ്.

യൂറോപ്പിൽ ചില ഭാഗങ്ങളിൽ ഇന്നും കുഷ്ഠരോഗം നിലനില്ക്കുന്നുണ്ടു്; പ്രത്യേകിച്ചു റഷ്യ, പോർച്ചുഗൽ, സ്പെയിൻ, ബാൾക്കൻ, ബാൾട്ടിക്ക് സ്റ്റേററു് എന്നിവിടങ്ങളിൽ. പൊതുവെ പറയുന്നപക്ഷം, ഈ സുഖക്കേടു് യൂറോപ്പ ഭൂഖണ്ഡത്തിൽ ഏറെക്കുറെ ഇല്ലാതായിരിക്കുന്നു എന്നു പറയാം. ഇംഗ്ലണ്ടിൽ കുഷ്ഠരോഗത്തിൻെറ ഉയർച്ചയും താഴ്ചയും വളരെ രസാവഹമായ ഒരു പഠനമാണ്. മദ്ധ്യകാലങ്ങളിൽ കുഷ്ഠരോഗം ബ്രിട്ടീഷ് ദ്വീപുകളിൽ സഹജമായിരുന്നു. അതു ആദ്യം ഇംഗ്ലണ്ടിലും വെയിത്സിലും പിന്നീടു അയർലണ്ടിലും അവസാനമായി സ്കോട്ട്ലണ്ടിലും വ്യാപിച്ചു.

ഇംഗ്ലണ്ടിൽ കുഷ്ഠരോഗം കുറയുന്നതിനുള്ള ന്യായങ്ങൾ രസാവഹമാണ്. അതിനു പല കാരണങ്ങളും നിർദ്ദേശിച്ചു കാണുന്നുണ്ടു്. എ. ഡി. 638 നും, എ. ഡി. 1798 നും മദ്ധ്യേ ബ്രിട്ടീഷ് ദ്വീപുകളിൽ കുഷ്ഠരോഗം നിലവിലിരുന്നു. പതിനഞ്ചാം ശതാബ്ദത്തിൻെറ അവസാനത്തിൽ ആളുകളുടെ ഭക്ഷണം കറുത്ത റൊട്ടി, ഉപ്പിട്ട മത്സ്യം ഇവയിൽനിന്നു പച്ചക്കറിയിലേക്കും നല്ല മാംസത്തിലേക്കും മാററിയപ്പോൾ കുഷ്ഠരോഗം ഇംഗ്ലണ്ടിൽ മിക്കവാറും ഇല്ലാതായി.

എ. ഡി. 1340-ൽ ഇംഗ്ലണ്ടിനെ ബാധിച്ച "കരിമരണം" (Black Death) കുഷ്ഠരോഗം ബാധിച്ച ധാരാളം പേരുടെ മരണത്തിനു ഹേതുവായിത്തീന്നിട്ടുണ്ടു്. പൊതുജനാരോഗ്യബോധം ജനങ്ങളിൽ വളന്നതും ജീവിതത്തോതു വർദ്ധിച്ചതും കുഷ്ഠരോഗം ഇല്ലായ്മചെയ്യുവാൻ വളരെ സഹായമായിട്ടുണ്ടു്. സുഖക്കേടുള്ളവരും സുഖക്കേടു് ഇല്ലാത്തവരുമായി, പ്രത്യേകിച്ചു കുട്ടികളുമായി, അടുത്തു പെരുമാറരുതെന്നുള്ള കർശനമായ നിയമവും ഈ രോഗത്തെ നിയന്ത്രിക്കുന്നതിനുള്ള ഒരു പ്രധാന ഘടകമാണെന്നു അനുഭവപ്പെട്ടിരിക്കുന്നു. ബ്രിട്ടീഷ് ദ്വീപുകളിലെ ജനസംഖ്യ താരതമ്യേന കുറവായിരുന്നതുകൊണ്ടു് മദ്ധ്യകാലങ്ങളിൽ ഇംഗ്ലണ്ടിൽ കുഷ്ഠരോഗംകൊണ്ടു് കഷ്ടപ്പെട്ടുന്നവർ പൗരസ്ത്യദേശങ്ങളിൽ ഉണ്ടായിരുന്നതിനെക്കാൾ വളരെ കുറവായിരുന്നു. അക്കാരണത്താൽ, സുഖക്കേടു ബാധിച്ചവരും അല്ലാത്തവരും തമ്മിലുള്ള സമ്പക്കം തടയുന്ന കർശനമായ നിബന്ധനകൾകൊണ്ടു രോഗനിയന്ത്രണവും എളുപ്പമായിരുന്നു. പുരോഹിതന്മാക്കു് കുഷ്ഠത്തെപ്പററി നല്ല അറിവുണ്ടായിരുന്നിരിക്കണം. കുട്ടികാഞ്ഞ തൊലിപ്പുറമേയുള്ള പരിശോധന സുഖക്കേടു കണ്ടുപിടിക്കുന്നതിനു സാദ്ധ്യമാക്കിത്തീത്തു. വളരെ ചുരുക്കം രോഗികളെ മാത്രമേ വിട്ടുപോയിട്ടുണ്ടായിരിക്കുകയുള്ളു. രോഗം പകരാതിരിക്കുന്നതിനു സ്വീകരിച്ചുവന്ന കർശനനടപടികളെപ്പററി താഴെ പറയുന്ന ഉദാഹരണത്തിൽനിന്നു മനസ്സിലാകും. ആക്കെങ്കിലും കുഷ്ഠരോഗം ബാധിച്ചിട്ടുണ്ടെന്നു തെളിഞ്ഞുകഴിഞ്ഞാൽ, അയാളുടെ അന്ത്യകർമ്മങ്ങൾ ഉടനെ നടത്തും. ഇതിൻെറ ഉദ്ദേശം, ലോകത്തെ സംബന്ധിച്ചിടത്തോളം അയാൾ മരിച്ചു എന്നു കാണിക്കുകയാണ്. പ്രസ്തുതകർമ്മങ്ങൾക്കുശേഷം താഴെ പറയുന്ന വാക്കുകളിൽ പുരോഹിതൻ ഒരു പ്രസംഗവും ചെയ്യുന്നതായിരിക്കും: "നിനക്കു സുഖക്കേടുള്ളപ്പോൾ, നീ വീട്ടിലോ, സത്രത്തിലോ, നിർമ്മാണശാലയിലോ, മില്ലിലോ, കയറരുതു്. പൊതു ഉറവുകളിൽനിന്നു വെള്ളം കുടിക്കുകയോ, അവിടെ വസ്ത്രം അലക്കുകയോ ചെയ്യരുതു്. നീ തന്നത്താനോ, മററു കുഷ്ഠരോഗികളുടെകൂടെയോ മാത്രമേ ഭക്ഷണംകഴിക്കാവൂ. നീ പള്ളിയിലെ യാതൊരു കർമ്മങ്ങളിലും പങ്കെടുക്കരുതു്. ജനക്കൂട്ടത്തിൽ കലരരുതു്. നീ ആരോടെങ്കിലും സംസാരിക്കുമ്പോൾ കാററിനു അഭിമുഖമായി നില്ക്കരുതു്. നീ എപ്പോഴും കൈയുറ ധരിച്ചിരിക്കണം. അവ കൂടാതെ നീ യാതൊരു കയറിലും തൊട്ടുപോകരുതു്. നീ നിൻെറ കുട്ടികൾപ്പെടെ യാതൊരു കുട്ടിയേയും തൊടരുതു്. നീ എല്ലാ രാത്രിയിലും നിൻെറ മുറിയിലേക്കു തിരിച്ചുവരണം."

മേൽക്കൊടുത്ത നിബന്ധനകളുടെ ലക്ഷ്യംതന്നെ രോഗമില്ലാത്തവരുമായി, പ്രത്യേകിച്ചു കുട്ടികളുമായി അടുത്തു പെരുമാറുന്നതിനെ തടയുന്നതിനുവേണ്ടിയാണ്. സുഖക്കേടുള്ളവരിൽനിന്നു കുട്ടികളെ അകററി നിർത്തിയാൽ—സുഖക്കേടു ബാധിക്കുന്ന പ്രായമായവർ കുറവായതുകൊണ്ടു്—കുഷ്ഠരോഗം സമുദായത്തിൽ നിലനിത്താതെ കഴിക്കാം. ഈ നിരീക്ഷണം തെക്കെ ഇന്ത്യയിൽ പ്രായോഗികമാക്കിവരുന്നു. രോഗനിയന്ത്രണത്തിനുവേണ്ടി പകരുന്ന കുഷ്ഠമുള്ള രോഗികളെ രാത്രികാലത്തു വേർതിരിക്കുന്നതിനു—പ്രത്യേകിച്ചു കുട്ടികളിൽനിന്നു—വേണ്ട പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നുണ്ടു്.

## പാരമ്പര്യമല്ല

"മൈക്കോ-ബാക്ടീറിയം ലെപ്രേ" (Myco-bacterium leprae) എന്ന ഒരു രോഗാണുവിൽനിന്നാണ് കുഷ്ഠമുണ്ടാകുന്നതു്. 1868-ൽ ഗെർഹാർഡ് ആർമ്മർ ഹാൻസൻ (Gerhard Armauer Hansen) എന്ന ശാസ്ത്രജ്ഞനാണ് ഇതു കണ്ടുപിടിച്ചതു്. ആദ്യകാലങ്ങളിൽ കുഷ്ഠരോഗം പാരമ്പര്യമായി കിട്ടുന്നതാണെന്നും, അതു കുറേശ്ശെ പകരുന്നതാണെന്നും, പകരുന്ന ഘട്ടത്തിൽ സമ്പക്കംകൊണ്ടു മററാളുകൾക്കും രോഗം ബാധിക്കുമെന്നും, വിശ്വസിച്ചുപോന്നു. കുഷ്ഠരോഗം പാരമ്പര്യമായി കിട്ടുന്നതാണെന്നു ഇന്നു ആരും വിശ്വസിക്കുന്നില്ല. അപ്രകാരം വിചാരിക്കുവാൻ തക്ക കാരണവും കാണുന്നില്ല.

രോഗം പകരുന്നതിനുള്ള ഏററവും എളുപ്പമായ വഴി അടുത്തു പെരുമാറുകയാണ്. അതായതു സുഖക്കേടുള്ള ആളുകളുടെ കൂടെ കിടന്നുറങ്ങുകയോ, കുഷ്ഠമുള്ള ആൾ ധരിച്ച വസ്ത്രം ധരിക്കുകയോ ചെയ്യുക. ഇപ്രകാരം സമ്പക്കംകൊണ്ടു പകരുന്ന കുഷ്ഠത്തിനു "തുറന്ന" കുഷ്ഠ (Open leprosy) മെന്നു പറയുന്നു. ഇതിനെതിരായി "അടച്ച" അഥവാ "പകരാത്ത" (Non-infective) കുഷ്ഠരോഗമുണ്ടു്. 1938-ൽ കെയിറോയിൽ വച്ചുകൂടിയ അന്താരാഷ്ട്രീയ കുഷ്ഠരോഗസമ്മേളനത്തിൽ "തുറന്നകുഷ്ഠരോഗ"ത്തെ ഇപ്രകാരം നിർവ്വചിക്കുകയുണ്ടായി: സ്റ്റാൻേറർഡ് പരിശോധന സമ്പ്രദായംകൊണ്ടു കുഷ്ഠരോഗാണുക്കളെ (Myco-bacterium leprae) കണ്ടുപിടിക്കുവാൻ കഴിയുന്ന രോഗത്തിനാണ് "തുറന്ന രോഗമെന്നു" പറയുന്നതു്. കുഷ്ഠരോഗമുള്ള ഒരാളുടെ ദേഹത്തു രോഗാണുക്കൾ കണ്ടുപിടിക്കുവാൻ സാധിച്ചില്ലെങ്കിൽ അതിനെ "അടയ്ക്കപ്പെട്ട" (closed caso) രോഗം എന്നു പറയുന്നതാണ്. അത്തരത്തിലുള്ള രോഗംകൊണ്ടു പൊതുജനങ്ങൾക്കു യാതൊരു ഉപദ്രവവുമില്ല. അംഗഭംഗങ്ങൾ വരുന്നതോ, വികൃതരൂപത്തിൽ ആയിത്തീരുന്നതോകൊണ്ടു രോഗം പകരുന്നതായി കൊള്ളണമെന്നില്ല.

## പകരുന്നതെങ്ങനെ?

പ്രായമായവരെക്കാൾ കുട്ടികൾക്കാണ് എളുപ്പത്തിൽ രോഗം പകരുന്നതെന്നു മുമ്പു പറഞ്ഞുവല്ലോ. സ്ത്രീകൾക്കു ഗർഭമുണ്ടാകുമ്പോൾ കുഷ്ഠരോഗത്തിൻെറ ശക്തി വർദ്ധിക്കുന്നു. ഇതിനുള്ള കാരണം ബാല്യകാലത്തും ഗർഭമുണ്ടായിരിക്കുമ്പോഴുമാണ് മെററബോളിസം (Metabolism)— അതായതു ഓജസ്സ് കൂടുന്നതും കുറയുന്നതും—അധികമാകുന്നതു്. ഈ കാലങ്ങളിലാണ് ശരീരത്തിൽ രോഗം പകരുന്നതിനു ഏററവും എളുപ്പം. കുഷ്ഠരോഗപ്രശ്നത്തിനു പരിഹാരം കാണേണ്ടതു കുട്ടികളിലാണെന്നു ഇപ്പോൾ അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരിക്കുന്നു. കുഷ്ഠരോഗം സഹജമായി നിലനില്ക്കുന്നഒരു പ്രദേശത്തു രോഗം ബാധിച്ചവരിൽ അധികം ആളുകൾക്കും അതു കുട്ടിക്കാലത്തു പകന്നിട്ടുള്ളതായിരിക്കും. ഫിലിപ്പൈൻ ദ്വീപുകളിൽ "അമേരിക്കൻ ലെപ്രസി ഫൗണ്ടേഷൻ" (The American Leprosy Foundation), അടുത്തകാലത്തു നടത്തിയ പ്രവത്തനങ്ങളും, മദിരാശിയിൽ സൈദാപേട്ടയിൽ കുട്ടികളുടെ കേന്ദ്രത്തിൽ നടത്തിയ അന്വേഷണങ്ങളും, കുഷ്ഠരോഗം, ക്ഷയമെന്നപോലെ, സമ്പക്കംമൂലമാണ് പകരുന്നതെന്നു തെളിയിച്ചിരിക്കുന്നു. രോഗത്തിൻെറ കാഠിന്യവും ഭവിഷ്യത്തും സമ്പക്കത്തിൻെറ അടുപ്പവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്നു വിചാരിക്കപ്പെടുന്നു.......... ഭക്ഷണം, വായു, വെള്ളം, എന്നിവയിൽക്കൂടി രോഗം പകരുന്നതിനുള്ള സാദ്ധ്യതകൾ പ്രായോഗികമെന്നതിനെക്കാൾ കൂടുതൽ ഒരു വാദവിഷയമാണ്.

## കുട്ടികളും രോഗവും

പ്രാണി കടിച്ചു മുറിപ്പെടുത്തുകയോ, മററു മുറിവുകളോ ചതവുകളോ ഉണ്ടായിരിക്കുകയോ ചെയ്താൽ ആ മുറിവുകളിൽക്കൂടി രോഗാണുക്കൾ കുട്ടികളിൽ പ്രവേശിക്കുക സാദ്ധ്യമാണ്. അങ്ങനെയും രോഗം പകരുന്നതിനു സൗകര്യമുണ്ടു്. കുട്ടികളുടെ കാര്യം മാത്രം ഇവിടെ പ്രത്യേകം എടുത്തുപറഞ്ഞതുകൊണ്ടു കുട്ടികൾക്കു മാത്രമേ ഈ രോഗം പകരുകയുള്ളു എന്നു വരുന്നതല്ല. പ്രായമുള്ളവക്കും ഈ രോഗം ബാധിച്ചതായി അധികൃതമായ ധാരാളം അനുഭവമുണ്ടു്. എന്നിരുന്നാൽത്തന്നെയും മുതിന്ന വളരെ അധികം ആളുകൾക്കു അവർ രോഗികളുമായി അടുത്തുപെരുമാറിയാൽത്തന്നെയും രോഗം പകരുകയില്ലെന്നു അംഗീകരിക്കപ്പെട്ടിരിക്കുന്നു. കുഷ്ഠരോഗസ്ഥാപനങ്ങളിലെ പ്രവത്തകന്മാർ ഉദാഹരണമാണ്. പ്രായമായവരിൽ 3 മുതൽ 5 ശതമാനം പേക്കുമാത്രമേ രോഗം കിട്ടുകയുള്ളു. അത്തരത്തിലുള്ളവർ പകരുന്ന രോഗമുള്ളവരുമായി വളരെ അടുത്തു പെരുമാറിയില്ലെങ്കിൽത്തന്നെയും രോഗം ബാധിക്കുന്നതാണ്.

## ശരീരത്തിൻെറ എതിർപ്പ്

എല്ലാ കുട്ടികൾക്കും രോഗം അതിൻെറ മൂർദ്ധന്യതയിൽ എത്തിക്കൊള്ളണമെന്നില്ലെന്നു അടുത്തകാലത്തു കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. അധികം പേക്കും—ശതമാനം എത്രയാണെന്നു് അറിഞ്ഞുകൂടാ—രോഗശമനം സിദ്ധിക്കുകയും അഥവാ, രോഗമുണ്ടായിരുന്ന പാടുകളോ അടയാളങ്ങളോ ഇല്ലാതാകുകയും ചെയ്യുന്നു. കുട്ടിക്കു യാതൊരുവിധത്തിലുള്ള അംഗഭംഗമോ ആകൃതിവ്യത്യാസമോ വന്നു സംഭവിക്കുന്നതല്ല. തന്നത്താൻ സുഖപ്പെടുന്ന ഈ സ്വഭാവമാണ് രോഗത്തിൻെറ ഭയങ്കരഫലങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സാദ്ധ്യതകൾ തരുന്നതു്. ചില സന്ദർഭങ്ങളിൽ മാത്രം രോഗം വളരെ ഭയങ്കരമായനിലയിൽ എത്തുന്നതിനും മററു ചില സന്ദർഭങ്ങളിൽ അതു തീരെ ഇല്ലാതായിപ്പോകുന്നതിനുമുള്ള കാരണം മനസ്സിലാക്കേണ്ടതു് ആവശ്യമാണ്. കുഷ്ഠരോഗത്തെ ദേഹം എപ്രകാരം ചെറുക്കുന്നു എന്നുള്ളതിനെപ്പററി പഠിക്കുവാൻ കഴിഞ്ഞ പത്തു വർഷങ്ങളായി ധാരാളം അന്വേഷണങ്ങൾ നടത്തിയിട്ടുണ്ടു്. ഇതു നല്ലവണ്ണം മനസ്സിലാക്കിയാൽ വൈദ്യശാസ്ത്രപ്രകാരമുള്ള പ്രതിവിധികൾ ബുദ്ധിപൂർവ്വം പ്രയോഗിക്കാം. കുഴപ്പമേറിയ ഈ വിഷയത്തെപ്പററി വിസ്തരിച്ചു പ്രതിപാദിക്കുന്ന കാര്യം വളരെ പ്രയാസമേറിയതാണ്. എന്നാൽ അതു ഇപ്രകാരം ചുരുക്കിപ്പറയാം. (1) രോഗാണുക്കൾ വളരുന്നതിനു ശരീരത്തിൻെറ മണ്ണു അനുകൂലമല്ലായിരിക്കും. അതുകൊണ്ടു രോഗാണുക്കൾ ചത്തുപോകുകയും രോഗം വർദ്ധിക്കാതിരിക്കുകയും ചെയ്യുന്നു. (2) രോഗം ഒരുപക്ഷെ ബാധിച്ചതിനുശേഷവും രോഗാണുക്കളെചെറുക്കുന്നതിനുള്ള ശരീരത്തിൻെറ ശക്തിമൂലം രോഗം അവിടെ വേരുറച്ചുനില്ക്കുന്നതിനു സാധിച്ചില്ലെന്നുവരാം. കുറച്ചുകാലത്തിനുശേഷം രോഗാണുക്കൾ ചത്തുപോകുന്നു. ഇതിനെയാണ് ശക്തിമത്തായ എതിർപ്പ് (Successful defence) എന്നു പറയുന്നതു്. (3) നേരെമറിച്ചു് ശക്തിമത്തായ എതിർപ്പിൽ ശരീരത്തിൻെറ ചില ഭാഗങ്ങൾ സംഘടിപ്പിച്ചിട്ടുണ്ടാകും. എന്നാൽ ആക്രമിക്കുന്ന രോഗാണുക്കൾ ഈ സംരക്ഷണത്തെ എതിത്തു തോല്പിച്ചുകളയുന്നു. ഇതിനെ ശക്തിമത്തല്ലാത്ത (Unsuccessful defence) എതിർപ്പ് എന്നു പറയുന്നു. മററു രോഗങ്ങളിൽ എതിർപ്പ് ശക്തിമത്തായിവരുമ്പോൾ രോഗി മുതിയടയുന്നു. എന്നാൽ കുഷ്ഠരോഗത്തിൻെറ കാര്യമതല്ല. ശരീരത്തിൻെറ ചില മേദസ്സുകൾ (tissues) ശത്രുക്കളാൽ ആക്രമിക്കപ്പെട്ട പ്രദേശങ്ങളായിത്തീരുന്നു. രോഗാണുക്കളെ ശരീരം ചെറുക്കുന്ന സമ്പ്രദായത്തെപ്പററി മാത്രമല്ല, അപ്രകാരമുള്ള ഒരു ശക്തിമത്തായ എതിർപ്പുകൊണ്ടു ശരീരത്തിനു ഉണ്ടാകുന്ന നാശനഷ്ടങ്ങളെപ്പററിയും നാം ചിന്തിക്കേണ്ടതായിട്ടുണ്ടു്. ശരീരത്തിലെ യുദ്ധരംഗങ്ങൾ ഭയങ്കരമായി താറുമാറാകാറുണ്ടു്.

## പല ഇനം രോഗങ്ങൾ

കുഷ്ഠരോഗം വളരെ പഴകിക്കഴിഞ്ഞാൽ ശരീരം മുഴുവൻ വ്യാപിക്കുമെങ്കിലും, രോഗം അധികമായി വ്യാപിക്കുന്നതു്, ചർമ്മത്തിലും ഞരമ്പുകളിലുമാണ്. ഇതിനുമുമ്പൊരിടത്തു പറഞ്ഞതുപോലെ, രോഗാണുക്കൾ ശരീരത്തിൽ കടത്തിവിട്ടാലും രോഗം ബാധിക്കാത്ത പല ആളുകളുമുണ്ടു്. മറെറാരുവിധത്തിൽ പറഞ്ഞാൽ, അവക്കു രോഗാണുക്കളെ കൊല്ലുന്നതിനോ, അല്ലെങ്കിൽ ഹാനികരമല്ലാത്തവയാക്കിത്തീക്കുന്നതിനോ സാധിക്കുന്നു. മററുള്ളവരിൽ, പ്രത്യേകിച്ചു കുട്ടികളിൽ, രോഗാണുക്കൾ വർദ്ധിക്കുമ്പോൾ ശരീരത്തിനു അവയെ ചെറുക്കുവാൻ ശക്തിയില്ലാതായിത്തീരുന്നു; കുഷ്ഠരോഗത്തിൻെറ ശക്തിയായ ചിഹ്നങ്ങൾ കണ്ടുതുടങ്ങുകയും ചെയ്യുന്നു. മററു ചില രോഗാണുക്കൾ പ്രത്യേകതരത്തിലുള്ള മേദസ്സുകളെ (tissues) ആക്രമി

(ശേഷം 7-ാംപേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി.

വെരി റവ. മോൺ. ജെ. സി പഞ്ഞിക്കാരൻ

എം. എ., പി എച്ച്. ഡി., ഡി ഡി; ഡി. സി. എൽ.

റവ. ഫാദർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 22 ‖ ERNAKULAM, MAY 4, 1949 ‖ No 35


## അ. കേ. ക. കോൺഗ്രസ് വിജയിപ്പൂതാക!

അഖില കേരള കത്തോലിക്കാ കോൺഗ്രസിൻെറ 24-ാം വാർഷികം ഒരു പ്രമുഖ കത്തോലിക്കാ കേന്ദ്രമായ രാമപുരത്തുവച്ച് അത്യാഡംബരപൂർവ്വം ആഘോഷിക്കപ്പെടുന്ന ഈ മംഗളാവസരത്തിൽ ഏതൊരു കേരളീയ കത്തോലിക്കൻെറയും ഹൃദയം അതിരററ ആനന്ദത്താലും അനവദ്യമായ ആത്മാഭിമാനത്താലും സ്പന്ദിക്കുന്നതാണ്. കേരള കത്തോലിക്കാ കോൺഗ്രസ് പ്രതികൂല ശക്തികൾക്കെതിരായി നടത്തിയ വീരപോരാട്ടം ചരിത്രം സൃഷ്ടിച്ച ഒരു സംഭവമാണെന്നുള്ളതിനു ഭിപക്ഷമില്ല. കേരളത്തിൻെറയെന്നല്ല, ഭാരതത്തിൻെറതന്നെ ഭാഗധേയങ്ങളുടെ അടിത്തറ കെട്ടിപ്പടുത്തുവരുന്ന ഈ സുപ്രധാനഘട്ടത്തിൽ, സാമ്പത്തികവും സാമൂഹികവുമായ കൊടുങ്കാററുകളാൽ അന്തരീക്ഷം പ്രക്ഷുബ്ധമായിരിക്കുന്ന ഈ വിഷമസന്ധിയിൽ, കത്തോലിക്കാ കോൺഗ്രസിൻെറ സേവനസാദ്ധ്യതകൾ ശതഗുണീഭവിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാം. ഭാരതത്തിൽ കത്തോലിക്കരുടെ സംഖ്യ ആകെ ജനസംഖ്യയുടെ ഒരുശതമാനം മാത്രമാണെന്നിരുന്നാലും ലോകഗുരുവായ ക്രിസ്തുനാഥൻെറ ദിവ്യ പ്രബോധനങ്ങളുടെ തണലിലും, സഭയുടെ ദീർഘകാലത്തെ പരിചയസമ്പത്തിൻെറ പശ്ചാത്തലത്തിലും നിലയുറപ്പിച്ചുകൊണ്ടു, ലോകത്തിലാകെയുള്ള 40 കോടി കത്തോലിക്കരുടെ ധാർമ്മികമായ പിൻതുണയോടുകൂടി, രാഷ്ട്രീയനേതാക്കൾക്കും സമുദായപരിഷ്കർത്താക്കൾക്കും സുധീരവും സുനിശ്ചിതവുമായ നേതൃത്വം നല്കുന്നതിനു കത്തോലിക്കർക്കുള്ള കഴിവുകൾ അനന്യാദൃശങ്ങളാണ്. ഏതൽക്കാരണത്താൽ കോൺഗ്രസ് സംഘടനയെ പൂർവ്വാധികം ബലവത്തും അതിൻെറ സേവനപരിപാടികളെ ഉത്തരോത്തരം പ്രയോഗക്ഷമങ്ങളുമാക്കിത്തീർക്കുന്നതിനും, നമുക്കു കരഗതമായിരിക്കുന്ന വിശിഷ്ടാവസരങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും നാം സർവ്വാത്മനാ യത്നിക്കേണ്ടതാണ്. അഖിലകേരള കത്തോലിക്കാ കോൺഗ്രസ് വിജയിപ്പൂതാക! രാമപുരംസമ്മേളനം വിജയകരമാക്കുന്നതിനു പരിശ്രമിച്ചിട്ടുള്ള ഭാരവാഹികൾക്കെല്ലാം ഞങ്ങളുടെ ഹാർദ്ദമായ അനുമോദനങ്ങൾ!

## കത്തോലിക്കാസഭയെപ്പററി കമ്മ്യൂണിസ്റ്റ്പാർട്ടിക്കമ്മിററി

കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ കേരളക്കമ്മിററി പുറപ്പെടുവിച്ച പ്രസ്താവനയിൽ സംഘടിതമതങ്ങളെപ്പററി ചെയ്തിട്ടുള്ള ആരോപണങ്ങളുടെ അടിസ്ഥാനരാഹിത്യവും പരസ്പരവൈരുദ്ധ്യവും ആശയക്കുഴപ്പവും ഞങ്ങൾ കഴിഞ്ഞൊരു മുഖപ്രസംഗത്തിൽ വിശദീകരിച്ചിരുന്നല്ലോ. അവയെക്കാൾ അബദ്ധങ്ങളായ ആരോപണങ്ങളാണു കത്തോലിക്കാമതത്തേയും അതിലെ അദ്ധ്യക്ഷന്മാരേയും കുറിച്ചു പ്രസ്താവനയിൽ കാണുന്നതു. "സാർവദേശീയരംഗത്തിൽ പിൻതിരിപ്പൻ ചേരിയുടെ നെടുംതൂണായി നില്ക്കുന്ന കത്തോലിക്കാമതത്തിൻെറ മാർപ്പാപ്പായ്ക്കും അദ്ദേഹത്തിൻെറ അനുയായികളായ കർദ്ദിനാൾമാർക്കും കോടിക്കണക്കിലുള്ള പണവും സ്വത്തുക്കളുമുണ്ടെന്നും, അതു നിലനിർത്താനാണു അവർ ഫ്രാങ്കോവിനേയും മുസോലിനിയേയുംപോലുള്ള ഫാസിസ്റ്റുകാരെ വളർത്തിയതെന്നുമുള്ളതു അനിഷേധ്യമായ ഒരു പരമാർത്ഥമാണു."

കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വിശ്വാസപ്രകാരം അവർ മാത്രമാണു പുരോഗമനവാദികൾ; ആ സിദ്ധാന്തം സ്വീകരിക്കാത്ത സകലരും പിൻതിരിപ്പന്മാരുമാണു. ഈ നിർവചനപ്രകാരം പിൻതിരിപ്പൻ ചേരിയുടെ നെടുംതൂണായി നില്ക്കുന്നതു കത്തോലിക്കാമതവും അതിൻെറ അദ്ധ്യക്ഷന്മാരുമാണെന്നു സമ്മതിക്കുകതന്നെവേണം. എന്തുകൊണ്ടെന്നാൽ മതത്തിനും, സന്മാർഗ്ഗത്തിനും, സ്വാതന്ത്ര്യത്തിനും, സമത്വത്തിനും, സാഹോദര്യത്തിനും, സമാധാനത്തിനും മററും കടകവിരുദ്ധമായി നില്ക്കുന്ന കമ്മ്യൂണിസത്തിൻെറ ഏററവും വലിയ എതിരാളി കത്തോലിക്കാമതവും അതിൻെറ അദ്ധ്യക്ഷന്മാരുമാകുന്നു. എന്നാൽ പുരോഗമനവാദികളാരു, പിന്തിരിപ്പന്മാരാരു എന്നതിനെക്കുറിച്ചുള്ള കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ വിശ്വാസം പരമാബദ്ധമാകുന്നു. മനുഷ്യൻെറ യഥാർത്ഥമായ പുരോഗമനം അവൻെറ ജീവിതലക്ഷ്യത്തെ ഉന്നംവച്ചും, അതു പ്രാപിക്കുവാൻ ഉപയുക്തങ്ങളായ മാർഗ്ഗങ്ങളനുസരിച്ചുമുള്ള നീക്കമാണല്ലോ. പ്രസ്തുത ലക്ഷ്യത്തിൽനിന്നും മാർഗ്ഗങ്ങളിൽനിന്നും അകന്നകന്നു പോകുന്ന നീക്കമാണു പിന്തിരിപ്പൻ. മനുഷ്യൻെറ ജീവിതലക്ഷ്യത്തിൻെറ കാര്യത്തിലും അതു പ്രാപിക്കുവാനുള്ള മാർഗ്ഗങ്ങളുടെ കാര്യത്തിലും സർവ്വപ്രധാനമായിരിക്കുന്നതു അവൻെറ വ്യക്തിസ്വാതന്ത്ര്യമാകുന്നു. തന്മൂലം വ്യക്തിസ്വാതന്ത്ര്യത്തെ തത്വത്തിലും പ്രയോഗത്തിലും ആദരിക്കുന്നവരാണു സാക്ഷാൽ പുരോഗമനവാദികൾ; അതിനെ ഹനിക്കുന്നവരാണു സാക്ഷാൽ പിന്തിരിപ്പന്മാർ. കത്തോലിക്കാസഭയും അതിൻെറ അദ്ധ്യക്ഷന്മാരും മനുഷ്യൻെറ വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടി മറെറല്ലാവരേയുംകാൾ തത്വത്തിലും പ്രയോഗത്തിലും വാദിക്കുന്നവരാണെന്നു ചരിത്രജ്ഞാനവും ആധുനികസ്ഥിതിഗതികളും, അല്പമെങ്കിലും അറിയാവുന്നവർ സമ്മതിക്കാതിരിക്കയില്ല.

### സഭയും വ്യക്തിസ്വാതന്ത്ര്യവും

പ്രജായത്തഭരണവും ഫാസിസവും തമ്മിലുള്ള പ്രധാനമായ വ്യത്യാസമെന്തെന്നാൽ, ആദ്യത്തേതിൽ വ്യക്തിക്കുവേണ്ടിയാണു രാഷ്ട്രം; രണ്ടാമത്തേതിൽ രാഷ്ട്രത്തിനുവേണ്ടിയാണു വ്യക്തി. കത്തോലിക്കാസഭ ജർമ്മനിയിൽ നാസിസത്തിനും, ഇററലിയിൽ ഫാസിസത്തിനും, എതിരായിട്ടാണു എപ്പോഴും നിന്നിരുന്നതെന്നു പ്രസിദ്ധമാണല്ലോ. അതുകൊണ്ടാണു സഭയ്ക്കും അതിൻെറ സന്താനങ്ങൾക്കും ആ രാജ്യങ്ങളിൽ പീഡകളനുഭവിക്കുവാൻ സംഗതിവന്നതു. മുസോലിനിയുടെ വ്യക്തിസ്വാതന്ത്ര്യഹനനത്തെ അപലപിച്ചുകൊണ്ടു പതിനൊന്നാം പീയൂസ് മാർപ്പാപ്പാ ഒരു വിശ്വലേഖനംതന്നെ പുറപ്പെടുവിച്ചു. ഹിററ്ലറുടെ വ്യക്തിസ്വാതന്ത്ര്യഹനനത്തെ അപലപിച്ചും തിരുമനസ്സുകൊണ്ടു വേറൊരു വിശ്വലേഖനവും പുറപ്പെടുവിച്ചു. നാസിജർമ്മനിയിലേയും ഫാസിസ്റ്റ് ഇററലിയിലേയും കത്തോലിക്കാ വൈദികാദ്ധ്യക്ഷന്മാരും അപ്രകാരംതന്നെ ആ രാജ്യങ്ങളിലെ സ്വേച്ഛാധിപതികളുടെ വ്യക്തിസ്വാതന്ത്ര്യഹനനത്തെ സധൈര്യം പ്രതിഷേധിക്കുകയാണു ചെയ്തിട്ടുള്ളതു. ഈ വസ്തുത ഒരു യഹൂദനും മഹാശാസ്ത്രജ്ഞനുമായ പ്രൊഫസർ ഐൻസ്റ്റീൻപോലും സമ്മതിച്ചു പറഞ്ഞിട്ടുള്ളതാണല്ലോ. അദ്ദേഹത്തിൻെറ വാക്കുകൾ ഈ പംക്തികളിൽ ഞങ്ങൾ ഒന്നിലധികം പ്രാവശ്യം ഉദ്ധരിച്ചിട്ടുള്ളതാണു. ഹിററ്ലർക്കെതിരായി വ്യക്തിസ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുവാൻ ജർമ്മനിയിൽ കത്തോലിക്കാസഭമാത്രമേ ഉണ്ടായിരുന്നുള്ളുവെന്നും അക്കാരണത്താൽ സഭയുടെ നേരേ തനിക്കു തിയായ ബഹുമാനമുണ്ടായിരിക്കുന്നുവെന്നുമാണു ആ വാക്കുകളുടെ സാരം.

കത്തോലിക്കാസഭയുടെ വ്യക്തിസ്വാതന്ത്ര്യസംരക്ഷണം ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല; അതിൻെറ ചരിത്രത്തിൻെറ ആരംഭംമുതൽക്കുള്ളതാണു. മാഗ്നാകാർട്ട (Magna harta) എന്ന സ്വാതന്ത്ര്യപട്ടയം ഇംഗ്ലീഷുചരിത്രത്തിൽ പ്രസിദ്ധമാണല്ലോ. പ്രജകളുടെ ന്യായമായ സ്വാതന്ത്ര്യങ്ങൾ അനുവദിച്ചുകൊടുത്ത ഈ പ്രമാണത്തിൽ ഇംഗ്ലണ്ടിലെ ജോൺ രാജാവിനെക്കൊണ്ടു 1215-ൽ ഒപ്പുവയ്പിച്ച സമരത്തിൽ നേതൃത്വം വഹിച്ചതു അന്നു കാൻറർബറിയിലെ കത്തോലിക്കാ മെത്രാപ്പോലീത്തായായിരുന്ന സ്റ്റീഫൻ ലാങ്ടൺ ആണു. പ്രജായത്തഭരണത്തിൻെറ മൗലികതത്വം ജനങ്ങളുടെ പരമാധികാരമാണല്ലോ. അമേരിക്കൻ ഐക്യരാഷ്ട്രങ്ങളുടെ "സ്വാതന്ത്ര്യപ്രഖ്യാപനം" എന്ന പ്രമാണരേഖയുടെ അടിസ്ഥാനം ഈ തത്വമാണു. പ്രസ്തുതപ്രമാണം രചിച്ച നേതാക്കന്മാർക്കു മാർഗ്ഗദർശനം നൽകിയവയിലൊന്നു കത്തോലിക്കാസഭയിലെ ഒരു വലിയ വേദശാസ്ത്രജ്ഞനും പുണ്യശ്ലോകനുമായ കർദ്ദിനാൾ ബെല്ലർമിൻെറ കൃതികളായിരുന്നു. തിരുമനസ്സുകൊണ്ടു ജനങ്ങളുടെ പരമാധികാരത്തെപ്പററി എഴുതിയിട്ടുള്ളതിങ്ങനെയാണു:

"തങ്ങളെ ഭരിക്കുന്നതു രാജാവാണോ, പ്രസിഡൻറാണോ, മറേറതെങ്കിലും അധികാരിയാണോയെന്ന സംഗതി ജനങ്ങളുടെ ഹിതത്തെയാണു ആശ്രയിച്ചിരിക്കുന്നതു. ഭരിക്കുവാനുള്ള അധികാരം ദൈവത്തിൽനിന്നാണെന്നു തീർച്ചതന്നെ. എന്നുവരികിലും ആ അധികാരം വഹിക്കുന്നതാരായിരിക്കണമെന്നു പ്രത്യേകവിധത്തിൽ നിർണ്ണയിക്കപ്പെടേണ്ടതു ജനങ്ങളുടെ ആലോചനയും, തെരഞ്ഞെടുപ്പും മൂലമാണു. നിലവിലിരിക്കുന്ന ഗവമ്മെൻറിനെ ന്യായമായ കാരണങ്ങളാൽ പ്രഭുഭരണരൂപത്തിലോ പ്രജാധിപത്യരൂപത്തിലോ മാററുവാനുള്ള അവകാശം ജനങ്ങൾക്കുണ്ടു. ജനങ്ങൾ തങ്ങളുടെ അധികാരം രാജാവിനെ ഏല്പിക്കുമ്പോൾ, അതിനെ തിരിച്ചെടുക്കുവാനുള്ള അവകാശം തങ്ങൾക്കു നഷ്ടപ്പെടത്തക്കവണ്ണം അത്ര നിരുപാധികമായിട്ടല്ല അവർ അദ്ദേഹത്തെ അധികാരമേല്പിക്കുന്നതു."

### സാമ്പത്തികസ്വാതന്ത്ര്യം

കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളികളുടേയും മററു പാവങ്ങളുടേയും സാമ്പത്തികസ്വാതന്ത്ര്യത്തിനുവേണ്ടി നിലകൊള്ളുന്നവരാണെന്നു കൊട്ടിഘോഷിക്കാറുണ്ടല്ലോ. എന്നാൽ യഥാർത്ഥത്തിൽ അതിനുവേണ്ടി വാദിച്ചിട്ടുള്ളതും വാദിച്ചുകൊണ്ടിരിക്കുന്നതും കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷന്മാരായ മാർപ്പാപ്പാമാരും അവരുടെ കീഴുള്ള വിവിധരാജ്യങ്ങളിലെ മെത്രാന്മാരുമാണു. ഈ വസ്തുത സാർവദേശീയ തൊഴിലാളിമഹാസംഘടന (I. L. O.) ഔദ്യോഗികമായി സമ്മതിച്ചിട്ടുള്ളതാണു. പ്രസ്തുത സംഘടന ഏതാനും കൊല്ലങ്ങൾക്കുമുമ്പു പ്രസിദ്ധം ചെയ്ത ഒരു വാർഷികഗ്രന്ഥത്തിൽ പതിമൂന്നാം ലയോ, പതിനൊന്നാം പീയൂസ് എന്നീ മാർപ്പാപ്പാമാരുടെ സാമുദായികവിശ്വലേഖനങ്ങളെ തൊഴിലാളികളുടെ അവകാശങ്ങൾക്കുവേണ്ടി വാദിക്കുന്ന പ്രമാണരേഖകളായി ചൂണ്ടിക്കാണിച്ചിട്ടുണ്ടു. അവയിലെ നിർദ്ദേശങ്ങളെ ആധാരമാക്കി അമേരിക്കയിലെ കത്തോലിക്കാമെത്രാന്മാർ ഒന്നാംലോകമഹായുദ്ധത്തിനുശേഷം പ്രസിദ്ധീകരിച്ചതും, പരേതനായ പ്രസിഡൻറു റൂസ്‌വെൽററിൻെറ New Deal എന്ന പ്രസിദ്ധമായ പുതിയപരിപാടിക്കു മാർഗ്ഗദർശനം നൽകിയതുമായ പരിപാടിയേയും പ്രസ്തുതഗ്രന്ഥത്തിൽ പ്രശംസിച്ചിരുന്നു. "മെത്രാന്മാരുടെ പരിപാടി" (Bishop; Programme) എന്ന നാമത്തിൽ പ്രസിദ്ധമായിത്തീർന്നിട്ടുള്ള പ്രസ്തുത നിർദ്ദേശങ്ങളും ഈ പംക്തികളിൽ ഞങ്ങൾ ഉദ്ധരിച്ചിട്ടുള്ളതാണു. നിലവിലിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയുടെ ദോഷവശങ്ങളെയെല്ലാം സമൂലം നിർമ്മാർജ്ജനം ചെയ്യുന്ന സാക്ഷാൽ വിപ്ലവകരമായ ഒരു പരിപാടിയാണതു. ഇംഗ്ലണ്ടിലെ വൈദികാദ്ധ്യക്ഷന്മാരും ആസ്ട്രേലിയായിലെ വൈദികാദ്ധ്യക്ഷന്മാരും ഇതേരൂപത്തിലുള്ള പരിപാടികൾ പ്രസിദ്ധം ചെയ്തിട്ടുണ്ടു. അവയും ഈ പംക്തികളിൽ ഞങ്ങൾ ഉദ്ധരിച്ചിട്ടുള്ളതാണു. ഇംഗ്ലണ്ടിലെ ചർച്ചിൽ മന്ത്രിസഭയിൽ ഒരംഗമായിരുന്ന മി. ബെവറിഡ്ജ് ആ രാജ്യത്തിലെ തൊഴിലാളികളുടേയും മററു പാവങ്ങളുടേയും രക്ഷയ്ക്കുവേണ്ടി നൽകേണ്ട സാമ്പത്തികസഹായങ്ങളെ നിർദ്ദേശിച്ചുകൊണ്ടു ഒരു പ്ലാൻ തയ്യാറാക്കിയിരുന്നല്ലോ. Beveridge Plan എന്നു പ്രസിദ്ധമായ ഈ രക്ഷാവ്യവസ്ഥകൾ മാർപ്പാപ്പാമാരുടെ വിശ്വലേഖനങ്ങളിലെ നിർദ്ദേശങ്ങളോടു സാധർമ്മ്യമുള്ളവയാണു. League of Nations എന്നറിയപ്പെടുന്ന സർവ്വരാജ്യസഖ്യത്തിൻെറ ആരംഭംമുതൽ 1940 വരെ അതിൻെറ ജനറൽ സിക്രട്ടറിയായിരുന്ന പെർത്തു പ്രഭു 1943 ജൂലൈ അവസാനവാരത്തിൽ ഇംഗ്ലണ്ടിലെ പ്രഭുസഭയിൽ സാമുദായിക പ്രശ്നങ്ങളെ സംബന്ധിച്ചു ഒരു പ്രസംഗംചെയ്തു. ബെവറിഡ്ജ് പ്ലാനിലെ ചില ശുപാർശകളെപ്പററി അദ്ദേഹം അതിൽ എടുത്തുപറഞ്ഞു. തദവസരത്തിൽ അദ്ദേഹം പ്രസ്താവിച്ചു, ആ പ്ലാനിലെ സാമുദായികരക്ഷാവ്യവസ്ഥകൾ പതിമൂന്നാം ലയോ, പതിനൊന്നാം പീയൂസ് എന്നീ മാർപ്പാപ്പാമാരുടെ സാമുദായിക വിശ്വലേഖനങ്ങളിലെ രക്ഷാവ്യവസ്ഥകൾക്കു അനുരൂപങ്ങളാണെന്നു.



കത്തോലിക്കാസഭയും മാർപ്പാപ്പാ തുടങ്ങിയുള്ള അതിലെ അദ്ധ്യക്ഷന്മാരും മനുഷ്യവ്യക്തികളുടെ രാഷ്ട്രീയവും സാമ്പത്തികവുമായ സ്വാതന്ത്ര്യങ്ങൾക്കും അവകാശങ്ങൾക്കുംവേണ്ടി നിലകൊള്ളുകയും വാദിക്കുകയും ചെയ്തിട്ടുള്ളതു ഇപ്രകാരമായിരിക്കെ, അവരെ പിന്തിരിപ്പൻ ചേരിയിലെ നെടുംതൂണുകളായി ചിത്രീകരിച്ചിരിക്കുന്ന കമ്മ്യൂണിസ്റ്റു പാർട്ടിക്കമ്മിററിയുടെ അജ്ഞതയെപ്പററി വിലപിക്കാതെ ഗത്യന്തരമില്ല.

### ലിബറലിസവും കത്തോലിക്കാസഭയും

കമ്മ്യൂണിസ്റ്റ് പാർട്ടി എവിടെയും സമരലക്ഷ്യമായി സ്വീകരിച്ചിരിക്കുന്ന മുതലാളിത്തവ്യവസ്ഥിതിയുടെ ദോഷവശങ്ങൾക്കു കാരണമായതും അവയ്ക്കു പ്രാബല്യം നൽകിയതും മദ്ധ്യശതകങ്ങൾക്കുശേഷം യൂറോപ്പിൽ രാഷ്ട്രീയനേതാക്കളും സാമ്പത്തികശാസ്ത്രജ്ഞന്മാരും സ്വീകരിച്ച ലിബറലിസം എന്നറിയപ്പെടുന്ന സ്വാതന്ത്ര്യവാദമായിരുന്നു. മനുഷ്യവ്യക്തികൾക്കു ചിന്തയിലും പ്രവൃത്തിയിലും സർവ്വസ്വാതന്ത്ര്യവും ഉണ്ടായിരിക്കണമെന്നും മതപരമോ സാന്മാർഗ്ഗികമോ രാഷ്ട്രീയമോ ആയ യാതൊരു നിയന്ത്രണങ്ങൾക്കും മനുഷ്യരുടെ സ്വാതന്ത്ര്യം വിധേയമാക്കപ്പെടുവാൻ പാടില്ലെന്നുമായിരുന്നു ലിബറലിസത്തിൻെറ നിർബന്ധം. ഈ സിദ്ധാന്തം സാമ്പത്തികകാര്യങ്ങളിൽ പ്രയോഗിക്കുവാൻ തുടങ്ങിയപ്പോൾ മുതലാളി ദുഷ്പ്രഭുത്വം രംഗപ്രവേശം ചെയ്തു. ഇംഗ്ലണ്ടിലെ പ്രമുഖ സോഷ്യലിസ്റ്റുകാരനും ലേബർ പാർട്ടിയുടെ എക്സിക്യൂട്ടീവ് കമ്മിററിയിൽ പ്രസിഡൻറുസ്ഥാനം വഹിച്ചിരുന്നയാളുമായ പ്രൊഫസർ ലാസ്കിതന്നെ ലിബറലിസത്തെപ്പററി പറയുന്നതിങ്ങനെയാണു:

"ധനസമ്പാദനം അതിനുവേണ്ടിത്തന്നെയാണെന്നും, മനുഷ്യപ്രവൃത്തികളു

## മദ്രാസ് മെത്രാപ്പോലീത്താ തിരുമേനിക്കു സ്വീകരണം

അഖിലകേരള കത്തോലിക്കാ കോൺഗ്രസ്സ് സമ്മേളനം ഉൽഘാടനംചെയ്യുന്നതിനായി ആഗതനായ മദ്രാസ് മെത്രാപ്പോലീത്താ തിരുമേനി വെല്ലിംഗ്ടൺ വിമാനത്താവളത്തിലിറങ്ങിയപ്പോൾ കോൺഗ്രസ് സിക്രട്ടറി മി. വി. ഒ. ജോൺ, എറണാകുളം മെത്രാപ്പോലീത്തൻപള്ളിവികാരി റവ. ഫാദർ കുര്യാക്കോസ് ചിറമേൽ, ശ്രീ അലക്സാണ്ടർ പറമ്പിത്തറ ആദിയായവർ തിരുമേനിയെ ഹാരമണിയിച്ചു സ്വീകരിച്ചു. ഷെ. രത്നസ്വാമിയുമൊരുമിച്ച് എറണാകുളം അതിമെത്രാസനാരമനയിൽവച്ച് ഡിന്നർ കഴിച്ചശേഷം തിരുമേനി ഉച്ചകഴിഞ്ഞ് രാമപുരത്തേക്കു പുറപ്പെട്ടു.

ടെ പ്രധാനപ്രേരണ ധനസമ്പാദനമാണെന്നുമുള്ള സിദ്ധാന്തത്തിന്റെ താത്വികമായ നീതീകരണമാണ് ലിബറലിസ്റ്റ് സിദ്ധാന്തം." യൂറോപ്പു മുഴുവൻ കത്തോലിക്കയായിരുന്നകാലത്തെ സ്ഥിതി ഇങ്ങനെയല്ലായിരുന്നുവെന്നും ലാസ്കി പറയുന്നുണ്ട്. അന്നു "ധനം സാമുദായികപ്രാധാന്യത്തോടുകൂടിയ ഒരു ഫണ്ടായിട്ടാണ്, അല്ലാതെ വ്യക്തികളുടെ മാത്രമായ ഉടമയായിട്ടല്ല ഗണിക്കപ്പെട്ടിരുന്ന"തെന്ന് അദ്ദേഹം പറയുന്നു. എന്നുവച്ചാൽ കത്തോലിക്കാ യൂറോപ്പിൽ ധനവാന്മാർക്കു ധനം സംബന്ധിച്ചുള്ള സ്വകാര്യാവകാശം മാത്രമല്ല, സാമുദായികമായ കർത്തവ്യങ്ങളുമുണ്ടായിരുന്നു. പ്രസ്തുതകർത്തവ്യങ്ങളെ തിരുസ്സഭ ഉൽബോധിപ്പിക്കുകയും മനുഷ്യരുടെ ദ്രവ്യാഗ്രഹങ്ങളിന്മേൽ നിയന്ത്രണം ചെലുത്തുവാൻ ശ്രമിക്കുകയും ചെയ്തിരുന്നു. ഈ നിയന്ത്രണത്തെ നിരാകരിക്കുകയാണ് ലിബറലിസം ചെയ്തതു്. സാമ്പത്തികകാര്യങ്ങളിൽ മനുഷ്യൻ സാമ്പത്തിക നിയമങ്ങൾക്കു മാത്രമേ വിധേയനായിരിക്കേണ്ടു എന്നായിരുന്നു ലിബറലിസത്തിന്റെ വാദം. "ദരിദ്രർക്കായുള്ള ദുരിതനിവാരണ സമ്പ്രദായം രാഷ്ട്രസാമ്പത്തിക തത്വങ്ങൾക്കു വിപരീതമാണെന്നും, അവ രഹസ്യങ്ങളായ ധർമ്മസഹായങ്ങളെ വിലക്കുകപോലും ചെയ്യുന്നുണ്ടെന്നും" 1832-ൽ ഇംഗ്ലണ്ടിലെ ലിബറൽ ഗവൺമെന്റ് ലീഡറായിരുന്ന അൽതോർപ്പ് പ്രഭു കോമൺസ് സഭയിൽ വിശദീകരിക്കയുണ്ടായി. ഇങ്ങനെയുള്ള ലിബറലിസ്റ്റ് സിദ്ധാന്തമാണ് മുതലാളികളെ ധനം കുന്നുകുന്നായി കൂട്ടുവാനും ആ പരിശ്രമത്തിൽ തൊഴിലാളികളുടേയും മററും അവകാശങ്ങൾ വിസ്മരിക്കുവാനും പ്രേരിപ്പിച്ചതു്. മുതലാളിത്ത വ്യവസ്ഥിതിയുടെ ഭയങ്കരങ്ങളായ ദോഷവശങ്ങൾക്കു നിദാനമായ ഈ ലിബറലിസത്തെ അതിന്റെ നാനാവശങ്ങളേയും ഉള്ളടക്കി സമൂലം ഔദ്യോഗികമായി 1864-ൽ ഒൻപതാം പീയൂസ് മാർപ്പാപ്പാ അപലപിച്ചു. കമ്മ്യൂണിസ്റ്റ് പാർട്ടി മുതലാളിമാരേയും അവരോടു ചേർന്നു നില്ക്കുന്നവരേയുമാണല്ലോ പിന്തിരിപ്പന്മാരെന്നു വിളിക്കുന്നതു്. ആ സ്ഥിതിക്കു് മുതലാളിത്തവ്യവസ്ഥിതിയുടെ സകല ദോഷങ്ങൾക്കും നിദാനമായിരിക്കുന്ന ലിബറലിസത്തിന്റെ പ്രണേതാക്കളേയും അവർ പിന്തിരിപ്പൻ ചേരിയിൽ പെടുത്തേണ്ടിയിരിക്കുന്നു. അങ്ങനെയെങ്കിൽ ലിബറലിസത്തെ ഔദ്യോഗികമായിത്തന്നെ അപലപിച്ച മാർപ്പാപ്പാ പിന്തിരിപ്പൻ ചേരിയുടെ നെടുതൂണാണെന്നു കുററാരോപണം ചെയ്യുന്നതിൽ യുക്തിയോ യാഥാർത്ഥ്യമോ അല്പംപോലുമില്ലെന്നു സ്പഷ്ടമല്ലയോ? ഇന്നത്തെ പരിഷ്കൃതഗവൺമെന്റുകൾ തൊഴിലാളികളുടെ സാമ്പത്തികസുസ്ഥിതിക്കുവേണ്ടി കാലോചിതങ്ങളായ നിയമങ്ങൾ ഏർപ്പെടുത്തിക്കൊണ്ടിരിക്കയാണല്ലോ. ആ നിയമനിർമ്മാണങ്ങൾ പുരോഗമനപരങ്ങളെന്നു ആരാണു സമ്മതിക്കാത്തതു്? അതേസമയംതന്നെ അവ ലിബറലിസ്റ്റ് സിദ്ധാന്തത്തിനു കടകവിരുദ്ധങ്ങളായ നടപടികളുമാണു്. പ്രസ്തുതനിയമനിർമ്മാണങ്ങൾ ഗവർമ്മെന്റിന്റെ അനുപേക്ഷണീയങ്ങളായ കർത്തവ്യങ്ങളാണെന്നു കത്തോലിക്കാസഭയും അതിലെ അദ്ധ്യക്ഷന്മാരും ഇടവിടാതെ ഉൽബോധിപ്പിച്ചുകൊണ്ടിരിക്കുകയാണ്. തന്മൂലം കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേരള് കമ്മിററി കത്തോലിക്കാസഭയെപ്പററി ചെയ്തിരിക്കുന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണ്.

## അടുത്ത ആഴ്ചയിൽ

മേയ്

- 8 ഞാ: ഉയിർപ്പ് 3-ാം ഞായർ. മാർയൗസേപ്പുപിതാവിന്റെ മാദ്ധ്യസ്ഥം
- 9 തി: ഗ്രിഗോരിയോസ് നസിയാൻസെ
- 10 ചൊ: അന്തോനിയോസ്
- 11 ബു: ഫിലിപ്പും യാക്കോബും
- 12 വ്യാ: നേരോസും അക്കിലയോസും
- 13 വെ: ഹെർമെനെഗിൽദോസ്
- 14 ശ: ബോനിഫാസിയോസ്



മദ്രാസ് മെത്രാപ്പോലീത്തായും രത്നസ്വാമിയുംകൂടി രാമപുരത്തേക്കു പോകുംവഴി മൂണാംവേലി മഠം സന്ദർശിച്ച അവസരത്തിൽ എടുത്ത ഫോട്ടോ.

## പ്രശസ്തവിജയം

ഇക്കൊല്ലം എറണാകുളം ജനറൽ ഹോസ്പിററലിൽവച്ചു നടത്തിയ നേഴ്സിംഗ് ടെസ്റ്റിൽ, മൂണാംവേലിയിലെ "അഗതികളുടെ സഹോദരികൾ" എന്ന സന്യാസസഭയിൽപ്പെട്ട സിസ്റ്റർ സിയെന്ന എസ്. ഡി., സിസ്റ്റർ സലസ് എസ്. ഡി, സിസ്റ്റർ ജൂലിയാന എസ്. ഡി എന്നമൂന്നു സഹോദരികളും, മിസ് കെ. അന്നാമ്മ വക്കി എന്ന യുവതിയും ഒന്നാം ക്ലാസിൽ വിജയംവരിച്ചിരിക്കുന്നു.

NICHOLAS CATHOLIC
CHURCH VESTMENT
STORE.
(ESTABLISHED 1748.)
STAR COTTAGE
T. D. ROAD, ERNAKULAM.

## ഫ്രാൻസിസ്കൻ റാലി

എറണാകുളം അതിരൂപതയിലെ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ ഒരു റാലി ഏപ്രിൽ 23-ാംനു അങ്കമാലിയിൽവച്ചു നടത്തപ്പെട്ടു. കാലത്തു പടിഞ്ഞാറെ പള്ളിയിൽ നടന്ന സൂപസ്സു കുർബാനയ്ക്കുശേഷം റവ. ഫാ. ജേക്കബ് വെമ്പിളി ഒരു പ്രസംഗം ചെയ്തു. തുടർന്ന് മൂന്നാം സഭാംഗങ്ങൾ കുരിശും വഹിച്ചുകൊണ്ട് ഒരു പരിഹാരപ്രദക്ഷിണം നടത്തി. പ്രസ്തുത പ്രദക്ഷിണം കിഴക്കെ പള്ളിയിലെത്തിയശേഷം വിശുദ്ധ കുർബാനയുടെ വാഴ്‌വ്, ലാഹ് ആലാപന ആദിയായവ നടത്തുകയുണ്ടായി. ഹോളിഫാമിലി സ്കൂളിൽവച്ചു നടത്തിയ പൊതുയോഗത്തിൽ വികാരി ജനറാൾ റൈററ് റവ. മോൺ. മാത്യു പോത്തനാമുഴി പി എച്ച്. ഡി., ഡി ഡി. അദ്ധ്യക്ഷത വഹിക്കുകയും റവ. ഫാദർ ലിയൊ, ബ്രദർ പീററർ റെഡി എം. എ. എന്നിവർ പ്രസംഗിക്കുകയും ചെയ്തു. യോഗാനന്തരം വി. ഫ്രാൻസീസ് അസീസിയുടെ ജീവിതത്തെ അധികരിച്ചുള്ള ഒരു പ്രഹസനവും അഭിനയിക്കപ്പെട്ടു.

## ശ്രീ എൻ. ജെ. ജോസഫ് നിര്യാതനായി

മദ്രാസ് ഗവൺമെന്റിന്റെ അഡീഷനൽ ചീഫ് എൻജിനിയറും, ശ്രീ ജോസഫ് നടുവത്തുശേരിയുടെ പുത്രനും, പാലക്കാട്ട ഹൈവേയ്സ് എക്സിക്യൂട്ടീവ് എൻജിനിയർ മി. എൻ. ജെ. ജോൺ, കൺസൽട്ടിംഗ് എൻജിനിയർ മി. എൻ. ജെ. ജോർജ്ജ് എന്നിവരുടെ സഹോദരനും വെ. റവ. മോൺ. ജേക്കബ് നടുവത്തുശേരി, അഡ്വൊക്കേററ് ശ്രീ എൻ. വി. ജോസഫ് എന്നിവരുടെ പിതൃസഹോദരപുത്രനുമായ റാവുബഹദൂർ എൻ. ജെ. ജോസഫ് അവർകൾ ഏപ്രിൽ 29-ാംനു തന്റെ 52-ാമത്തെ വയസ്സിൽ തൃശൂർവച്ചു് നിര്യാതനായിരിക്കുന്നു. ശവസംസ്കാരകർമ്മം അടുത്ത ദിവസംതന്നെ വെ. റവ. മോൺ. ജേക്കബ് നടുവത്തുശേരി അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ നടത്തപ്പെട്ടു. റൈററ് റവ. മോൺ. ആന്റണി പുതിശ്ശേരി ഡി. ഡി. ചരമപ്രസംഗം നിർവ്വഹിച്ചു. ഞായറാഴ്ച തൃശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു് കുഴിമാടം സന്ദർശിച്ചു് ഒപ്പീസ് നടത്തുകയുണ്ടായി.

R. I. P.

## വിദ്യാഭ്യാസക്കമ്മിററിയുടെ നിർദ്ദേശങ്ങൾ

തിരുവിതാംകൂറിൽ മി. ടി. എ. അബ്ദുല്ലയുടെ അദ്ധ്യക്ഷതയിൽ രൂപവൽകൃതമായിരിക്കുന്ന വിദ്യാഭ്യാസ കമ്മിററി ഏപ്രിൽ 25-ാംനു ഡയറക്ടറാഫീസിൽവച്ചു കൂടി ഗവൺമെന്റിലേക്കു സമർപ്പിക്കേണ്ട റിപ്പോർട്ടിൽ താഴെപറയുന്ന നിർദ്ദേശങ്ങൾ ഉൾപ്പെടുത്താൻ തീരുമാനിച്ചു: ഷിഫ്റ്റുസമ്പ്രദായം ഒന്നും രണ്ടും ക്ലാസ്സുകളിൽ മാത്രം തുടരേണ്ടതും മററുക്ലാസ്സുകളിൽ നടപ്പിലാക്കിട്ടുള്ള സ്ഥലങ്ങളിൽ അതു നിർത്തലാക്കേണ്ടതുമാണ്. സ്വകാര്യസ്ഥാപനങ്ങൾക്കു ഉദാരമായ ഗ്രാൻറു നല്കി അവയെ പ്രോത്സാഹിപ്പിക്കണം.

(5-ാം പേജ് തുടർച്ച)

കുന്നു. കുഷ്ഠരോഗവും ഇതിൽനിന്നു വിഭിന്നമല്ല. ഈ രോഗാണുക്കൾ ശരീരത്തിലെ അതിപ്രധാനമല്ലാത്ത അവയവങ്ങളെ ആക്രമിച്ചു "ഒരു പരോപജീവി" ( arasite) പോലെ ആയിത്തീരുന്നു. അതിന്റെ ജീവിതത്തെ നിലനിർത്തത്തക്കവിധത്തിൽ അതു വർദ്ധിക്കുന്നു. എന്നാൽ അതു അതിന്റെ ആതിഥേയനെ കൊല്ലത്തക്കവിധത്തിൽ അത്രയ്ക്കു വലിയ നാശങ്ങൾ ചെയ്യുകയുമില്ല. ഈ അവയവങ്ങളെ ആക്രമിക്കുന്നതിനുവേണ്ടി — പ്രത്യേകിച്ചു മജ്ജ, പ്ലീഹ, കരള്, എല്ല് മതലായവ — അതു തൊലിവഴിവേണം അകത്തേക്കു പ്രവേശിക്കുവാൻ. അതുകൊണ്ടു രോഗാണുക്കൾ ചർമ്മത്തിൽ വളരുവാൻ സമ്മതിക്കാതിരുന്നാൽ കുഷ്ഠം ഒരു ഭയങ്കര രോഗമാവുകയില്ലെന്നു ചിലർ വിശ്വസിക്കുന്നു. അങ്ങനെ നാം രണ്ടുതരത്തിലുള്ള രോഗങ്ങൾ കണ്ടുവരുന്നു. രോഗം ചെറുക്കുന്നതിനുള്ള ശരീരത്തിന്റെ ശക്തി അധികമായിട്ടുള്ള ഒന്നിൽ രോഗശമനം ലഭിക്കുന്നു, അഥവാ രോഗി സുഖം പ്രാപിക്കുന്നു. ഇതിനെ "ട്യൂബർക്കുലോയിഡ് ലെപ്രസി" ( ubercu-loid leprosy) എന്നാണു പറയുന്നതു്. കാരണം ഇതിനു "ചർമ്മക്ഷയ"ത്തോടു സാമ്യമുണ്ടു്. മററവിധത്തിലുള്ളതിനു ലെപ്രോമാൻറസ് ലെപ്രസി (Lepro-mant s leprosy) എന്നു പറയുന്നു. ഇതിൽ രോഗാണുക്കൾ ചർമ്മത്തിൽ വളരുന്നു. ശരീരത്തിനു ചെയ്യാവുന്നതു് ചില പ്രത്യേക സെല്ലുകളെ സംഭരിക്കുകമാത്രമാണ്. ഇതിനു "ലെപ്രസെൽ" (Lepra cells) എന്നാണു പേരു്. ഇതു രോഗാണുക്കളെ ഭക്ഷിക്കുന്നു, അഥവാ വിഴുങ്ങിക്കളയുന്നു. നിർഭാഗ്യവശാൽ ഈ സെല്ലുകൾക്കു രോഗാണുക്കളെ നശിപ്പിക്കുവാനുള്ള കഴിവില്ല. അവ രക്തത്തിൽക്കൂടെ പ്ലീഹ, മജ്ജ, കരൾ എന്നീ അവയവങ്ങളിലേക്കു പ്രവേശിക്കുന്നു. കാലപഴക്കത്തിൽ ദേഹത്തിൽ മുഴകളുണ്ടായിവരുന്നു. ഇപ്രകാരം മുഴകൾ ഉണ്ടാകുന്നതുകൊണ്ടും, മുഖത്തെ തൊലി തടിക്കുന്നതുകൊണ്ടും, "ലിയോണിൻ" അഥവാ സിംഹത്തെപ്പോലെ എന്നു പറഞ്ഞുവരുന്നു. "ലെപ്രോമാൻറസ് ലെപ്രസി" വളരെ ഭയപ്പെടേണ്ട ഒന്നാണ്. ഇതുവരെ ചികിത്സകൊണ്ടു് അതിനു തൃപ്തികരമായ യാതൊരു ഗുണവുമുണ്ടായിട്ടില്ല. രോഗം ഒരിക്കൽ ശമിച്ചാൽ തന്നെയും വീണ്ടും ആവർത്തിച്ചേക്കാവുന്നതാണ്.

(മ പ.)

## പാചകയോഗം

മാങ്ങ ജാം

(കുടുംബിനി)

ഒരു മാങ്ങയ്ക്കു് രണ്ടു സ്പൂൺ പഞ്ചസാരവീതം എടുക്കണം.

പഴുത്തുതുടങ്ങിയ നല്ല ഇനം മാങ്ങ തിരിഞ്ഞെടുത്തു് തൊലി ചെത്തി പൂളി അല്പനേരം ചൂടുവെള്ളത്തിലിട്ടു ഊററി എടുക്കുക. പിന്നീടു് മാങ്ങക്കഷണങ്ങൾ ഒരു തുണിയിൽ കെട്ടി ഞെക്കിപ്പിഴിഞ്ഞു് നീരെടുക്കുക. അതിൽ മേല്പറഞ്ഞ തോതനുസരിച്ചു് പഞ്ചസാര ചേർത്തു് അടുപ്പത്തു വച്ചു വററിക്കുക. പാനിപാകമാകുമ്പോൾ അല്പം വാനില എസെൻസും ചേർത്തു അടുപ്പത്തുനിന്നും ഇറക്കിവയ്ക്കാം.

# മദ്യവർജ്ജനത്തിൻെറ പ്രേഷിതൻ

(ഏ. ജി. അഗസ്റ്റിൻ, ബി. ഏ.)

ഇന്നത്തെ നമ്മുടെ ഗവണ്മെൻറുകളുടേയും ദേശീയസംഘടനകളുടേയും പ്രവർത്തനപരിപാടിയിൽ മദ്യവർജ്ജനത്തിനു മുഖ്യമായ ഒരു സ്ഥാനമാണല്ലോ നൽകപ്പെട്ടിരിക്കുന്നതു്. എന്നാൽ, ഒരു നൂറാണ്ടുകാലം മുൻപു് ഈ പ്രസ്ഥാനത്തിൻെറ ജനയിതാവും യഥാർത്ഥപ്രേഷിതനുമായി ജീവിതകാലം മുഴുവൻ ചെലവഴിച്ച ഫാദർ തിയബോൾഡു് മാത്യു എന്ന പേരായ ഐറിഷു് കപ്പൂച്ചിൻ സന്യാസവൈദികനെപ്പററി അറിഞ്ഞിട്ടുള്ളവർ ചുരുക്കമായിരിക്കാനേ ഇടയുള്ളു. മദ്യപാനവും അതുമൂലമുള്ള നിരവധി ദൂഷ്യങ്ങളും നിശ്ശേഷം നിരുത്തലാക്കി ജനസമുദായത്തെ സമുദ്ധരിക്കുന്നതിനു് ഈ വൈദികൻ ചെയ്ത ത്യാഗപൂർണ്ണങ്ങളായ സേവനങ്ങളെ ലോകം എന്നും കൃതജ്ഞതാപൂർവ്വം സ്മരിക്കേണ്ടതാണു്.

മദ്യപാനം ചെയ്തു ബോധരഹിതരാവുക എന്നതു് ഒരു കുററമായി അന്നത്തെ ജനസമുദായം ഗണിച്ചിരുന്നില്ല. നേരെമറിച്ചു "നിലയും വിലയും" ഉള്ളവരുടെ ഒരു ലക്ഷണമായിപ്പോലും കരുതിപ്പോന്നു. ഇങ്ങനെ അധഃപതിച്ചുപോയ ഒരു സമുദായത്തെയാണു് ഫാദർ മാത്യു പരിഷ്ക്കരിച്ചുയർത്താൻ ഉദ്യുക്തനായതു്. എന്തെല്ലാം എതിർപ്പുകൾ ഉണ്ടായാലും ശരി, മദ്യപാനത്തിനെതിരായി പടവെട്ടുവാൻ അദ്ദേഹം തീരുമാനിച്ചു. ലഹരിപദാർത്ഥങ്ങൾ മനുഷ്യനെ മൃഗീയമാക്കിച്ചമയ്ക്കുമെന്നും അതിനാൽ അവ കുടിക്കുന്നതിനുള്ള വാസന നിശ്ശേഷം വിട്ടുപേക്ഷിക്കണമെന്നും അദ്ദേഹം നാടുതോറും നടന്നു പ്രസംഗിച്ചു. ഒരിക്കലും മദ്യപാനംചെയ്യുന്നതല്ലെന്നു സത്യപ്രതിജ്ഞചെയ്യുവാൻ അനേകലക്ഷം പേരെ പ്രേരിപ്പിച്ചു. അധികംനാൾ കഴിഞ്ഞില്ല, അദ്ദേഹത്തിൻെറ ഉൽബോധനങ്ങളനുസരിച്ചു പ്രവർത്തിക്കാൻ അനേകം ജനങ്ങൾ സന്നദ്ധരായിമുന്നോട്ടുവന്നു. തങ്ങളുടെ രക്ഷകനും മാർഗ്ഗദർശിയുമായി അവർ അദ്ദേഹത്തെ അഭിവാദ്യംചെയ്തു. ഒരിക്കലും ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കുകയില്ലെന്നു തങ്ങളെക്കൊണ്ടു പ്രതിജ്ഞചെയ്യിക്കണമെന്നു് ആവശ്യപ്പെട്ടുകൊണ്ടു രാത്രിയും പകലും ആയിരക്കണക്കിനു ജനങ്ങൾ അദ്ദേഹത്തെ സമീപിച്ചു് അപേക്ഷിച്ചുകൊണ്ടിരുന്നു. തന്മൂലം സ്വല്പം വിശ്രമിക്കുന്നതിനുപോലും ഒരിക്കലും അദ്ദേഹത്തിനു് ഇടകിട്ടിയിരുന്നില്ല. അദ്ദേഹത്തിൻെറ പ്രശസ്തി ഐർലണ്ടുരാജ്യമാസകലം പരന്നു. തങ്ങളുടെ അധികാരാതിർത്തിയിൽപെട്ട പട്ടണങ്ങളിലും ഗ്രാമങ്ങളിലും വന്നു "പരിപൂർണ്ണമദ്യവർജ്ജനസംഘങ്ങൾ" സ്ഥാപിച്ചുതരണമെന്നു മെത്രാന്മാരും വൈദികന്മാരും നഗരസഭാദ്ധ്യക്ഷന്മാരും ഗവമ്മെൻറധികാരികളും അദ്ദേഹത്തോടു് ആവശ്യപ്പെട്ടു.

ലഹരിപദാർത്ഥങ്ങൾ ഒരിക്കലും കഴിക്കുന്നതല്ലെന്നു തങ്ങളെക്കൊണ്ടു സത്യപ്രതിജ്ഞചെയ്യിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു പട്ടാളക്കാർ കൂട്ടംകൂട്ടമായി ഫാദർ മാത്യുവിനെ സമീപിച്ചുവന്നു. അവരുടെ പല ഓഫീസറന്മാരും ഇക്കൂട്ടത്തിൽ പെട്ടിരുന്നു. മദ്യശാലകൾ പൂട്ടിയിടുവാൻ ജനക്കൂട്ടം മുതിർന്നു. അവയുടെ ഉടമസ്ഥന്മാർ മദ്യവർജ്ജനക്കാരുടെകൂടെ അണിനിരന്നു. ലിമറിക്ക പട്ടണത്തിൽവച്ചു അദ്ദേഹം പ്രസംഗിച്ച അവസരത്തിൽ അനേകലക്ഷം പേർ സന്നിഹിതരായിരുന്നു. ആൾക്കൂട്ടത്തിൻെറ ബാഹുല്യം നിമിത്തം പട്ടാളത്തെ വരുത്തി സമാധാനം പാലിക്കേണ്ടിവന്നു. രാത്രിയും പകലും ഇളവില്ലാതെ അദ്ദേഹം ജനങ്ങളെക്കൊണ്ടു തുടർച്ചയായി മദ്യവർജ്ജനപ്രതിജ്ഞ ചെയ്യിച്ചുകൊണ്ടിരുന്നു. ലോഗ്റിയ എന്ന സ്ഥലത്തുവച്ചു രണ്ടുദിവസത്തിനുള്ളിൽ 80,000 പേർ സത്യപ്രതിജ്ഞചെയ്തു. വാട്ടർഫോർഡിൽവച്ചുമൂന്നുദിവസംകൊണ്ടു 80,000 പേർ മദ്യവർജ്ജനസംഘത്തിൽചേർന്നു സത്യപ്രതിജ്ഞചെയ്യുകയുണ്ടായി. ഇതുപോലെ പല നഗരങ്ങളിലും ഗ്രാമങ്ങളിലും ആയിരക്കണക്കിനു ജനങ്ങൾ ഫാദർ മാത്യുവിൻെറ ഉൽബോധനത്തെ സമാദരിച്ചു പ്രവർത്തിച്ചു.

അദ്ദേഹം പിന്നീടു ഇംഗ്ലണ്ടിലേക്കും സ്കോട്ടുലണ്ടിലേക്കും പ്രചരണവേലകൾക്കായിപ്പോയി. ഒടുവിൽ ഐക്യരാജ്യങ്ങളിലെ ഇരുപത്തിയഞ്ചു സംസ്ഥാനങ്ങളും അദ്ദേഹം സന്ദർശിക്കുകയുണ്ടായി. ചെന്നിടത്തെല്ലാം ലക്ഷക്കണക്കിനു ജനങ്ങൾ അദ്ദേഹത്തിൻെറ അനുഗാമികളായിച്ചേർന്നു. 1838-ൽ അദ്ദേഹം മദ്യവർജ്ജനപ്രസ്ഥാനം ആരംഭിച്ചതു മുതൽ 1856-ൽ മരിച്ചതുവരെ പരിപൂർണ്ണമദ്യവർജ്ജനസംഘത്തിൽ 70 ലക്ഷം ജനങ്ങളെ അംഗങ്ങളായി ചേർത്തു സത്യപ്രതിജ്ഞചെയ്യിച്ചിട്ടുണ്ടെന്നാണു് ഔദ്യോഗികരേഖകൾ തെളിയിക്കുന്നതു്.

ഫാദർ മാത്യു ഒരു കത്തോലിക്കാ സന്യാസ വൈദികനായിരുന്നുവെങ്കിലും അകത്തോലിക്കരുടെ ഇടയിലും അദ്ദേഹത്തിനു് അനന്യാദൃശമായ സ്വാധീനശക്തി ഉണ്ടായിരുന്നു. വിവിധവകുപ്പുകളിൽപ്പെട്ട അനേകലക്ഷം പ്രോട്ടസ്റ്റൻറുകാർ അദ്ദേഹത്തിൻെറ സംഘത്തിൽ അംഗങ്ങളായി ചേരുകയുണ്ടായി. ആസെനാത്തു് നിക്കൊളസൺ എന്ന ഒരു അമേരിക്കൻ പ്രോട്ടസ്റ്റൻറു മിഷനറി പറഞ്ഞിട്ടുള്ളതു് ഇങ്ങനെയാണു്: "നമ്മുടെ കർത്താവീശോമിശിഹാ കഴിഞ്ഞാൽ പിന്നെ, ഈ ലോകത്തിൽ മററാരെയുംകാൾ കൂടുതലായി സ്ത്രീജനങ്ങളുടെ മുഖകമലത്തിൽനിന്നു കണ്ണുനീർ തുടച്ചുകളഞ്ഞിട്ടുള്ളതു ഫാദർ മാത്യുവാണു്. അദ്ദേഹത്തിൻെറ കാലത്തുതന്നെ തങ്ങൾക്കു ജന്മം നൽകിയതിനു ആയിരക്കണക്കിനു കൊച്ചുപൈതങ്ങൾ സർവ്വേശ്വരനോടു ഉപകാരസ്മരണചെയ്യും." പ്രസിദ്ധ ഇംഗ്ലീഷു സാഹിത്യകാരനായ തോമസു് കാർലൈൽ പറയുന്നു: "അദ്ദേഹത്തിൻെറ (ഫാദർ മാത്യുവിൻെറ) പ്രസംഗം കേൾക്കുമ്പോൾ ഞാൻ മിക്കവാറും കരയുകതന്നെ ചെയ്തിട്ടുണ്ടു്. സത്യപ്രതിജ്ഞചെയ്തതു ഫലപ്രദമാകാൻ അദ്ദേഹം പ്രസംഗംകഴിഞ്ഞിട്ടു ദൈവാനുഗ്രഹം അപേക്ഷിക്കുമ്പോൾ ഞാൻ എൻെറ തൊപ്പി താനെ ഉയർത്തുമായിരുന്നു." ബ്രിട്ടീഷുപ്രധാനമന്ത്രിയായിരുന്ന ജോൺ റസ്സൽപ്രഭു, ഫാദർ മാത്യുവിൻെറ ഒരുത്തമസ്നേഹിതനായിരുന്നു. മദ്യവർജ്ജനപ്രവർത്തനങ്ങളിൽ പ്രഭു ഗണ്യമായ പിന്തുണ നൽകിയിരുന്നു. വിക്ടോറിയ മഹാരാജ്ഞിയും ഫാദർ മാത്യുവിനു വേണ്ടത്ര പ്രോത്സാഹനം നൽകി. മദ്യപാനവിപത്തിനെതിരായ അദ്ദേഹത്തിൻെറ പ്രശസ്തസേവനങ്ങളെ അഭിനന്ദിച്ചു കൊല്ലംതോറും 300 പവൻ വീതം പാരിതോഷികമായി കൊടുക്കാൻ കല്പനയായി.

അമേരിക്കൻ ഐക്യരാജ്യങ്ങളിലും അദ്ദേഹത്തിനു ഹൃദയപൂർവ്വകമായ സ്വീകരണമാണു നൽകപ്പെട്ടതു്. എല്ലായിടത്തും ജനനേതാക്കന്മാർ ബഹുമതികളും സാക്ഷിപത്രങ്ങളും കൊണ്ടു് അദ്ദേഹത്തെ ആദരിച്ചു. പ്രസിഡണ്ടു് സക്കാറി ടെയ്ലർ അദ്ദേഹത്തിൻെറ ബഹുമാനാർത്ഥം വൈററു് ഹൗസിൽ (അമേരിക്കൻ പ്രസിഡണ്ടുമാരുടെ ഔദ്യോഗികവസതി) വച്ചു നടത്തിയ വിരുന്നു സൽക്കാരത്തിൽ വാഷിങ്ടണിലെ ഏററവും പ്രമുഖരായ അൻപതോളം പൗരനേതാക്കന്മാർ സംബന്ധിച്ചിരുന്നു. ഹൗസു് ഓഫു് റെപ്രസൻേറററീവ്സ് (House of Representatives), സെനററു് എന്നീ അമേരിക്കയിലെ പൊതുജനപ്രതിനിധിസ്ഥാപനങ്ങളിലെ അംഗമായി ഫാദർ മാത്യുവിനെ കോൺഗ്രസ് അംഗീകരിച്ചു. കോൺഗ്രസ്സിനു നൽകാവുന്ന ഏററവും വലിയ ബഹുമതിയാണിതു്. തദവസരത്തിൽ ഹെൻറി ക്ലേ എന്ന സുപ്രസിദ്ധ രാജ്യതന്ത്രജ്ഞൻ അമേരിക്കൻ കോൺഗ്രസ്സിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു: "ഒട്ടും രക്തം ചിന്താതെയുള്ള ഒരു വലിയ സാമൂഹ്യവിപ്ലവം ഫാദർ മാത്യു കൈവരുത്തിയിരിക്കുന്നു. അതെ, ആർക്കും ഒന്നിനും നാശം വരുത്താതെയുള്ള ഒരു വിപ്ലവം, വിധവകളുടേയും അനാഥരുടേയും ചുടുകണ്ണുനീർ ഒഴുകാൻ ഒരിക്കലും ഇടയാക്കാത്ത ഒരു വിപ്ലവം, ബലപ്രയോഗം കൂടാതെ സാധിച്ചിരിക്കുന്ന ഒരു വിപ്ലവം, മനുഷ്യവംശത്തിൻെറ ഉപകാരികളിൽ ആരുതന്നെയും കൈവരുത്തിയിട്ടുള്ളതിൽവച്ചു് ഒരുപക്ഷെ ഏററവും മഹത്തായ ഒരു വിപ്ലവം—ഇതത്രെ അദ്ദേഹത്തിൻെറ നേട്ടം."

ഫാദർ മാത്യു ബ്രിട്ടീഷുദ്വീപുകളിലും അമേരിക്കയിലും പതിനെട്ടുകൊല്ലക്കാലത്തോളം നടത്തിയ മദ്യവർജ്ജനപരിശ്രമങ്ങൾമൂലം മനുഷ്യസമുദായത്തിനുണ്ടായ ഗുണഫലങ്ങൾ നിരവധിയാണു്. അനേകം കുടുംബങ്ങൾക്കു പട്ടിണിയിൽനിന്നു മോചനം ലഭിച്ചു; അന്തഃച്ഛിദ്രങ്ങൾക്കു് അവസാനം വന്നു; കൊലപാതകം, ലഹളകൾ മുതലായ കുററങ്ങൾക്കു കുറവുണ്ടായി; മാതാപിതാക്കന്മാർ മദ്യപാനാസക്തി വിട്ടുപേക്ഷിച്ചതോടെ കുടുംബജീവിതത്തിനു് ഒരു പുതിയ ജീവനും പ്രകാശവും ലബ്ധമായി. എന്തിനേറെ, അത്യധികം അഭിലഷണീയമായ ഒരു പുതിയ സാമൂഹ്യവ്യവസ്ഥിതി സംജാതമാകുന്നതിനു് അദ്ദേഹത്തിൻെറ സേവനങ്ങൾ ഉത്തേജനം നൽകി. ഇവയെല്ലാം മനുഷ്യസമുദായം ഫാദർ മാത്യുവിനോടു കടപ്പെട്ടിരിക്കയാണു്. ഇന്നത്തെ മദ്യവർജ്ജനസംരംഭങ്ങൾക്കു് അദ്ദേഹം സ്ഥാപിച്ച സംഘം ശരിയായ മാർഗ്ഗദർശനവും പ്രചോദനവും നൽകുന്നുണ്ടെന്നു പറയുന്നതിൽ തെററില്ല.




100, 500, 1000, 5000 രൂപാ എന്നിങ്ങിനെ നാലു ഇനങ്ങളിൽ ഉള്ള കാഷ് സർട്ടിഫിക്കററുകൾ ഉണ്ട്. അവ യഥാക്രമം 84¼, 420⅝, 841¼, 4206¼ രൂപാ വിലയ്ക്കു വില്ക്കപ്പെടുന്നു. സ്ഥാനീയ കാര്യസ്ഥന്മാരോടു ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ ഗ്രഹിക്കാം.

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ESTD. 1927

പാലാ - തിരുവിതാംകൂർ.

# ആ അഞ്ചക്ഷരങ്ങൾ

(ഏണേക്കാട്ടു യൗസേപ്പു കത്തനാർ)

സുറിയാനിഭാഷയിൽ ദൈവമാതാവിൻെറ നാമം "മറിയം" എന്നാണു്. മലയാളത്തിലും സാധാരണ ഇങ്ങനെതന്നെ. ഇംഗ്ലീഷിനെ അനുകരിച്ചു ഇപ്പോൾ "മേരി"യും നമ്മുടെ നാട്ടിൽ നടപ്പായിക്കഴിഞ്ഞു. ലത്തീനിലും മററും "മരിയ"യാണു്. മേരിയും, മരിയയും ഒക്കെ "മറിയ"ത്തിൻെറ രൂപഭേദംമാത്രമാകുന്നു. എജിപ്ഷ്യൻ ഭാഷയിലെ മർയാം (Mar-yam) എന്ന ധാതുവിൽനിന്നും ഈ നാമം ഉദ്ഭവിച്ചു. ഈ പദത്തിൻെറ അർത്ഥം "ദൈവത്തിൻെറ വത്സല" എന്നാണത്രേ. (Beloved of God) ഇതിനു എഴുപതിൽപ്പരം അർത്ഥങ്ങളുണ്ടെന്നു ശാസ്ത്രജ്ഞന്മാരായ പുണ്യാത്മാക്കൾ പഠിപ്പിക്കുന്നു. മരിയ എന്ന പദത്തിലുള്ള M. A. R. I. A. എന്ന അഞ്ചക്ഷരങ്ങളെ അടിസ്ഥാനമാക്കി സത്യദീപം കഴിഞ്ഞ സെപ്റ്റംബർ 8-ാംനു-ലക്കത്തിൽ വെ .റവ. മൊൺ. ജോർജ്ജ് നെടുംപാമ്പിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. ദൈവമാതാവിൻെറ വിവിധ പ്രതിച്ഛായകളായി പഴയ നിയമത്തിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള അഞ്ചു ധീരവനിതകളുടെ നാമത്തിലെ ആദ്യാക്ഷരങ്ങൾ സ്വീകരിച്ചു് മരിയ എന്നാക്കി അതിൽ വിവരിച്ചിരിക്കുന്നു. അതായതു് മിക്കോൾ, അബിസാഗ്, റൂത്തു്, യൂദിത്തു്, അബിഗായിൽ ഈ നാമങ്ങളിലെ പ്രഥമാക്ഷരങ്ങൾ ചേരുമ്പോൾ ലത്തീൻ ഭാഷയിൽ "മരിയ" ആയിത്തീരും. ഓരോനിലയിൽ വളരെ പ്രബലകളും പുണ്യചരിതകളുമായി പഴയ നിയമത്തിൽ കാണുന്ന ഈ വനിതാമണികളുടെ വിവിധ മഹത്വങ്ങൾ സകലതും മരിയയിൽ ഒന്നിച്ചിണങ്ങിയിരിക്കുന്നു എന്നത്രേ സംഗ്രഹം. മരിയാഭക്തന്മാർക്കു ഇതാനന്ദപ്രദമാണല്ലോ.

എന്നാൽ "മരിയ"യിലെ ഈ അഞ്ചക്ഷരങ്ങളെ എടുത്തുകൊണ്ടു് വിശുദ്ധ അൽബർത്തോസ് വേറൊരുവിധത്തിൽവ്യാഖ്യാനിക്കുന്നു. ദൈവമാതാവിൻെറ കരേററത്തിരുനാൾ സംബന്ധിച്ച ഒരു പ്രസംഗത്തിൽ ആ മഹാപുണ്യവാൻ ഏകദേശം ഇപ്രകാരമാണു എഴുതിയിരിക്കുന്നതു്: നമ്മുടെ ആദിമാതാപിതാക്കന്മാരായ ആദാമിൻേറയും ഔവായുടേയും, മാത്രമല്ല വ്യക്തിപരമായി നമ്മൾ ഓരോരുത്തരുടേയും, പാപങ്ങൾമൂലം മനുഷ്യകുലം ഒന്നാകെ അഞ്ചുവലിയ തിന്മകളിൽ നിപതിച്ചുപോയി. അതായതു്, 1. ദൈവത്തിൻെറ നേർക്കുള്ള എതിർപ്പു് 2. ആന്തരികദൗർബല്യത്തിൻെറ ദുഷ്പ്രേരണം 3. ആത്മീയശക്തികളുടെ ന്യൂനത 4. ഹൃദയമനസ്സുകളുടെ അന്ധത 5. ക്രൂരശത്രുക്കളുടെ ആക്രമണം. ദൗർഭാഗ്യനിദാനമായ ഈ മഹാതിന്മകളിൽനിന്നും നീക്കി നമ്മെ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിനു് ദൈവം മരിയയെ നമുക്കു നൽകിയിരിക്കുന്നു. യഥാർത്ഥത്തിൽ അവൾ നമ്മുടെ M. A. R. I. A. ആണു്. M = Mediatrix മദ്ധ്യസ്ഥ. A = Alleviatrix ആശ്വാസക. R = Reparatrix പരിഹാരക. I = Illuminatrix പ്രകാശക. A = Auxiliatrix സഹായക. നിർഭാഗ്യവശാൽ ലോകജീവിതത്തിൽ നമുക്കു വന്നു ഭവിച്ചിരിക്കുന്ന പോരായ്മകളെ നികത്തുവാൻ തക്കവിധം മരിയയെ (മറിയത്തെ) നമ്മുടെ മദ്ധ്യസ്ഥയായും ആശ്വാസകയായും പരിഹാരകയായും പ്രകാശകയായും സഹായകയായും ദൈവം സ്ഥാപിച്ചുതന്നിരിക്കുന്നു. ഇനി നമ്മൾ ശങ്കിക്കേണ്ടതില്ല. അധൈര്യപ്പെടുവാനുമില്ല. മറിയത്തിനു നമ്മുടെ നേർക്കുള്ള മാതൃസഹജമായ വാത്സല്യത്തിനനുസരിച്ചു് നമ്മുടെ പുത്രസഹജമായ ഭക്തിയും യോജിക്കണം. "ഓ! അമ്മേ! നീ ദൈവത്തിൻേറയും മനുഷ്യൻേറയും അമ്മയല്ലേ, നീ വിധിയാളൻേറയും കുററവാളിയുടേയും അമ്മയല്ലേ, നീ രാജാവിൻേറയും രാജ്യഭ്രഷ്ടൻേറയും അമ്മയല്ലേ, ഇങ്ങനെ നീ ഈ ഇരുകൂട്ടരുടേയും അമ്മയായിരിക്കേ നിൻെറ ഈ മക്കൾ തമ്മിൽ പിണങ്ങിക്കഴിവാൻ ഇടവരുന്നതു നിനക്കൊട്ടും യുക്തമല്ല" എന്നു വിശുദ്ധ ബർണർദോസ് പറയുന്നു. അമ്മയും മക്കളും തമ്മിലുള്ള ബന്ധം എത്രയോ ദൃഢതരമാണെന്നു വിശേഷബുദ്ധിയില്ലാത്ത ജീവികൾപോലും നമ്മെ കാണിച്ചുതരുന്നുണ്ടു്. അതു പ്രകൃതിനിയമംമാത്രമാണുതാനും.

വിശുദ്ധ അൽബർത്തോസ് ചൂണ്ടിക്കാണിക്കുന്ന മേൽപ്പറഞ്ഞ അഞ്ചു സ്ഥാനങ്ങളും ദൈവമാതാവു് എത്രയും ശക്തിമത്തായി നമുക്കുവേണ്ടി എപ്പോഴും വഹിച്ചുകൊണ്ടിരിക്കുന്നു എന്നു നാം സമ്മതിച്ചു പറയുന്നുണ്ടു്. "ഇപ്പോഴും ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ" എന്നത്രെ നമ്മുടെ അനുനിമിഷപ്രാർത്ഥന. എപ്പോഴും നാം ഇങ്ങനെ പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്നാണല്ലോ ഈ "ഇപ്പോഴും" ധ്വനിപ്പിക്കുന്നതു്. ("നന്മനിറഞ്ഞമറിയ"ത്തിൽ "ഇപ്പോഴും" എന്നുള്ള പദം ചിലർ തെററായി "എപ്പോഴും" എന്നു ചൊല്ലുന്നതു കേട്ടിട്ടുണ്ടു്. അങ്ങനെ ചൊല്ലുന്നവർ അതു തിരുത്തേണ്ടതുതന്നെ.) പാപികളുടെ സങ്കേതം, വ്യാകുലന്മാരുടെ ആശ്വാസം, ക്രിസ്ത്യാനികളുടെ സഹായം, ഉഷഃകാലനക്ഷത്രം, സൽബുദ്ധിയുടെ മാതാവു്, ബോധജ്ഞാനത്തിൻെറ സിംഹാസനം, വല്ലഭയായ കന്യക, ഇത്യാദി നമ്മുടെ അമ്മയെ നാം സംബോധനം ചെയ്യുന്ന നാമാന്തരങ്ങളാണല്ലോ. ഈ "പഞ്ചാക്ഷരി"യുടെ മഹത്വത്തെ ഇതു കീർത്തിക്കുന്നു. ഇവയുടെ അർത്ഥം നമ്മുടെ ചിന്തയ്ക്കു എല്ലായ്പ്പോഴും വിഷയീഭവിക്കുമാറാകട്ടെ!

## ചോദ്യോത്തരപംക്തി

**ചോ:** ദൈവം സർവ്വശക്തനാകകൊണ്ടു്, അവിടുന്നു മനസ്സായിരുന്നെങ്കിൽ ലോകത്തിൽ പാപം പ്രവേശിക്കുന്നതിനെ തടയുവാൻ സാധിക്കുമായിരുന്നു. എന്നാൽ അങ്ങനെ ചെയ്യാതെ, മനുഷ്യർ തിന്മ പ്രവർത്തിക്കുന്നതിനു അനുവദിക്കുന്നതെന്തുകൊണ്ടു്?

**ഉ:** ദൈവം സർവ്വശക്തനാകകൊണ്ടു്, മനസ്സായിരുന്നുവെങ്കിൽ ലോകത്തു പാപത്തെ പ്രവേശിപ്പിക്കാതിരിക്കുവാൻ സാധിക്കുമായിരുന്നു. പക്ഷെ, അന്നു് അങ്ങനെ ചെയ്യുകയോ, ഇന്നു അങ്ങനെ ചെയ്തുപോരുകയോ ചെയ്യാതെ, മനുഷ്യർ തിന്മയിൽ ഉൾപ്പെട്ടുവാൻ അനുവദിക്കുന്നതു (അതായതു, അതു തടയാതിരിക്കുന്നതു) അവിടുത്തെ വിവേകത്തിൻെറ ഒരു പ്രവൃത്തിയാണു്. ഈ ധാർമ്മികതിന്മ അനുവദിക്കുന്നതിനു വിവിധങ്ങളും സാരതരങ്ങളും വിവേകപൂർണ്ണങ്ങളുമായ അനേകം കാരണങ്ങളാണുള്ളതു്. അതിനെ സ്വല്പം വിശദമായിത്തന്നെ താഴെ വിവരിച്ചുകൊള്ളട്ടെ.

വേദപുസ്തകം പറയുന്നു: "ദൈവം ആദ്യമേ മനുഷ്യനെ സൃഷ്ടിക്കുകയും, സ്വന്തം ആലോചനയുടെ കരം അവനു നൽകുകയും ചെയ്തു. ഇതിനും പുറമെ തൻെറ പ്രമാണങ്ങളും കല്പനകളും കൊടുത്തു......മനുഷ്യൻെറ മുമ്പിൽ ജീവനും മരണവും, നന്മയും തിന്മയും വച്ചുപ്പെട്ടിരിക്കുന്നു; അവൻ തിരഞ്ഞെടുക്കുന്നതു ഏതോ അതു അവനു നൽകപ്പെടും" (എക്ലെ. 15:14) മററു വാക്കുകളായി പറഞ്ഞാൽ "സ്വതന്ത്രമനസ്സു്" മനുഷ്യമക്കൾക്കു കിട്ടിയിരിക്കുന്ന ഏററം വലിയ ദൈവദാനമാണു്. അതില്ലെങ്കിൽ മനുഷ്യൻ ചെയ്യുന്ന ഏതു കൃത്യവും അവശ്യം നല്ലതായിരിക്കും. അങ്ങനെയല്ലാതെ ചെയ്യാൻ അവനു സാധ്യമല്ല. ആ നിലയ്ക്കു ദൈവത്തിൻെറ മുമ്പാകെ ഒരു അർഹതയോ യോഗ്യതയോ സമ്പാദിക്കുക സാധ്യമായിരുന്നില്ല. സ്വാതന്ത്ര്യമനസ്ഥിതി ഇല്ലായിരുന്നുവെങ്കിൽ പുണ്യവാന്മാരുടെ ആ മഹനീയ കൃത്യങ്ങൾക്കും, കന്യകകളുടെ ശുദ്ധതയ്ക്കും, വിശ്വാസത്തിനുവേണ്ടി അനേകർ ചെയ്ത സ്വയംപരിത്യാഗത്തിനും പരസ്നേഹപ്രവർത്തനത്തിനും, രക്തസാക്ഷികളുടെ ധീരോദാത്തതയ്ക്കും, എന്തു വിലയാണു് ഉണ്ടാകുമായിരുന്നതു്? ആ കൃത്യങ്ങളെല്ലാം അവശ്യം ചെയ്യപ്പെട്ടുമായിരുന്നു. നമ്മുടെ പ്രശംസയോ പ്രോത്സാഹനമോ അവർ അർഹിക്കുമായിരുന്നില്ല. ദൈവത്തിൻെറ സമ്മാനത്തിനും അവർ അർഹരാകുമായിരുന്നില്ല. പുണ്യാത്മാക്കൾ ലോകത്തെയും ജഡത്തെയും പിശാചിനെയും ജയിച്ചതു് സ്വതന്ത്രമനസ്സിനെ ഉപയോഗപ്പെടുത്തിക്കൊണ്ടും ദൈവസഹായത്തിൽ ആശ്രയിച്ചുകൊണ്ടുമായിരുന്നു. ദൈവരാജ്യം അവർക്കു കരഗതമായതു് അധ്വാനം കൂടാതെയല്ല. കഠിനാധ്വാനത്തോടെതന്നെയാണു് അവർ അതിനെ അന്വേഷിച്ചതും കൈവശപ്പെടുത്തിയതും.

മനുഷ്യൻ വാസ്തവത്തിൽ സ്വതന്ത്രമാനസനാണെങ്കിൽ, ആ സ്വാതന്ത്ര്യത്തെ ദുരുപയോഗിച്ചുകൊണ്ടു ധാർമ്മികതിന്മ അഥവാ പാപം ചെയ്യുവാനും പാടുണ്ടു്. എന്നാൽ ആ ദുരുപയോഗത്തിനു മനുഷ്യൻതന്നെയാണു് ഉത്തരവാദി. അതു ദൈവത്തിൻെറ പ്രവൃത്തിയല്ല. ദൈവം അതിനു് ഉത്തരവാദിയുമല്ല. മനുഷ്യൻ സ്വാതന്ത്ര്യം ദുരുപയോഗിച്ചുവെങ്കിൽ, അവൻ അതിനു—പാപത്തിനു—ദൈവസമക്ഷം സമാധാനം പറയണം. ഒരുവൻ സ്വതന്ത്രമനസ്സിനെ ദുരുപയോഗിക്കുന്നതിനു സ്വാതന്ത്ര്യം പ്രയോഗിച്ചുവെങ്കിൽ അതു അവനു് അത്രകണ്ടു നാശഹേതുകം. എന്നാൽ സ്വതന്ത്രമാനസത്വം പിന്നെയും തുടരുന്നു; നല്ലവനും വിവേകിയുമായ സ്രഷ്ടാവിൻെറ ഒരു അത്ഭുതകരമായ ദാനം എന്ന നിലയിൽ തുടരുന്നു. ഒരു ദിവസം ദൈവം ഈ മഹനീയദാനത്തിൻെറ ദുരുപയോഗത്തിനു ശിക്ഷ നൽകും. "നിൻെറ കാര്യസ്ഥതയുടെ കണക്കു ബോധിപ്പിക്കുക." (ലൂ.16:2) ദൈവം നിത്യനായിരിക്കകൊണ്ടു് അവിടുത്തേക്കു ദീർഘകാലത്തേക്കു പ്രതീക്ഷിച്ചിരിക്കാൻ കഴിയും. തന്നെയുമല്ല, ദൈവം ഓരോരുത്തനും ഓരോ ഉപദേഷ്ടാവിനെ—മനസ്സാക്ഷിയെ—നൽകിയിട്ടുമുണ്ടു്. പാപത്തെ അതു തുടർച്ചയായും നിഷ്കർഷയോടുകൂടിയും അപലപിക്കും. നിശ്ശബ്ദതയിലാണു് അതു നടക്കുന്നതെങ്കിലും അതിൻെറ ശക്തി ഒന്നു വേറെതന്നെയായിരിക്കും. ആകയാൽ, ദൈവം പാപത്തെ ആഗ്രഹിക്കയോ മനസ്സാകുകയോ ചെയ്യുന്നില്ല എന്നതു സ്പഷ്ടം. ദൈവം മനുഷ്യനു സ്വാതന്ത്ര്യം നൽകിയിട്ടുള്ളതുകൊണ്ടു് തിന്മ അനുവദിക്കുന്നുവെന്നേയുള്ളൂ. തിന്മയിൽ ആരും അവശ്യം വീണുകൊള്ളണമെന്നില്ല.

മനുഷ്യൻ ഭൂമിയിൽ ഒരു തീർത്ഥകനായിരിക്കുന്നിടത്തോളം കാലം, ദൈവത്തിനു് അനുകൂലമായോ പ്രതികൂലമായോ പ്രവർത്തിക്കുന്നതിനു് അവനു സ്വാതന്ത്ര്യമുണ്ടു്. അതാണു ദൈവത്തിൻെറ പ്ലാൻ. മനുഷ്യൻ പാപംമൂലം തിന്മ ചെയ്തതിനുശേഷം, ദൈവത്തിൻെറ പരിപാലന ലോകത്തെ സംബന്ധിച്ചിടത്തോളം, പിന്നെയും തുടർന്നുകൊണ്ടിരിക്കുന്നു. ദൈവം ആ തിന്മയെ നന്മയ്ക്കുള്ള ഒരു അസ്തിവാരമാക്കിത്തീർക്കുന്നു. തിന്മ എത്രമാത്രം ഉണ്ടായോ അതിൽ കൂടുതലായ നന്മ അതിൽനിന്നു ദൈവം ആവിർഭവിപ്പിക്കുന്നു. അതെ, നവീനമായുണ്ടാകുന്ന നന്മ, സംഭവിച്ച തിന്മയെക്കാൾ എത്രയോ ഇരട്ടിയാകുന്നു! തിന്മയിൽനിന്നു നന്മയുണ്ടാകുവാൻ വേണ്ടിയാണു് ദൈവം തിന്മ അനുവദിക്കുന്നതു് എന്നു ഇവിടെ വിവക്ഷയില്ല. ആദരണീയങ്ങളും വിവേകപൂർണ്ണങ്ങളുമായ കാരണങ്ങളാൽ അവിടുന്നു തിന്മ അനുവദിക്കുന്നു എന്നുമാത്രം. സർവ്വശക്തനായ ദൈവം, സർവ്വനന്മസ്വരൂപനുംകൂടെ ആകകൊണ്ടു്, തിന്മയിൽനിന്നു നന്മ ഉല്പാദിപ്പിക്കാനുള്ള ശക്തിയും നന്മയും അവിടുത്തേക്കുണ്ടു്. അല്ലാത്തപക്ഷം, തിന്മയും പാപവും അവിടുന്നു അനുവദിക്കുന്നതേ അല്ല എന്നാണു് വിജ്ഞശിഖാമണിയായ വി. അഗസ്റ്റീനോസ് പറയുന്നതു് (Enchirid C. 11) അതെ, ദൈവം വെറുക്കുകയും വിലക്കുകയും ചെയ്യുന്ന പാപംപോലും അവിടുത്തെ ഉപാസിക്കണം, അവിടുത്തെ തിരുഹിതം നിർവ്വഹിക്കണം.



കൊച്ചി റോട്ടറി ക്ലബ്ബിൻെറ ആഭിമുഖ്യത്തിൽ എറണാകുളം ജനാലാസ്പത്രിയിൽ സ്ഥാപിച്ചിരിക്കുന്ന ഹോസ്പിററൽ പേഷ്യൻറ്സ് ലൈബ്രറി പൊതുജനാരോഗ്യമന്ത്രിശ്രീ സി. എ. ഔസേപ്പ് ഉൽഘാടനം ചെയ്യുന്നു.

ജരുസലെം നഗരത്തെപ്പററി സ്വല്പം ചിന്തിച്ചാലും: മനുഷ്യനെയും മൃഗത്തെയും കൊന്നൊടുക്കുന്നതിനായി, ആ ദുഷ്ടനഗരത്തിലുള്ള പാപികളുടെമേൽ വാളും, പഞ്ഞവും, വസന്തയും ദൈവം യാത്രയാക്കുമെന്നു് എസക്കിയേൽ ദീർഘദർശി പ്രവചിച്ചു. അതെ, ദൈവം ജരുസലെമിൻെറമേൽ ഈ നാശമെല്ലാം ഭവിപ്പാൻ അനുവദിച്ചതു കാരണംകൂടാതെയല്ല എന്നു് അന്നാട്ടുകാരെ തങ്ങളുടെ സൽപ്രവൃത്തിമൂലം അറിയിക്കേണ്ടിയിരുന്ന ഏതാനുംപേരെമാത്രം രക്ഷിക്കുമെന്നു പ്രവചിച്ചു. അതെ, ജരുസലെം ദിഗ്വാസികൾ പാപം ചെയ്യുന്നതിനു ദൈവം അനുവദിച്ചു. എന്നാൽ അവരുടെ പാപങ്ങൾ ദൈവനീതിയെ വെളിപ്പെടുത്തുക മാത്രമല്ല, ആ നീതി അവരെ ഇഹത്തിൽവച്ചു ശിക്ഷിച്ചതിനും പുറമെ നരകാഗ്നിവരെ അവരെ പിന്തുടരുകയും ചെയ്തുവെന്നു പ്രഖ്യാപിക്കുകകൂടിച്ചെയ്തു. പാപം അഖിലലോകത്തോടും ദൈവനീതിയെ പ്രഖ്യാപിക്കയത്രെ ചെയ്യുന്നതു്. ദൈവത്തിൻെറ കുഞ്ഞാടിനെ കുരിശാകുന്ന അൾത്താരയിൽ തൂക്കിയിരിക്കുന്നതു കണ്ടാലും. എന്തെല്ലാം തിന്മയാണു് അവിടുന്നു് അവിടെ സഹിച്ചതു്! മനുഷ്യൻ അവിടുത്തെ അപഹസിച്ചു; അവിടുത്തെ പഠനങ്ങളെക്കുറിച്ചു നുണ പറഞ്ഞു; അവിടുത്തേയും അവിടുത്തെ അപ്പസ്തോലന്മാരേയും അവർ പീഡിപ്പിച്ചു; അവിടുത്തെ ബന്ധിച്ചു; ചമ്മട്ടികൊണ്ടടിച്ചു; മുൾമുടിധരിപ്പിച്ചു; ക്രൂശിച്ചു; വധിച്ചു. എന്നാൽ ദൈവം ഈ തിന്മകളെയെല്ലാം നന്മയാക്കിപ്പകർത്തി; അവിടുന്നു ക്രിസ്തുവിനെ ഉയർത്തുകയും ലോകത്തിൻെറ രക്ഷകനാക്കുകയും ചെയ്തു. "ദൈവം പാപത്തെ വെറുക്കുന്നു. ദൈവം സർവ്വപരിശുദ്ധനാണു്" എന്നു് ക്രൂശിതനിൽനിന്നൊഴുകിയ ഓരോതുള്ളി രക്തവും സർവ്വമനുഷ്യരോടും വിളിച്ചുപറയുന്നു. ധൂർത്തപുത്രനെപ്പററി ചിന്തിച്ചാലും: അവൻ മികച്ച പാപിയായിരുന്നിട്ടും അവൻെറ പിതാവു അവനെ തുടർന്നുസ്നേഹിച്ചു. പാപിയായ തൻെറ പുത്രനെ അദ്ദേഹം ഒരിക്കലും മറന്നുകളഞ്ഞില്ല. ക്ഷമാപൂർവ്വം അദ്ദേഹം അവൻെറ പ്രത്യാഗമനം കാത്തിരുന്നു. തൻെറ പ്രതീക്ഷ സഫലമായതോടെ തൻെറ പ്രിയ പുത്രൻെറനേർക്കുള്ള സ്നേഹവും ക്ഷമയും അദ്ദേഹം പ്രകടമാക്കുകയും ചെയ്തു. പാപം ദൈവത്തിൻെറ നന്മയും ക്ഷമയും എത്ര സ്പഷ്ടമാക്കുന്നുവെന്നു നോക്കുക! "നീ എന്നെക്കുറിച്ചു തിന്മയായി വിചാരിച്ചു; എന്നാൽ നീ ഇപ്പോൾ കാണുന്നതുപോലെ, എന്നെ ഉയർത്തുന്നതിനും അനേകരെ രക്ഷിക്കുന്നതിനുമായി ദൈവം അതിനെ നന്മയാക്കിപ്പകർത്തി" (ഉല്പ: 50: 20) ഇങ്ങനെയാണു് ഈജിപ്തിലെ ജോസഫ്, ദുഷ്ടലാക്കോടുകൂടി തന്നെ ഒരു അടിമയെന്നോണം കച്ചവടക്കാർക്കു വിററ സ്വസഹോദരന്മാരോടു പറഞ്ഞതു്. അവർ ദൈവത്തിൻെറ നിത്യമായ ഉദ്ദേശങ്ങളെ വിഫലീഭവിപ്പിക്കുവാൻ നോക്കി; എന്നാൽ പരമാർത്ഥത്തിൽ അവയെ സഫലീഭവിപ്പിക്കുവാൻ അവർ സഹായിക്കുകയായിരുന്നു. തിന്മയെ നന്മയാക്കി പകർത്തേണ്ടതെങ്ങനെയെന്നു ദൈവത്തിനറിയാം. അതെ, അവിടുത്തെ അലംഘ്യമായ ഉദ്ദേശങ്ങളെ നിറവേററുന്നതിനു, തിന്മയെ നന്മയാക്കിത്തീർക്കുന്നതിനുള്ള സൂത്രം അവിടുത്തേക്കറിയാം. "കർത്താവിനു എതിരായി ജ്ഞാനമാകട്ടെ വിവേകമാകട്ടെ ആലോചനയാകട്ടെ ഇല്ല."(ഉപമ.21: 30) ആകയാൽ, പാപം ഏകസത്യദൈവത്തെ ശുശ്രൂഷിക്കണം. എങ്ങനെ? ദൈവത്തിൻെറ അമേയപരിപൂർണ്ണതകളെ പ്രത്യക്ഷപ്പെടുത്തിക്കൊണ്ടും, "ദൈവസ്നേഹികൾക്കു് എല്ലാം നന്മയ്ക്കായി സഹകരിക്കുന്നു" (റോ. 8: 28) എന്നു മനുഷ്യരേയും മാലാഖാമാരെയും അനുസ്മരിപ്പിച്ചുകൊണ്ടും. തന്നിമിത്തം അനുമിക്കുവിൻ:—ദൈവം തിന്മ അനുവദിക്കുന്നു, എന്തുകൊണ്ടെന്നാൽ തിന്മയെ നന്മയാക്കിപ്പകർത്തുവാൻ അവിടുത്തേക്കറിയാം; അതെ, അവിടുത്തെ സനാതനോദ്ദേശ്യങ്ങളെനിറവേററുന്നതിനു് തിന്മയെ നന്മയാക്കിപ്പകർത്തുവാൻ അവിടുത്തേക്കറിയാം.

(ഫാദർ സെറാഫിൻ ബനഡിക്ററ്)


ട്രാവൻകൂർ
ഫെഡറൽ ബാങ്ക് ക്ലിപ്തം
ആലുവാ, അങ്കമാലി, പെരുമ്പാവൂർ
ഡെപ്പോസിററ് നിരക്ക്
1 കൊല്ലം 4½%, 2 കൊല്ലം 5%, 3 കൊല്ലം 5½%. 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് 4%, സേവിംഗ്സ് 3%, കറൻറ് 1½%.
എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും ചെയ്തുതരുന്നതാണ്
ക്യാപ്ററൻ ഫ്രാൻസിസ് പാനികുളം, B. A., M. B. B. S., D. A. (Eng.), ചെയർമൻ
കെ. പി. ഉറുമീസ്, B. A., B. L., മാനേജിംഗ് ഡിറക്ടർ



എല്ലാനിറത്തിലും സാററിൻ സിൽക്കിൽ
മുത്തുക്കുടകൾ തയ്യാറുണ്ട്
കൊളമ്പോ സാരിവക്ക്സ്, ബ്രോഡ്വേ, എറണാകുളം


## "വാഴ്ക! വാഴ്ക!!" *

(ജെയിംസ്, കെ. സി., മണിമല)

രഘുപതി രാഘവ ......... എ. മ.

സുര ജന സേവിത സർവ്വേശൻ
സതത സംസ്തുതനാകട്ടെ.
വാഴ്ക, വാഴ്ക, നിജ ശ്രീനാമം,
വാഴ്ക, വാഴ്ക! ജയ ശ്രീലാഭം,

അതുല സുഖാസ്ഥവ മാനുഷൻ
സതത ദൈവവുമാമീശോ
വാഴ്ക! വാഴ്ക!! ജഗമെല്ലാമേ!!!
വാഴ്ക, വാഴ്ക ജയ ശ്രീയോടെ

മധുരിമയുറിട്ടുമീശോതൻ
മഹിമയേറിയ ശ്രീ നാമം! (വാഴ്ക.

അമലതയാർന്നൊരു തൻ ഹൃദയം
അതുല നന്മകൾ തൻ നിലയം (വാഴ്ക

അതിശയ പൂർണ്ണതയാം ദിവ്യ
പരമ പൂജയിലയിശോ (വാഴ്ക

ജഗദധി നാഥനു മാതാവാം
മഹിത മാനിനി ശ്രീമേരി (വാഴ്ക

സുചരിത ശോഭിത കന്യാംബ
മരിയ തൻ തിരു നാമവും (വാഴ്ക

ഗുണനിധി പാവന മാതാവി-
ന്നമല ജന്മമതെന്നെന്നും (വാഴ്ക

നിജപരിപൂജിത ഭർത്താവാം
വിരക്ത ശ്രീയുത യൗസേപ്പും (വാഴ്ക

അഖിലജനാധിപനെല്ലാ വിൺ
"മലാഖ"മാർ പരിശുദ്ധരിലും (വാഴ്ക

* ദിവ്യകാരുണ്യവാഴ്വിനു ശേഷം ചൊല്ലിവരുന്ന ദിവ്യസ്തുതികളുടെ ഒരു നവീന പുനരാഖ്യാനം. (പകർപ്പവകാശം രചയിതാവിനു്.)

## മാന്യവരിക്കാരുടെ ശ്രദ്ധയ്ക്കു്

എന്നോടു വാങ്ങിക്കൊണ്ടിരിക്കുന്ന സത്യദീപത്തിൻെറ വരിസംഖ്യ ഭൂരിപക്ഷംപേരും കുടിശിഖയായി മാത്രമെ തരുവാൻ ഏതവസരത്തിലും മനസ്സായി കാണുന്നുള്ളു. സ്നേഹബുദ്ധ്യാ ഇതുവരെയുള്ള കുടിശിഖയും, തുടർന്നു് വേണമെന്നാഗ്രഹിക്കുന്നവർ കുറഞ്ഞതു് മൂന്നു രൂപാ അഡ്വാൻസും തരണമെന്നു് താല്പര്യപ്പെടുന്നു. മേലാൽ കുടിശിഖയായി ഒരു പ്രതിപോലും തരുവാൻ നിവൃത്തിയില്ല.

N. B. അറക്കുളം, തെക്കെക്കര, മൂലമററം, കുടയത്തൂർ, എന്നീ ഭാഗങ്ങളിൽ സത്യദീപത്തിനു് ഏജൻസി എടുക്കുന്നതിനു് തയ്യാറുള്ളവരുണ്ടെങ്കിൽ നേരിട്ടുകാണുക.

എന്നു് പി. യു. ജോസഫ്
ഏജൻറ്, അറക്കുളം.

ലഘുപ്രഹസനം

# പരദൂഷണം അരുതേ!

(സിസ്റ്റർ മേരി സി. ഡി.)

ആനി- ഏലിക്കുട്ടിയല്ലെ അത്!

ഏലിക്കുട്ടി- എൻെറ ആനി, എന്തൊക്കെയാ വിശേഷങ്ങൾ? നമ്മുടെ സാറാമ്മയുടെ പിറന്നാളാഘോഷമെല്ലാം എങ്ങനെയായിരുന്നു? വർത്തമാനങ്ങളൊക്കെ അറിയാൻ ആഗ്രഹം.

ആനി- അതിനെന്തു സംശയം? പിറന്നാളാഘോഷം കേമമായിരുന്നു. ക്ഷണിക്കപ്പെട്ടവർ പലരുമുണ്ടായിരുന്നു. ഒരാളെമാത്രം എനിക്കത്ര പിടിച്ചില്ല.

ഏലിക്കുട്ടി- അതാരാണ്?

ആനി- അതു നമ്മുടെ സൂസിയല്ലാതെ പിന്നെയാരായിരിക്കും?

ഏലിക്കുട്ടി- ഓഹൊ- ആ പച്ചപ്പരിഷ്കാരി.

ആനി- എൻെറ ഏലിക്കുട്ടി, അവളെ ഇന്നലെ കാണേണ്ടതുതന്നെയായിരുന്നു. പുതുതായി ഇറക്കുമതിചെയ്ത തരം സാരിയും ബ്ളൗസും ധരിച്ച്, പല നാട്യങ്ങളോടും നോട്ടങ്ങളോടുംകൂടി വന്ന കാഴ്ച!

ഏലിക്കുട്ടി- ആ ഡ്റെസ്സിൽ കക്ഷിയെ ഞാൻ മിന്നിയാന്നു കണ്ടു. ഒരു പട്ടവിഡ്ഢിയെപ്പോലെ എനിക്കു തോന്നി.

ആനി- എനിക്കും മറിച്ചഭിപ്രായമില്ല. വിദ്യാർത്ഥിനികൾ ഇമ്മാതിരിയുള്ള വസ്ത്രഭൂഷണാദികളാൽ സ്വയം മോടിപിടിപ്പിച്ച് വിലസിനടക്കുന്നതെന്തിനാണെന്ന് എനിക്കറിഞ്ഞുകൂടാ. കഴിഞ്ഞ ആഴ്ചയിൽ എൻെറ അമ്മ ഒരു അമേരിക്കൻ മാസികയിൽനിന്നു എന്നെ വായിച്ചുകേൾപ്പിച്ചു, "വിദ്യാർത്ഥിനികളുടെ വസ്ത്രധാരണരീതി വെറും സിമ്പിൾ ആയിരിക്കണ"മെന്ന്.

ഏലിക്കുട്ടി- ആനി, സൂസിയുടെ ഡ്റെസ്സ് വലിയ വിലപിടിച്ചതാണോ?

ആനി- ഓ! എന്തുവില, ഒരു പുറംപൂച്ചു മാത്രമെ അതിനുള്ളൂ.

ഏലിക്കുട്ടി- അല്ല. വേറൊരു സംഗതി ഞാൻ കേട്ടല്ലൊ. നമ്മുടെ സാറാമ്മയുടെ അപ്പനെപ്പററി. ഓ എന്തു ഭയങ്കരം!

ആനി- അതെന്താണ്! എന്നോടു പറയൂ ഏലിക്കുട്ടി.

ഏലിക്കുട്ടി- അയ്യോ. അതു ഞാൻ ഒരിക്കലും പറകയില്ല.

ആനി- അങ്ങനെയാണോ! കഷ്ടം ഏലിക്കുട്ടി. മതി മതി. നാം തമ്മിലുള്ള കൂട്ടു ഇപ്പോൾത്തന്നെ അവസാനിപ്പിക്കാം.

ഏലിക്കുട്ടി- പിണങ്ങല്ലെ ആനി. ഈ സംഗതി ആരോടും പറകയില്ലെന്നു ഞാൻ അവരുടെ വീട്ടിലെ റോസിക്കു വാക്കുകൊടുത്തുപോയി.

ആനി- കാണുന്നതും കേൾക്കുന്നതും എല്ലാം ഞാൻ നിന്നോടു പറയും. പിന്നെ നീമാത്രം ഇത്ര വില കാണിക്കുന്നതെന്തിനാണ്?

ഏലിക്കുട്ടി- മററാരോടും പറകയില്ലെന്നു എനിക്ക് ഉറപ്പു തരാമോ! എന്നാൽ ഞാൻ പറയാം.

ആനി- കയ്യടിക്കു—ഞാൻ ആരോടും പറകയില്ല. തീർച്ച.

ഏലിക്കുട്ടി- (പതുക്കെ) നമ്മുടെ സാറാമ്മയുടെ അപ്പൻ അയാളുടെ ശമ്പളമെല്ലാം കാർഡുവെച്ചു കളിച്ച് കളകയാണ്. വീട്ടിലെ ചിലവിനു് ഒന്നും കൊടുക്കയില്ല.

ആനി- ഓ അങ്ങനെയാണോ? കഷ്ടം! സാറാമ്മയുടെ അമ്മ പാവം. എങ്ങനെ അവർ വീട്ടിലെ കാര്യങ്ങൾ നടത്തുന്നു?

ഏലിക്കുട്ടി- അയൽക്കാരോടും ആങ്ങളമാരോടും വാങ്ങി കഴിഞ്ഞുകൂടുന്നുവത്രെ. സാധു.

ആനി- അതാ നമ്മുടെ മേരിക്കുട്ടി വരുന്നു.

രണ്ടുപേരും- വരൂ മേരിക്കുട്ടി. എല്ലാവരുടേയും ഓമനയല്ലെ ഈ വരുന്നതു്?

മേരിക്കുട്ടി- എൻെറ ആനിക്കുട്ടിയും ഏലിക്കുട്ടിയും എന്തുചെയ്യുന്നു? വെറുതെ വർത്തമാനംപറഞ്ഞു സമയം നഷ്ടപ്പെടുത്തുകയാണോ! നിങ്ങൾക്കു ഇതല്ലെ ജോലി! ഉം.

ഏലിക്കുട്ടി- മേരിക്കുട്ടി, ഞങ്ങൾ നേരംപോക്കു പറകയാണ്. അതും ഒരു നല്ല കലയല്ലെ! രണ്ടു കാര്യം മാത്രമാണ് ഇതിനാവശ്യമുള്ളതു്. അതായതു, നല്ല ഓർമ്മശക്തിയും കുറെ രസികത്വവും.

മേരിക്കുട്ടി- ഓ, ഈ തത്വങ്ങൾ കേട്ട് എൻെറ തല മരവിക്കുന്നു. എൻെറ സഹോദരിമാരേ, അവരെയും ഇവരെയും പററി അതും ഇതും പറഞ്ഞു സമയം കളയുന്നതെന്തിനാണ്? ഉപകാരപ്രദമായ എന്തെങ്കിലും കാര്യത്തെപ്പററി സംസാരിക്കയല്ലെ നല്ലതു്?

ആനി- ഉപകാരപ്രദമായതു എന്താണ് മേരിക്കുട്ടീ?

മേരിക്കുട്ടി- എന്താണെന്നോ! നമ്മുടെ ക്ലാസ്സിലെ വിഷയങ്ങൾ, തയ്യൽക്ലാസ്സിലെ കൂട്ടങ്ങൾ, കളികൾ, സൊഡാലിററി, വേദപാഠക്ലാസ്സ് ഇങ്ങനെ എന്തെല്ലാം കാര്യങ്ങളുണ്ട്!

ഏലിക്കുട്ടി- പക്ഷെ നേരംപോക്കു പറയുന്നതിനു് ഒരു രസം വേറെയുണ്ട്.

മേരിക്കുട്ടി- ഉവ്വ്. ഒരു രസം വേറെ തന്നെ. മററുള്ളവരുടെ സൽക്കീർത്തി നശിപ്പിക്കുന്ന ഒരു ഒന്നാംതരം രസം.

ആനി- മേരിക്കുട്ടി, ഞങ്ങൾ ആരെയും ഉപദ്രവിക്കുന്നില്ല. ഞങ്ങൾക്കു യാതൊരു ദുരുദ്ദേശവുമില്ല.

മേരിക്കുട്ടി- നിങ്ങൾക്കു ദുരുദ്ദേശമൊന്നുമില്ലെന്നു് എനിക്കറിയാം. എന്നാൽ ഈതരം നേരംപോക്കിനു വളരെ ഉപദ്രവം ചെയ്യുവാൻകഴിയും. ഇതിനെ തെളിയിക്കുന്ന ഒരു കഥ ഞാൻ പറയാം.

ഒരിക്കൽ വി. ഫിലിപ്പ് നേരിയുടെ അടുക്കൽ ഒരു സ്ത്രീ വന്നു പറഞ്ഞു: "അച്ചാ, മററുള്ളവരുടെ കുററം പറയുന്ന ഒരു സ്വഭാവം എനിക്കുണ്ട്. എത്ര ശ്രമിച്ചിട്ടും അതു മാറുന്നില്ല. എന്തെങ്കിലും ഒരു പ്രതിവിധി ഇതിനു പറഞ്ഞുതരണേ." പുണ്യവാൻ മറുപടിപറഞ്ഞു: "നീ ചന്തയിൽ പോയി ഒരു കോഴിയെ വാങ്ങിക്കൊണ്ടുവരിക. വരുന്നവഴിക്ക് അതിൻെറ പപ്പു പറിച്ചു വഴിയിൽ വിതറിക്കളയണം." ആ സ്ത്രീ വേഗത്തിൽ പോയി ഒരു കോഴിയെ വാങ്ങി. വരുന്നവഴി അതിൻെറ തൂവൽ പറിച്ച് വഴിയിൽ വിതറി. വിവരം പുണ്യവാനെ അറിയിച്ചു. "ഇനി നീ പോയി ആ തൂവലുകളെല്ലാം പെറുക്കിക്കൊണ്ടുവരിക"യെന്നു പുണ്യവാൻ വീണ്ടും ആവശ്യപ്പെട്ടു. സ്ത്രീ പരുങ്ങലിലായി. "പിതാവേ, അതു എനിക്കു തികച്ചും അസാദ്ധ്യമാണ്. ആ തൂവലുകളെല്ലാം കാററടിച്ച് ഓരോ മുക്കിലും മൂലയിലും പറന്നുപോയിട്ടുണ്ടാകും. എവിടെയെല്ലാം പോയാലാണ് അവ കിട്ടുക! എന്നാലതു സാദ്ധ്യമല്ല" എന്നു സങ്കടത്തോടെ പറഞ്ഞു. "പ്രിയ മകളേ," പുണ്യവാൻ പ്രത്യുത്തരിച്ചു. "നിനക്ക് ഇതു ഒരു നല്ല പാഠമായിരിക്കട്ടെ. നീ മററുള്ളവരുടെ കുററങ്ങളും കുറവുകളും പറഞ്ഞു പരത്തിയിട്ടുള്ളവയെ മടക്കിയെടുക്കാനും നിനക്ക് സാധിക്കയില്ല. പരദൂഷണം എത്ര വലിയ കുററമാണെന്നു ഇനിയെങ്കിലും മനസ്സിലാക്കുക."

ഏലിക്കുട്ടി- എൻെറ പ്രിയ മേരിക്കുട്ടീ, ഇതിത്ര ഗൗരവമായി ഞങ്ങൾ വിചാരിച്ചില്ല. മേലിൽ സൂക്ഷിച്ചുകൊള്ളാം. ആനീ, ഇനി നാം ഒരിക്കലും മററുള്ളവരുടെ കുററം പറയരുതു്.

ആനി- ഞാൻ ഇനി ഒരിക്കലും മററുള്ളവരുടെ കുററം പറകയില്ല. വളരെ ഉപകാരം മേരിക്കുട്ടീ.

പുസ്തകാഭിപ്രായം

## ജാതകവും കൈനോട്ടവും

(എസ്. എച്ച്. ലീഗ്, ആലുവാ. പേജ് 66. വില 5 ണ.)

ഈശ്വരവിശ്വാസവും മതബോധവും അന്ധജടിലമാണെന്നു വിചാരിക്കുന്ന ചിലർ പോലും ജാതകത്തിലും കൈനോട്ടത്തിലും അന്ധമായി വിശ്വസിക്കുന്നുണ്ട്. അത്തരക്കാരുടെ കണ്ണുതുറപ്പിക്കുന്നതിനു തികച്ചും പര്യാപ്തമായ ഒരു ലഘുഗ്രന്ഥമാണ് "ജാതകവും കൈനോട്ടവും." ജാതകം കുറിക്കുന്നതു സംബന്ധിച്ചുള്ള സാങ്കേതികങ്ങളായ ചില വിശദീകരണങ്ങൾ നല്കിയശേഷം ഗ്രന്ഥകാരൻ വായനക്കാരുടെ ചിന്തയ്ക്കു വിഷയീഭവിപ്പിക്കുന്ന ചില സംഗതികൾ താഴെ ചേർക്കുന്നു. (1) ഭാരതം ജ്യോതിഷപണ്ഡിതന്മാരുടെ കേളീരംഗമായിരുന്നിട്ടും, 1947 ആഗസ്റ്റ് 15-ാം നു- ഈ മഹാസാമ്രാജ്യം സ്വാതന്ത്ര്യം പ്രാപിക്കുമെന്നു പ്രവചിക്കുന്നതിനു് ആരുമുണ്ടായില്ല. (പേജ് 12) (2) പണ്ഡിററ് നെഹ്റു ഇൻഡ്യയുടെ പ്രഥമപ്രധാനമന്ത്രിയാകുമെന്നു പ്രവചിക്കുന്നതിനു് യാതൊരു ജ്യോത്സ്യനുമുണ്ടായില്ല. എന്നു മാത്രമല്ല, ജ്യോതിഷവിധിയനുസരിച്ചു കാര്യമായ മെച്ചമൊന്നുമില്ലാത്ത ഒരു ഗ്രഹനിലയിലാണ് പണ്ഡിതജിയുടെ ജനനം തന്നെ. (പേജ് 13) (3) പ്രഥമ ഗവർണ്ണർ ജനറലായ രാജാജി പ്രാപിക്കാനിരുന്ന മഹത്വവും ജ്യോത്സ്യർക്ക് അജ്ഞാതമായിരുന്നു (പേജ് 14) (4) ഏവംവിധം ഗാന്ധിജിയുടെ ചരമം, ഹിററ്ലരുടെ അന്ത്യം, റൂസ്‌വെൽററിൻെറ ചരമം, മുസ്സോലിനിയുടെ അന്തർധാനം ആദിയായവ മുൻകൂട്ടി അറിയിക്കുന്നതിനും ആരുമില്ലായിരുന്നു. (പേജ് 15) (5) ഗാന്ധിജിയുടെ ഗ്രഹനില അനുസരിച്ച്, അദ്ദേഹം കളവുപറയുന്നവനും ചപലനും സഞ്ചാരശീലനും ദരിദ്രനും വഞ്ചകനുംആയി ഭവിക്കേണ്ടിയിരുന്നു. എന്നാൽ അദ്ദേഹം വഞ്ചനയും കളവും നിറഞ്ഞവനായിരുന്നെന്നു പറയാൻ ആർ മുതിരും? (പേജ് 22) (6) റൂസ്‌വെൽററ്, ചർച്ചിൽ, ജോർജ്ജ് ആറാമൻ, മുസ്സോലിനി. ഹിററ്ലർ, മിക്കാഡോ, ജനറൽ ഫ്രാങ്കോ, സ്റ്റാലിൻ മുതലായവരുടെ ജാതകങ്ങളിൽനിന്നു എത്രയോ വ്യത്യസ്തമാണ് യഥാർത്ഥാനുഭവങ്ങൾ? (പേജ് 62-66-അനുബന്ധം) (7) സ്ത്രീപുരുഷന്മാരുടെ ഗ്രഹനില വച്ചു പൊരുത്തം നോക്കി ചെയ്യുന്ന വിവാഹങ്ങൾ എത്ര മാത്രം അമംഗളമായി പര്യവസാനിക്കുന്നു! പ്രത്യുത, കുലമഹിമ, സമ്പത്തു്, സൗശീല്യം, സൗന്ദര്യം, ആരോഗ്യം, വയസ്സ്, വിദ്യാഭ്യാസം മുതലായവ നോക്കിച്ചെയ്യുന്ന വിവാഹങ്ങൾ മംഗളകരങ്ങളായിഭവിക്കയും ചെയ്യുന്നുണ്ട്. (പേജ് 18) (8) "നല്ലശകുന"ത്തിനു കാര്യലാഭം ഉണ്ടാകാത്തതായും "ചീത്തശകുന"ത്തിനു കാര്യലാഭം ഉണ്ടായതായും നിത്യാനുഭവങ്ങൾ ഉണ്ട്. (പേജ് 19)

"ജാതക"ത്തിൻെറ അവിശ്വാസ്യത ചൂണ്ടിക്കാണിച്ചശേഷം ഗ്രന്ഥകാരൻ "രേഖാശാസ്ത്ര"ത്തിൻെറ കഴമ്പില്ലായ്മയും അനുഭവങ്ങളെ ആധാരമാക്കി ചൂണ്ടിക്കാണിക്കുന്നു. "അനേകം മിടുമിടുക്കന്മാരായ "രേഖാശാസ്ത്ര" പണ്ഡിതന്മാരെക്കൊണ്ട് കൈനോക്കിച്ചിട്ടുള്ള ഒരു കൈയാണിതെഴുതുന്നതു്" എന്നു അദ്ദേഹം പ്രസ്താവിക്കുകയും ചെയ്യുന്നുണ്ട്.

"ജ്യോതിഷവും രേഖാശാസ്ത്രവുമെല്ലാം വെറും കണക്കല്ലേ? അതിലെന്താ അബദ്ധം" എന്ന ചോദ്യത്തിനുള്ള സമാധാനം 58 മുതൽ 61-വരെയുള്ള പക്ഷങ്ങളിലുണ്ട്. "ഉപസംഹാര"ത്തിൽ ഗ്രന്ഥകാരൻ മനസ്സ്വാതന്ത്ര്യത്തിൻെറ സ്വഭാവത്തെ ആധാരമാക്കി "ജ്യോതിഷവും കൈനോട്ടവും" നിരർത്ഥകങ്ങളായ "സങ്കല്പശാസ്ത്ര"ങ്ങളാണെന്നു സമർത്ഥിക്കുകയും ചെയ്യുന്നു.

ആകപ്പാടെ നോക്കിയാൽ വളരെ പ്രയോജനകരവും അവശ്യാവശ്യകവുമായ ഒരു ഗ്രന്ഥമാണ് "ജാതകവും കൈനോട്ട"വും. പ്രസ്തുതവിഷയങ്ങൾ സംബന്ധിച്ച് കേരളീയരുടെ ഇടയിൽ രൂഢമൂലമായിരിക്കുന്ന അന്ധവിശ്വാസങ്ങൾ ദൂരീകരിക്കുന്നതിനു ഈ ഗ്രന്ഥം വളരെ സഹായിക്കുന്നതായിരിക്കും. ജാതകമെഴുതിയും കൈനോക്കിയും കാശുണ്ടാക്കുന്ന ആളുകൾ അതു വായിക്കുമ്പോൾ അമർഷംകൊള്ളാനുമിടയുണ്ട്. പക്ഷെ അതു ഗൗനിച്ചിട്ടാവശ്യമില്ല. "ജാതകവും കൈനോട്ടവും." എന്ന ഗ്രന്ഥം എങ്ങും പ്രചരിച്ചു കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

P. I. J.

## സംഭവകഥകൾ

### കമ്മ്യൂണിസ്റ്റുകാരനു നൽകിയ ഡിന്നർ

ഏതാനും കൊല്ലങ്ങൾക്കുമുമ്പ് അമേരിക്കയിലെ സുപ്രസിദ്ധ റേഡിയോപ്രസംഗകനായ മോൺസിഞ്ഞോർ ഫൾട്ടൺ ജെ. ഷീനു എതിരായി ഒരു കമ്മ്യൂണിസ്റ്റ് പത്രം കുറെ ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. എന്നാൽ മോൺസിഞ്ഞോർ ഷീൻ അതിൽ യാതൊരു അമർഷവും പ്രകടിപ്പിച്ചില്ല; പ്രത്യുത പ്രസ്തുതപത്രത്തിൻെറ അധിപരെ ഒരു ഡിന്നറിനു ക്ഷണിക്കുകയാണ് ചെയ്തതു്. "ഞങ്ങൾ നിങ്ങളോടു വിരോധം ഭാവിക്കാനുള്ള ഏകകാരണം റഷ്യ ഒരു ജനാധിപത്യരാജ്യമാണെന്നു നിങ്ങൾ സമ്മതിക്കുന്നില്ല എന്നതാണ്." ഇങ്ങനെ പറഞ്ഞുകൊണ്ടു പത്രാധിപർ മോൺസിഞ്ഞോർ ഷീനുമായി സംഭാഷണം ആരംഭിച്ചു.

"സോവ്യററ് റഷ്യയുടെ ഭരണഘടനയിലെ 125-ാം വകുപ്പുപ്രകാരം റഷ്യ ഒരു ജനാധിപത്യരാജ്യമായിരിക്കുന്നതെങ്ങനെ?" ആതിഥേയൻ പ്രതിവചിച്ചു.

"എന്താണ് ആ 125-ാം വകുപ്പ്?" അതിഥി ആരാഞ്ഞു.

"അല്ലയോ മനുഷ്യാ, ഞാൻ നിങ്ങളെ ക്ഷണിച്ചതു് കമ്മ്യൂണിസത്തെപ്പററി സംസാരിക്കുന്നതിനല്ല; നിങ്ങളുടെ ആത്മാവിൻെറകാര്യത്തെപ്പററി സംസാരിക്കുന്നതിനാണ്" എന്നായിരുന്നു മോൺസിഞ്ഞോർ അതിനു നൽകിയ മറുപടി. മാത്രമല്ല, ഒരു മണിക്കൂർനേരം ആത്മാവിൻെറ രക്ഷയെക്കുറിച്ചു അദ്ദേഹം സംസാരിക്കയും ചെയ്തു.

ഒമ്പതു നീണ്ട വർഷങ്ങൾ മന്ദം മന്ദം കടന്നുപോയി. അക്കാലമത്രയും എല്ലാ ദിവസവും മോൺ. ഷീൻ തൻെറ പ്രശസ്താതിഥിക്കുവേണ്ടി ഒരു ചെറുപ്രാർത്ഥന ചൊല്ലിവന്നു. ഇന്നദ്ദേഹം കമ്മ്യൂണിസമായുള്ള ബന്ധം വിച്ഛേദിച്ച് ആത്മീയസ്വാതന്ത്ര്യം പ്രാപിച്ചിരിക്കുന്ന ഒരുത്തമകത്തോലിക്കനാണ്. 1945 ഒക്ടോബർ 0-ാം നു- വൈകുന്നേരം ന്യൂയോക്കിലെ സെൻറ് പാട്രിക്ദേവാലയത്തിൽവച്ചു മോൺ. ഷീൻ പ്രസ്തുത പത്രാധിപരേയും അദ്ദേഹത്തിൻെറ ഭാര്യയേയും മൂന്നുകുട്ടികളേയും കത്തോലിക്കാസഭയിലേക്കു സ്വീകരിച്ചു. അങ്ങനെ മോൺ. ഷീൻെറ പരസ്നേഹത്തിൻെറയും പ്രാർത്ഥനയുടേയും ഫലമായി മനസ്സുതിരിഞ്ഞ ആളാണ് മി. ലൂയിസ ഫ്റാൻസിസ് ബുഡൻസ്. (ഇദ്ദേഹത്തിൻെറ ജീവചരിത്രം 1123 ധനു 4-ാംനു- യിലെ സത്യദീപത്തിൽ ചേർത്തിരുന്നു.)

ഒരപ്രതീക്ഷിതസംഭവംമൂലം

അമേരിക്കയിലെ ഫ്റിററ്സ് ക്രൈസ്ലർ എന്ന സംഗീതവിദഗ്ദ്ധൻെറ മാനസാന്തരത്തിനു കാരണമായതു അപ്രതീക്ഷിതമായ ഒരു സംഭവമാണ്. ഒരു സായാഹ്നത്തിൽ മോൺസിഞ്ഞോർ ഫൾട്ടൺ ജെ. ഷീൻ ന്യൂയോക്കിലെ ഒരു ഭവനത്തിലേക്കു ക്ഷണിക്കപ്പെട്ടു. അദ്ദേഹം പ്രസ്തുതഭവനത്തിൻെറ വാതുക്കൽചെന്നു മണി അടിച്ചപ്പോൾ വാതിൽ തുറന്നതു ഫ്റിററ്സ് ക്രൈസ്ലർ ആണ്. ആ മാന്യൻ ഏതോ കാര്യം പ്രമാണിച്ച് അവിടെ വന്നിരുന്നതാണ്. അദ്ദേഹത്തെ കാണുകയിൽ മോൺസിഞ്ഞോരും മോൺസിഞ്ഞോരെ കാണുകയിൽ അദ്ദേഹവും ആശ്ചര്യപ്പെട്ടു. എന്നുവരികിലും ക്രൈസ്ലർ ആ വന്ദ്യവൈദികനെ അകത്തേക്കു കൂട്ടിക്കൊണ്ടുപോകയും തൻെറ ഭാര്യയുമായി പരിചയപ്പെടുത്തുകയും ചെയ്തു. യാദൃച്ഛികമായുണ്ടായ ആ സമാഗമത്തിൻെറ ഫലമായി ഏതാനും നാളുകൾക്കുശേഷം ഫ്റിററ്സ് ക്രൈസ്ലറും പത്നിയും കത്തോലിക്കാസഭയിൽ പ്രവേശിക്കുന്നതിനിടയായി.

"കുരിശിനു വോട്ടുചെയ്യുകയില്ല"

കഴിഞ്ഞകൊല്ലം ഇററലിയിൽ നടന്ന പൊതുതെരഞ്ഞെടുപ്പിൻെറ അവസരത്തിൽ, ഡൊമെനിക്കൊ നിക്കൊലായി എന്നയാളോട്, ക്രിസ്ത്യൻ ഡെമോക്രാററ് പാർട്ടിയുടെ ചിഹ്നമായ കുരിശിനും പരിചയ്ക്കുംവേണ്ടി വോട്ടുചെയ്യുകയില്ലേ എന്നയാളുടെ സ്നേഹിതന്മാർ ചോദിച്ചു. "നൂറുപ്രാവശ്യം മരിക്കേണ്ടിവന്നാലും കുരിശിനുവേണ്ടി ഞാൻ വോട്ടുചെയ്യുകയില്ല" എന്നായിരുന്നു കോപവിവശനായ അയാൾ നല്കിയ മറുപടി. അന്നു വൈകുന്നേരം തന്നെ, അയാൾ കമ്മ്യൂണിസ്റ്റ് കക്ഷിക്കു വോട്ടു നല്കിയശേഷം, തളർവാദം പിടിപെട്ടു മരിക്കുന്നതിനു് ഇടവന്നു.

(Il Crocifisso, Rome)

# വത്തിക്കാൻ നയതന്ത്രബന്ധങ്ങൾ

(കെ. ഇ. ജോബ്, എം. എ., എൽ. ടി.)

1949 ഏപ്രിൽ 3-ാം തീയതി ലോകമാസകലമുള്ള 40 കോടി കത്തോലിക്കാ ജനതയ്ക്കു ഒരു സുദിനമായിരുന്നു. അന്നായിരുന്നല്ലോ റോമാസിംഹാസനത്തിൽ വാഴുന്ന പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ അദ്ദേഹത്തിൻെറ വൈദികാഭിഷേകത്തിൻെറ കനകജൂബിലി ആഘോഷിച്ചതു്. ലോകജനസംഖ്യയിൽ അഞ്ചിലൊരു ഭാഗത്തോളംവരുന്ന റോമൻ കത്തോലിക്കർ അദ്ദേഹത്തിൻെറ ആദ്ധ്യാത്മികപ്രജകളത്രേ. അവർ വിവിധരാജ്യങ്ങളിലും ജനപദങ്ങളിലും ചിന്നിച്ചിതറി കിടക്കുന്നു. ആകയാൽ ഉത്തരദക്ഷിണധ്രുവങ്ങൾക്കിടയിൽ, ചൈനാതൊട്ടു പെറുവരെ വ്യാപിക്കുന്ന സകല ദേശങ്ങളിലും അന്നത്തെ മഹാമഹത്തിൻെറ പ്രതിധ്വനികൾ ആവർത്തിക്കപ്പെട്ടിട്ടുണ്ടു്. പക്ഷേ അദ്ദേഹത്തിൻെറ വ്യക്തിവിലാസത്തേയും ധാർമ്മികശക്തിയേയും വാഴ്ത്തുന്നവർ വേറെയും വളരെയുണ്ടു്. റോമൻ കത്തോലിക്കരോളംതന്നെ ജനസംഖ്യവരുന്ന ഇതരക്രൈസ്തവജനങ്ങളും മാർപ്പാപ്പായെ ബഹുമാനിക്കുന്നവരാണു്. അതിപ്രാചീനരായ നാലഞ്ചു പാത്രിയർക്കീസന്മാർ ക്രൈസ്തവസഭയിലുള്ളതിൽ പ്രധാനനാണു്, റോമായിലെ മേലദ്ധ്യക്ഷൻ എന്നാണു് അവർ കരുതിപ്പോരുന്നതു്. എന്നാൽ ബാഹ്യലോകം മാർപ്പാപ്പായെ ബഹുമാനിച്ചുവരുന്നതു്, ഭൂലോകത്തിലെ ഏക ധാർമ്മികമഹാശക്തി എന്ന നിലയിലത്രേ. അദ്ദേഹം ഒരു സ്വതന്ത്രപരമാധികാര രാഷ്ട്രപതിയാണു്. അദ്ദേഹത്തിൻെറ രാജ്യമായ വത്തിക്കാൻ നഗരത്തിനു് 108 ഏക്കർ മാത്രമേ വിസ്തൃതിയുള്ളു എന്നതു് ഒരു പരമാർത്ഥമാണെങ്കിലും, അതിൽ ഇന്നു് 43 പരമാധികാര രാഷ്ട്രങ്ങളുടെ സ്ഥാനപതികൾ സ്ഥിരവാസം ചെയ്യുന്നുണ്ടു്. ഈ 43 രാഷ്ട്രങ്ങളിലേക്കും പേപ്പൽ പ്രതിനിധികളും അയക്കപ്പെട്ടിട്ടുണ്ടു്. ഇങ്ങനെ മാർപ്പാപ്പായുമായി നയതന്ത്രബന്ധങ്ങളിൽ ഏർപ്പെട്ടിട്ടുള്ള രാജ്യങ്ങളിൽ ഒന്നു് നമ്മുടെ മാതൃഭൂമിയായ ഭാരതംകൂടി ആണെന്നുള്ളതും ഇവിടെ പ്രസ്താവ്യമാണു്.

മാർപ്പാപ്പാ തിരുമനസ്സിലെ പ്രതിനിധി അഥവാ പേപ്പൽ ഇൻറർനൺഷിയോ ആയി ന്യൂഡൽഹിയിൽ വാസം ചെയ്യുന്നതു് ആർച്ചുബിഷപ്പു് ലിയോ പീററർ കീയർക്കൽസു് എന്ന മഹാനാണു്. അദ്ദേഹം കഴിഞ്ഞ പതിനേഴു കൊല്ലമായി ബാംഗളൂരിൽ താമസിച്ചുവരവേ ഭാരതീയ സംസ്കാരത്തെ സാവഗാഢം പഠിച്ചിട്ടുണ്ടു്. അദ്ദേഹം ഇക്കഴിഞ്ഞ മാസത്തിൽ ബോംബെ സന്ദർശിച്ച അവസരത്തിൽ ചെയ്ത പ്രഭാഷണത്തിൽ ഇൻഡ്യാവത്തിക്കാൻ നയതന്ത്രബന്ധത്തിൻെറ സ്വഭാവത്തെപ്പററി ഇങ്ങനെ പ്രസ്താവിക്കുകയുണ്ടായി:

"ഈ പുതിയ ഉദ്യോഗം സ്വീകരിക്കുന്ന അവസരത്തിൽ എനിക്കു് ഇൻഡ്യാമഹാരാജ്യത്തെപ്പററി വേണ്ടത്ര അറിവും ബഹുമാനവും ഉണ്ടായിരുന്നതായി അക്കാലത്തു് ബാംഗളൂരിൽ ചെയ്ത യാത്രാനുവാദപ്രസംഗത്തിൽ ഞാൻ പ്രസ്താവിച്ചിരുന്നതാണു്. തലസ്ഥാനനഗരത്തിൽ തദനന്തരം കഴിച്ചുകൂട്ടുവാനിടയായ ആറുമാസക്കാലത്തിനുള്ളിൽ ഈ രാജ്യത്തെ ഗവൺമെൻറിനോടും നേതൃപ്രമുഖരോടും അടുത്ത സമ്പർക്കത്തിലേപ്പെടുന്നതിനുള്ള അവസരം എനിക്കു ലഭിക്കുകയുണ്ടായി. അതിൻെറ ഫലമായി പ്രസ്തുതജ്ഞാനം കൂടുതൽ ആഴമാകുന്നതിനും, ഇൻഡ്യയോടുള്ള ബഹുമാനം കൂടുതൽ അഭിവൃദ്ധിപ്പെടുന്നതിനും ഇടയായിട്ടുണ്ടു്. ഡൽഹിയിലെ നയതന്ത്രവൃത്തങ്ങളിലുള്ള വാസംനിമിത്തം ദിവസംപ്രതി എനിക്കു കൂടുതൽ ബോദ്ധ്യമായിട്ടുള്ള ഒരു വാസ്തവം, ഇൻഡ്യാ മഹാരാജ്യം ലോകത്തിലെ മഹത്തായ രാജ്യങ്ങളിൽ ഒന്നാണെന്നുള്ളതാണു്. ഈ മഹത്വം അടങ്ങിയിരിക്കുന്നതു്, ഈ രാജ്യത്തിൻെറ വലിപ്പത്തിൽ മാത്രമല്ല, പ്രത്യേകിച്ചു് അതിൻെറ സംസ്കാരസമ്പത്തിലും ധാർമ്മികനിക്ഷേപത്തിലും, ഗണനീയരായ നേതാക്കന്മാരുടെ എണ്ണത്തിലും അത്രേ. ഇക്കാരണത്താൽ ഇൻഡ്യ ഏഷ്യാഭൂഖണ്ഡത്തിലെ ഏററവും പ്രധാന രാജ്യമായിത്തീർന്നിരിക്കുന്നു.

"ഗവർണർ ജനറൽ ശ്രീ രാജഗോപാലാചാരി അവർകൾ രാജകീയ കൊട്ടാരസദൃശമായ ഗവൺമെൻറു മന്ദിരത്തിൽ മഹാത്മാഗാന്ധിക്കു സഹജമായ വേഷഭാവലാളിത്യത്തോടുകൂടി സഞ്ചരിക്കുന്നു. അദ്ദേഹം ഈശ്വരവിശ്വാസത്തിൻെറയും സാഹോദര്യത്തിൻെറയും ഭാഷയിലത്രേ ജനങ്ങളോടു സംസാരിക്കുന്നതു്. ഇൻഡ്യയുടെ പ്രധാനമന്ത്രിയാകട്ടെ ധാർമ്മികമൂല്യങ്ങളുടെ പ്രഥമഗണനയ്ക്കുവേണ്ടി നിസ്സന്ദേഹം നിലകൊള്ളുന്നു. അദ്ദേഹത്തിൻെറ സ്വരം ഇൻഡ്യാമഹാരാജ്യത്തിൻെറ അതിർത്തിക്കു വെളിയിലും ശ്രവിക്കപ്പെടുന്നുണ്ടു്. ഇങ്ങനെയുള്ള രാജ്യതന്ത്രപ്രമുഖന്മാരാൽ സമാകർഷിക്കപ്പെടാതിരിക്കുവാൻ ആർക്കും സാദ്ധ്യമല്ല.

"എന്നാൽ പേപ്പൽ പ്രതിനിധിക്കു ഇൻഡ്യയെപ്പററിയുള്ള ജ്ഞാനവും ബഹുമാനവും, ഏതാദൃശമായ ഒരു മനോഭാവം മാർപ്പാപ്പായെപ്പററി ഭാരതീയനേതാക്കന്മാരിലും ഉല്പാദിപ്പിക്കുന്നതിനുള്ള മുന്നോടിയാണു്. കാനൻനിയമത്തിൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പരസ്പരബന്ധസ്ഥാപനവും ഇതത്രേ. വത്തിക്കാനുമായി നയതന്ത്രബന്ധത്തിലേപ്പെടുന്നതിനു്, ഇൻഡ്യാഗവൺമെൻറു തയ്യാറായപ്പോൾ, അവർ സാക്ഷാൽ വത്തിക്കാനു സാർവ്വദേശീയമണ്ഡലങ്ങളിലുള്ള ആദ്ധ്യാത്മികവും ധാർമ്മികവുമായ പ്രമുഖസ്ഥാനത്തെ അംഗീകരിക്കുകയത്രേ ചെയ്തതു്. ഇൻഡ്യയുടെ തലസ്ഥാനനഗരത്തിൽ ആ ഘടകത്തെ വ്യാഖ്യാനിക്കുകയത്രേ എൻെറ ധർമ്മം. എന്നാൽ ഈ ധർമ്മം നിർവഹിക്കപ്പെടുന്നതു് ഔപചാരികമായ പ്രസ്താവനകളെക്കാൾ കൂടുതലായി, പ്രതിദിനസമ്പർക്കം കൊണ്ടും ശരിയായ ആശയപ്രകടനംകൊണ്ടും, സന്മനോഭാവസംസൃഷ്ടികൊണ്ടും വേണമെന്നും, ആയതിനു പ്രത്യേകം സാഹചര്യങ്ങളിലും വിഷയങ്ങളിലും മാത്രമേ അന്യമാർഗ്ഗങ്ങൾ സ്വീകരിക്കപ്പെടാവൂ എന്നുമാണു് വിവക്ഷ."

സാമാന്യം ദീർഘമായ ഈ ഉദ്ധരണിയിൽ പേപ്പൽ പ്രതിനിധി ഉന്നയിച്ചിട്ടുള്ളതു് രണ്ടു പോയിൻറുകളാണു്. ആദ്യമായി അദ്ദേഹം പറഞ്ഞിട്ടുള്ളതു്, ഭാരതീയസംസ്കാരത്തിൻെറ മാററും, ഭാരതീയനേതാക്കളുടെ മാഹാത്മ്യവും, ഈ ബന്ധംമൂലം വത്തിക്കാൻ പ്രതിനിധിക്കു് പ്രത്യക്ഷത്തിൽ ഗ്രഹിക്കുവാൻ കഴിഞ്ഞു എന്നുള്ളതും, രണ്ടാമതായി അദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതു്, ഭാരതീയ നേതാക്കളുമായുള്ള അടുത്തസമ്പർക്കംമൂലം വത്തിക്കാൻ സിംഹാസനത്തിൻെറ ധാർമ്മികാദർശങ്ങളെ അവരെ ഗ്രഹിപ്പിക്കുന്നതിനു് അദ്ദേഹത്തിനു സാധിച്ചു എന്നുള്ളതുമാണു്. ഇങ്ങനെയുള്ള നയതന്ത്രബന്ധംമൂലം, സാർവ്വദേശീയമണ്ഡലങ്ങളിൽ ഇൻഡ്യയെക്കുറിച്ചുള്ള മതിപ്പു് വർദ്ധിക്കുന്നതിനുപകരിക്കുമെന്നുള്ളതിനു സംശയമില്ല. മാർപ്പാപ്പാതിരുമേനിയുടെ ധാർമ്മികാദർശങ്ങൾ ഇൻഡ്യയിൽ പുലർത്തുന്നതിനും ഇതുമൂലം സാധിക്കുന്നതാണു്.

ഈ വിധത്തിൽ മാർപ്പാപ്പാതിരുമേനിയുമായി നയതന്ത്രബന്ധങ്ങൾ പാലിച്ചുവരുന്ന 43 പരമാധികാരരാഷ്ട്രങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടാത്തതായി, കമ്മ്യൂണിസ്റ്റു് റഷ്യയും അവളുടെ ഉപരാഷ്ട്രങ്ങളും മാത്രമേയുള്ളു. അമേരിക്കൻ ഐക്യനാടുകൾ, ദക്ഷിണാമേരിക്കൻ രാജ്യങ്ങൾ, ബ്രിട്ടൺ, ഫ്രാൻസു്, ബെൽജിയം, ഇററലി, ഹോളണ്ടു്, സ്വീററ്സർലണ്ടു്, ചൈന, പാക്കിസ്ഥാൻ, ഇൻഡ്യ തുടങ്ങിയവയെല്ലാം ഓരോവിധത്തിൽ മാർപ്പാപ്പാതിരുമേനിയുമായി നയതന്ത്രബന്ധങ്ങൾ പരിപാലിച്ചുകൊണ്ടാണിരിക്കുന്നതു്. ഈ രാജ്യങ്ങൾ പരസ്പരം കലഹിക്കുകയോ ശണ്ഠകൂടുകയോ ചെയ്യുകയും, അവതമ്മിലുള്ള ഗതാഗതവും ആശയവിനിമയവും അസാദ്ധ്യമാകുകയും ചെയ്യുന്ന അവസരങ്ങളിൽ അവയ്ക്കു മദ്ധ്യേനിന്നുകൊണ്ടു്, നിസ്വാർത്ഥസേവനങ്ങൾ അനുഷ്ഠിക്കുകയും, ജീവകാരുണ്യസന്ദേശങ്ങൾ വിനിമയംചെയ്യുകയും ചെയ്യുകയത്രേ വത്തിക്കാൻ നയതന്ത്രബന്ധത്തിൻെറ ധർമ്മം. സമാധാനകാലങ്ങളിലും ഈ വത്തിക്കാൻ ബന്ധംമൂലം സാർവ്വദേശീയമണ്ഡലങ്ങളിൽ പലലോകോപകാരപ്രവൃത്തനങ്ങൾ നടന്നുവരുന്നു. Prevention is better than cure എന്നു ഇംഗ്ലീഷിലും, "പ്രക്ഷാളനാദ്ധിപങ്കസ്യ ദൂരാദസ്പർശനം വരം" എന്നു് സംസ്കൃതത്തിലും നാം പറയാറുണ്ടല്ലോ. യുദ്ധം പൊട്ടിപ്പുറപ്പെട്ടശേഷം, മലവെള്ളംപോലെ മനുഷ്യരക്തം ചൊരിഞ്ഞശേഷം, ശവശരീരങ്ങൾ കുന്നുകുന്നായി കൂടിയശേഷം, ജീവകാരുണ്യപ്രദർശനങ്ങൾ നടത്തുന്നതിൽ തുലോം നല്ലതാണു്, യുദ്ധത്തെ വേരോടെ പിഴുതുകളയുന്നതെന്നു് മാർപ്പാപ്പാമാർക്കറിയാം. ലോകത്തിലെ വിടെത്തന്നെ യുദ്ധമുണ്ടായാലും രണ്ടുഭാഗത്തും യാതനകൾ സഹിക്കുന്ന കൂട്ടത്തിൽ മാർപ്പാപ്പായുടെ ആദ്ധ്യാത്മികപ്രജകൾ കാണാതിരിക്കുകയില്ല. അഥവാ മനുഷ്യവംശത്തെ ആകമാനം സ്വന്തം ആദ്ധ്യാത്മികപ്രജകളും സഹോദരന്മാരുമായിട്ടാണു് റോമാസിംഹാസനസ്ഥർ പരിഗണിച്ചുവരുന്നതു്. "ഉദാരചരിതാനാം തു വസുധൈവകുടുംബകം" എന്നുള്ള ചൊല്ലു് അവരെ സംബന്ധിച്ചിടത്തോളം അക്ഷരശഃ ശരിതന്നെയാണു്. ആകയാൽ സമാധാനകാലങ്ങളിൽ യുദ്ധകാരണങ്ങളെ ഉന്മൂലനം ചെയ്യുവാനാണു് വത്തിക്കാൻ നയതന്ത്രസമൂഹം ശ്രമിക്കുന്നതു്. യുദ്ധം അടുത്തടുത്തുവരുമ്പോൾ ഭൂലോകമാസകലം ചിന്നിച്ചിതറിക്കിടക്കുന്ന വത്തിക്കാൻ പ്രതിനിധികൾ ഇരവുപകലില്ലാതെ സമാധാനസ്ഥാപനകൃത്യങ്ങളിൽ വ്യാപൃതരാകുന്നു. ഒട്ടവിൽ, കുട്ടനാട്ടിലെ മടവീഴ്ചപോലെയുള്ള യുദ്ധപ്രഖ്യാപനങ്ങൾ അടിക്കടി നടന്നുകഴിഞ്ഞാൽ, അവരുടെ ജോലി ഒന്നുകൂടി തീവ്രതരമാകുന്നു. ദുഃഖിതർക്കു വേണ്ട ആശ്വാസം കൊടുക്കുന്നതിനും, യുദ്ധത്തടവുകാരുടെ ഇടയിൽ ആദ്ധ്യാത്മികസേവനങ്ങൾ അനുഷ്ഠിക്കുന്നതിനുമാണു് അവരുടെ സർവശ്രദ്ധയും. ഈ വിഷയങ്ങളിൽ അവർക്കു ജാതിവർഗ്ഗമതചിന്തയൊന്നുമില്ല. കത്തോലിക്കാ ക്രിസ്ത്യാനികളും അകത്തോലിക്കാ ക്രിസ്ത്യാനികളും, ഹിന്ദുക്കളും, യഹൂദന്മാരും, മുസ്ലീങ്ങളും, ബൗദ്ധന്മാരും, കൺഫ്യൂഷസ്സു് മതസ്ഥരും, നിരീശ്വരന്മാരുമെല്ലാം സാക്ഷാൽ ഈശ്വരസൃഷ്ടികളെന്ന നിലയിൽ തുല്യരായിട്ടത്രേ വത്തിക്കാൻ നയതന്ത്രവേദികൾ പരിഗണിച്ചുവരുന്നതു്. ഈ വിഷയത്തിലാണു്, വത്തിക്കാൻ നയതന്ത്രം ഇതരരാഷ്ട്രീയനയതന്ത്രത്തെ അതിശയിക്കുന്നതു്. ഒരു രാജ്യത്തെ പ്രതിനിധീകരിക്കുവാനായി മറെറാരു രാജ്യത്തിലേക്കയക്കപ്പെടുന്ന അംബാസിഡർമാരെപ്പററി, ഡോക്ടർ ജോൺസൺ, തൻെറ നിഘണ്ടുവിൽ കൊടുത്തിരിക്കുന്ന ദ്വയാർത്ഥവ്യാഖ്യാനം, Those who lie abroad for the benefit of their country എന്നാണു്. സ്വന്തദേശത്തിൻെറ നന്മക്കുവേണ്ടി വിദേശവാസം ചെയ്യുന്ന, (അഥവാ വ്യാജപ്രസ്താവന ചെയ്യുന്ന) ആളുകളെന്നു് ഡോക്ടർ ജോൺസൺ ഇവിടെ അർത്ഥവിവക്ഷചെയ്തിട്ടുള്ളതു്. അങ്ങനെയുള്ളവരെപ്പററിയുള്ള സ്വന്തസ്മരണയെ അടിസ്ഥാനമാക്കിക്കൊണ്ടായിരിക്കാം. എന്നാൽ മാർപ്പാപ്പാതിരുമേനിയുടെ നയതന്ത്രപ്രതിനിധികൾ ഈവക ദോഷാരോപണങ്ങൾക്കു തികച്ചും ഉപരിയായി നിലകൊള്ളുന്നു.

## സൗജന്യവിതരണ ഫണ്ട്

മി. മാണി ജോസഫ്, ബാങ്ക് ഓഫ് കോമേഴ്സ് ക്ലീപ്പം, പൂവരണി ക. 6

മി. ഗ്രിഗരി വെട്ടിക്കൽ, മുക്കന്നൂർ ക. 1—0—0




പിതാവു്: "സാറിനു നിന്നെപ്പററി നല്ല അഭിപ്രായമാണോ?"

തോമസ്: "ഓഹോ ഞാനാണു് സ്കൂളിലേക്കുവച്ചു് സമർത്ഥനായ കുട്ടിഎന്നാണു് അദ്ദേഹത്തിൻെറ അഭിപ്രായം."

"നീ അതെങ്ങനെ അറിഞ്ഞു?"

"ഇന്നലെ അദ്ദേഹം എന്നോടു പറയുകയാണു്, സ്കൂളിലെ കുട്ടികളെല്ലാം എന്നെപ്പോലെയുള്ളവരായിരുന്നെങ്കിൽ അദ്ദേഹം വാദ്ധ്യാർജോലി നിറുത്തി വീട്ടിൽ ചെന്നിരിക്കമായിരുന്നെന്നു്."

* * *

"നിങ്ങളുടെ പശുവിനു മൂന്നുനാഴി പാലേ ഉള്ളു എന്നല്ലെ നിങ്ങൾ പറഞ്ഞതു്?"

"അതെ. പശുവിനു് ഇപ്പോഴും മൂന്നു നാഴിതന്നേയുള്ളു. പിന്നെ എൻെറ പരിശ്രമംകൊണ്ടാണു് നാലു നാഴിയായതു്."

* * *

ഗൃഹനായിക: "എൻെറ മുമ്പിലത്തെ വേലക്കാരിയെ അപേക്ഷിച്ചു് രണ്ടു ദിവസത്തെ ആഹാരം നീ ഒരു ദിവസം കഴിക്കുന്നുണ്ടു്."

വേലക്കാരി: "അതിനെന്താ, അവൾ ഇവിടെ നിന്നതിൻെറ ഇരട്ടി ദിവസം ഞാനിവിടെ നിന്നേക്കാം."

* * *

അദ്ധ്യാപകൻ: "മാർത്താണ്ഡവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് സിംഹാസനാരോഹണം ചെയ്തശേഷം ആദ്യമായി ചെയ്ത കൃത്യമെന്താണു്?"

തോമസ്: "അദ്ദേഹം ആ സിംഹാസനത്തിൽ ഒന്നിരുന്നുകാണും."

* * *

ഡോക്ടർ: "നിങ്ങളുടെ അമ്മാവിയമ്മയുടെ ശരീരത്തിൽ കുറെ രക്തം കുത്തിവയ്ക്കേണ്ടതായിട്ടാണിരിക്കുന്നതു്. ഇവിടെ അന്വേഷിച്ചതിൽ അവരുടെ രക്തത്തോടു സാമ്യമുള്ള രക്തം കാണുന്നില്ല."

സ്ത്രീ: "ഒരു പെൺകടുവായുടെ രക്തം ഒന്നു പരീക്ഷിച്ചു നോക്കരുതായിരുന്നില്ലേ?"

## നിങ്ങൾക്കറിയാമോ?

(2-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1. ജറുസലം, അന്ത്യോക്യ, റോമ. 2. അന്ത്യോക്യ, സൈപ്രസ്, പംഫീലിയ, പിസീഡിയ, സിറിയ, സിസിലിയ, സിലാസ്, ഗലാത്തിയ, ഫ്രീജിയ, മാസിഡോണിയ, ഫിലിപ്പിയ, കേസറിയ, എഫെസൂസ്, കൊറീന്തിയ മുതലായവ. 3. കപ്പദോഷ്യ, ഗലാത്തിയ, ബിത്തീനിയ, ഷീത്തിയ (റഷ്യ) ബിസാൻസിയം, ത്രേസ്, മാസിഡോണിയ, തെസ്സലി, അക്കായിയ.

## കണക്കു്

നിങ്ങളുടെ പിതാവിൻെറ വയസ്സെടുത്തു അതിനെ 2 കൊണ്ടു ഗുണിക്കുക. എന്നിട്ടു് 5 കൂട്ടുക. ആ സംഖ്യയെ 50 കൊണ്ടു ഗുണിക്കുക. അനന്തരം നിങ്ങളുടെ വയസ്സു് കൂട്ടുക. ഒരു കൊല്ലത്തിലെ ദിവസങ്ങൾകൂടി കൂട്ടുക. ആ തുകയിൽനിന്നു 615 കുറയ്ക്കുക. അവസാനത്തെ രണ്ടക്കം നിങ്ങളുടെ വയസ്സും ബാക്കിയുള്ളവ നിങ്ങളുടെ പിതാവിൻെറ വയസ്സും കാണിക്കും.

## കുട്ടികളെ സ്വീകരിച്ചു

ഏപ്രിൽ 2-ാംനു പരിശുദ്ധ പിതാവു പ്രാർത്ഥനയിലും ധ്യാനത്തിലുമാണു് ചെലവഴിച്ചതു്. അന്നു 50,000 ബാലികാബാലന്മാരുടെ ഒരു സംഘത്തിനു മാത്രമേ സന്ദർശനമനുവദിച്ചുള്ളു. പ. പിതാവു് അവരോടുകൂടി ഒരുമണിക്കൂർ സമയം വത്തിക്കാൻ അങ്കണത്തിൽ ചുറ്റിസഞ്ചരിക്കുകയും അവർക്കെല്ലാം ബൺ വിതരണംചെയ്യുകയും ചെയ്തു.

## സന്യാസികൾ

പ്രോട്ടസ്റ്റൻറു് നവീകരണത്തിനുശേഷം ഇദംപ്രഥമമായി സിസ്റ്റേർഷൻ സന്യാസികൾ ഡൻമാർക്കിൽ പ്രവേശിച്ചു് വാസമുറപ്പിച്ചിരിക്കുന്നു.

Sathya Deepam

Vol. 22 Ernakulam May 4, 1949 No. 35

വേദശാസ്ത്രപംക്തി

## സ്ഥൈര്യലേപനം

### ശ്രദ്ധേയങ്ങളായ വ്യവസ്ഥകൾ

നമ്മെ ക്രിസ്തുവിന്റെ ധർമ്മഭടന്മാരാക്കുന്ന ഈ കൂദാശയുടെ സാധാരണ കാർമ്മികൻ മെത്രാനാകുന്നു. അതിന്റെ യുക്തിയുക്തത സുവ്യക്തമാണ്. തിരുസ്സഭയിൽ മെത്രാനാണല്ലോ സൈന്യാധിപൻ. സൈന്യാധിപന്റെ അധികാരപരിധിയിൽ പെട്ടതത്രെ സേനാനികളെ തെരഞ്ഞെടുത്തു വേണ്ട പരിശീലനം നൽകി വിവിധരണാങ്കണത്തിലേക്കു നിയോഗിക്കുക എന്നതു്. അതുപോലെതന്നെ ദൈവരാജ്യത്തിന്റെ ശത്രുക്കളോടു പടവെട്ടുന്നതിനു നമ്മെ സജ്ജമാക്കേണ്ട ചുമതലയും അവകാശവും സൈന്യാധിപനായ മെത്രാനിൽ നിക്ഷിപ്തമാകുന്നു.

എന്നാൽ സർവ്വസൈന്യാധിപനായ മാർപ്പാപ്പാക്കു്, ക്രിസ്തുവിന്റെ സൈന്യഗണത്തിൽ പടയാളികളെ ചേർക്കുവാനുള്ള ഈ അധികാരം ഏതൊരു വൈദികനും കൊടുക്കാവുന്നതാണ്. പരിശുദ്ധ സിംഹാസനത്തിന്റെ അനുമതിയില്ലാതെ വൈദികർ ഈ കൂദാശ കൊടുക്കുന്നപക്ഷം അതു വാസ്തവമാകയില്ല. ചില പൗരസ്ത്യസഭകളിൽ വൈദികർ ഈ കൂദാശ നൽകുന്ന പതിവു് പരിശുദ്ധ സിംഹാസനത്താൽ അംഗീകൃതമാണെന്നുള്ളതു് പ്രകൃതത്തിൽ സ്മരണീയം തന്നെ. തിരുസ്സഭയുടെ പൊതുനിയമത്താൽ കർദ്ദിനാളന്മാർ, വികാരി അപ്പസ്തോലിക്കമാർ, പ്രീഫെക്ട് അപ്പസ്തോലിക്കമാർ, ആബാസ് അഥവാ പ്രെലാത്തുസ് നുള്ളിയൂസ് എന്ന സ്ഥാനമുള്ളവർ എന്നിവർക്കും സ്ഥൈര്യലേപനം നടത്തുന്നതിനുള്ള അധികാരം നൽകപ്പെട്ടിട്ടുണ്ടു്.

ഗ്രീക്കു റീത്തിലും മിക്കവാറും എല്ലാ പൗരസ്ത്യ റീത്തുകളിലും ഇപ്പോഴും നടപ്പിലിരിക്കുന്നതുപോലെ, തിരുസ്സഭ മുഴുവനിലും 12-ാം നൂറ്റാണ്ടുവരെ ശിശുക്കൾക്കു മാമ്മോദീസായോടുകൂടെത്തന്നെയാണ് ഈ കൂദാശ നൽകിയിരുന്നതു്. 788-ാം കാനോനയനുസരിച്ചു് തിരിച്ചറിവിന്റെ പ്രായമാകുന്നതിനു മുൻപു് ഇപ്പോൾ ലത്തീൻ റീത്തിൽ കുട്ടികൾക്കു് സ്ഥൈര്യലേപനം സാധാരണയായി നൽകാവുന്നതല്ല. മരണാപകടത്തിൽ കിടക്കുന്ന കുട്ടികളെ ഈ നിയമം ബാധിക്കുന്നതല്ല. കേരളത്തിലെ കൽദായ സുറിയാനി റീത്തിൽ ലത്തീൻ റീത്തിലെയും മലങ്കര അന്ത്യോഖ്യാറീത്തിൽ പൗരസ്ത്യ സഭകളിലെയും നിയമങ്ങളാണ് അനുസരിച്ചു പോരുന്നതു്.

സ്ഥൈര്യലേപനം സ്വീകരിക്കുന്നയാളിനെ "തലതൊടുന്നതിനു" ഒരാൾ മാത്രമേ ഉണ്ടായിരിക്കാവൂ; പുരുഷനു പുരുഷനും സ്ത്രീക്കു സ്ത്രീയും. അയാളും സ്ഥൈര്യലേപനം സ്വീകരിച്ചിട്ടുണ്ടായിരിക്കണം. ശീശ്മയിലോ ഇടത്തൂടിലോ ഉൾപ്പെട്ട ആൾ ആയിരിക്കരുതു്. കൂദാശ സ്വീകരിക്കുന്ന ആളിന്റെ പിതാവോ മാതാവോ, ഭർത്താവോ, ഭാര്യയോ ആയിക്കൂടാ. സ്ഥൈര്യലേപനത്തിന്റെ സമയത്തു അതു സ്വീകരിക്കുന്ന ആളിന്റെ ദേഹത്തു തൊടണം. മാമ്മോദീസായോടൊന്നിച്ചല്ല ഈ കൂദാശ കൊടുക്കുന്നതെങ്കിൽ തക്ക കാരണവും അനുവാദവും കൂടാതെ, മാമ്മോദീസായിൽ തലതൊടുന്ന സ്ഥാനം വഹിച്ച ആൾ ആയിരിക്കരുതു്. പതിന്നാലുവയസ്സു തികഞ്ഞിട്ടുണ്ടായിരിക്കണം. സന്യാസസഭാംഗത്തിനോ, വൈദികനോ ഈ സ്ഥാനം വഹിക്കണമെങ്കിൽ തക്ക കാരണവും മേലധികാരികളുടെ അനുവാദവും ആവശ്യമാണ്.

തലതൊടുന്ന ആളും, സ്ഥിരീകൃതനാകുന്ന ആളും തമ്മിൽ ആദ്ധ്യാത്മികബന്ധം ഉളവാകുന്നുണ്ടു്. സ്ഥിരീകൃതന്റെ ക്രിസ്തീയശിക്ഷണം, സ്വന്തം മാതാപിതാക്കന്മാർ അതിനു അശക്തരെങ്കിൽ, തലതൊടുന്ന ആളുടെ ചുമതലയിൽ പെടുന്നു. ഈ ആദ്ധ്യാത്മികബന്ധം ലത്തീൻകാർക്കു വിവാഹത്തിനു പ്രതിബന്ധമാകുന്നില്ല. എന്നാൽ കൽദായറീത്തിൽ ഈ ബന്ധമുള്ളവർ തമ്മിൽ നടക്കുന്ന വിവാഹം അസാധുവാകുന്നതാണ്.

സ്ഥൈര്യലേപനം നിത്യരക്ഷയ്ക്കു അവശ്യം ആവശ്യമായ ഒരു കൂദാശയല്ലതന്നെ വരപ്രസാദത്തിൽ സ്ഥിതിചെയ്യുന്നവരാണ് ഈ കൂദാശ കൈക്കൊള്ളുന്നതു്. അതുകൊണ്ടു് ഈ കൂദാശ സ്വീകരിച്ചില്ലെങ്കിലും, മുമ്പേതന്നെ പ്രസാദവരം അവരിൽ ഉള്ളതുകൊണ്ടു് മോക്ഷരാജ്യത്തിനു് അവർ അവകാശികളാകുന്നു. എന്നാൽ അനാസ്ഥകൊണ്ടോ അവജ്ഞകൊണ്ടോ ഇതു സ്വീകരിക്കാതിരിക്കുകയോ, തങ്ങളുടെ കീഴുള്ളവർ സ്വീകരിക്കുന്നതിനു ഉത്സാഹിക്കാതിരിക്കുകയോ ചെയ്യുന്നതു കുറ്റകരമായിരിക്കും.



അ. കേ. ക. കോൺഗ്രസ് 24-ാം വാർഷികസമ്മേളനം ഉൽഘാടനം ചെയ്ത മദ്രാസ് മെത്രാപ്പോലീത്ത മോസ്റ്റ് റവ. ഡോക്ടർ ലൂയിസ് മത്തിയാസ് ഡി. ഡി. തിരുമനസ്സുകൊണ്ടു്.

മക്കളുടെ കാര്യത്തിൽ മാതാപിതാക്കന്മാരും, ഇടവക ജനങ്ങളുടെ കാര്യത്തിൽ ആത്മീയാധികാരികളും ശ്രദ്ധിച്ചു്, അവരെ വേണ്ടവിധം ഒരുക്കി ഈ കൂദാശ നൽകുന്നതിനു ശ്രമിക്കേണ്ടതാണ്. അപകടം നിറഞ്ഞ ഈ ലോകജീവിതത്തിൽ പരിശുദ്ധാത്മാവിന്റെ ദാനങ്ങളുടെ ആവശ്യകത മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ.

ഉപസംഹാരം

നമ്മിൽ മിക്കവരും ഈ കൂദാശ സ്വീകരിച്ചിട്ടുള്ളവരാണ്; ഇതേവരെ സ്വീകരിക്കാത്തവർ അടുത്തുതന്നെ അതു സ്വീകരിക്കുകയും വേണം. സ്ഥൈര്യലേപനം വഴിയായി നമ്മുടെ ആത്മാക്കൾ പരിശുദ്ധാത്മാവിന്റെ വാസസ്ഥലമായിത്തീരുന്നുവെന്നും അവിടുത്തെ അനർഘദാനങ്ങളാൽ സമലംകൃതമാകുന്നെന്നും ചിലപ്പോഴെല്ലാം അനുസ്മരിക്കുന്നതു നന്നു്. വിശുദ്ധ പത്രോസിന്റെ ഭീരുത്വവും, വിശുദ്ധ തോമായുടെ അവിശ്വാസവും നമ്മുടെ ആത്മാവിനെ വലയം ചെയ്യുമ്പോൾ, അവർക്കു ധൈര്യവും പ്രകാശവും പ്രദാനം ചെയ്ത പരിശുദ്ധാത്മാവുതന്നെ നമ്മിലും ധീരതയുടേയും വിശ്വാസത്തിന്റേയും ഫലങ്ങൾ പുറപ്പെടുവിക്കും. അതിനായി നാം പ്രാർത്ഥിക്കണമെന്നുമാത്രം. അപ്പസ്തോലന്മാർ പരിശുദ്ധ കന്യകയുടെ നേതൃത്വത്തിൽ പരിശുദ്ധാത്മാവിനെ പ്രതീക്ഷിച്ചു് പ്രാർത്ഥിച്ചു. അതുപോലെ നാമും ആ സ്വർഗ്ഗീയ മാതാവിന്റെ അടുത്തിരുന്നു പ്രാർത്ഥിക്കുന്നപക്ഷം നമ്മുടെ ആത്മാവും പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ നിറയും. കലിഗുല ചക്രവർത്തിയുടെ മൃതദേഹം, അക്കാലത്തെ നടപ്പനുസരിച്ചു്, അഗ്നികുണ്ഡത്തിൽ ദഹിപ്പിക്കുകയായിരുന്നു. ആളിക്കത്തിയ തീയിൽ ദേഹമെല്ലാം ഭസ്മമായി. എന്നാൽ ഹൃദയം മാത്രം ദഹിക്കാതെ ശേഷിച്ചു. വിസ്മയഭരിതരായ ശാസ്ത്രപടുക്കൾ അതു എടുത്തു പരിശോധന നടത്തി. ഹൃദയാന്തർഭാഗത്തു വിഷബീജം അവർ കണ്ടുപിടിച്ചു. ആ വിഷത്തിന്റെ ശക്തികൊണ്ടാണ് തീയുടെ ശക്തി ഹൃദയത്തെ എരിയിപ്പിച്ചുകളയാഞ്ഞതു്. അവർ ആ വിഷത്തുള്ളികളെ പിഴിഞ്ഞെടുത്തുകളഞ്ഞു. അടുത്ത നിമിഷത്തിൽ ഹൃദയം ചാമ്പലായി. പരിശുദ്ധാത്മാവിന്റെ അഗ്നിജ്വാല നമ്മുടെ ഹൃദയത്തിൽ ദൈവസ്നേഹത്തെ കത്തിയെരിയിപ്പിക്കുന്നില്ലെങ്കിൽ നമുക്കു ദുരിതം! ഹൃദയത്തിൽ സ്ഥിതിചെയ്യുന്ന പാപവിഷത്തിനു മാത്രമേ ആ ദിവ്യാഗ്നിയുടെ പ്രവർത്തനത്തെ മന്ദീഭവിപ്പിക്കുന്നതിനോ തടസ്സപ്പെടുത്തുന്നതിനോ സാധിക്കയുള്ളൂ.

T. K.

## 30,000,000

## മാനസാന്തരങ്ങൾ

ആഫ്രിക്കായിലിപ്പോൾ ഒരു കോടി അൻപതുലക്ഷം കത്തോലിക്കരാണുള്ളതു്. അടുത്ത പത്തുപന്ത്രണ്ടു കൊല്ലങ്ങൾക്കകം ആ സംഖ്യ രണ്ടിരട്ടിയോ മൂന്നിരട്ടിയോ ആയി വർദ്ധിക്കാനിടയുണ്ടെന്നു ഫാത്തിമായിലെ മിഷൻ സെമ്മിനാരിയുടെ റക്ടറായ ഫാദർ ജോൺ ഡി മാർച്ചി പ്രസ്താവിച്ചിരിക്കുന്നു.

## GLEANINGS

HOW TO SPOIL A CHILD

1 Begin by giving him whatever he cries for, and whenever he wants it.

2 Tell your friends in his presence how sharp and clever he is.

3 Let him hear his parents quarrel.

4 Tell him he is too much for you.

5 Let him stay away from school, and Mass on Sundays, if he wants to.

6 Show him that money is your chief aim in life.

7 Punish him if he annoys you, but not if he annoys other people.

8 Let him go where he likes.

9 Take his part against the teacher.

10 Tell him what he ought to do (especially when he is in bad temper); but avoid doing the same yourself.

11 Never mind what companions he chooses.

12 Discuss your acquaintances before him and show him how little you respect them. *The Liguorian*

* *

It isn't the youngster who needs correction. Nine times out of ten, it's the parent. *Father Flanagan*

* *

Mrs. Hooplemeyer was awakened late one night by a knocking on the door. Sticking her head out the window, she called, "Who is it? Vat do you vant?"

"Are you Mrs. Hooplemeyer?" the man on the step asked.

"Yes."

"Well, I'm Mr. Kelly from the pool room up the street. Your husband plays poker there every evening."

"Vell, I know dat."

"He was playing tonight and lost $ 2,000."

"Mein Gott, $ 2,000! He should drop dead."

"That's what he did, madam. Goodnight."

* *

A young couple asked the parson to marry them immediately following the Sunday morning service. When the time came, the minister arose to say:

"Will those who wish to be united in the holy bonds of matrimony please come forward?"

There was a great stir as thirteen women and one man approached the altar.

* *

Abraham Lincoln, as a young lawyer, was pleading two cases the same day before the same judge.

Both of these cases involved the same principle of law, but in one he appeared for the defendant, in the other he spoke for the plaintiff.

In the morning he made an eloquent plea and won his case. In the afternoon he took the opposite side and was arguing with the same earnestness. The judge, with a half smile, inquired as to the cause of his change in attitude.

"Your honour," said Lincoln, "I may have been wrong this morning, but I know I'm right this afternoon." *The Liguorian*

*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam